# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



ആഗസ്റ്റ് 15 – പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാൾ

Vol. LXIX August 2019 No. 8




**ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ പാലായിൽ സംഘടിപ്പിച്ച ദീപിക പ്രതിനിധി സമ്മേളനം**




**എ.കെ.സി.സി. പാലാ രൂപതാ സമിതി കുറവിലങ്ങാട് സംഘടിപ്പിച്ച മാർത്തോമ്മാ മാർഗം അഭിവന്ദ്യ ബിഷപ് ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.**



**ഡി.എസ്.റ്റി. സുവർണ്ണ ജൂബിലി**

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**AUGUST 2019**
**Vol. LXIX No. 8**

## CONTENTS


സർക്കുലർ - കെ.സി.ബി.സി. .................................... 703

സർക്കുലർ - കെ.സി.ബി.സി. .................................... 711

Transfer List ............................................ 714

അറിയിപ്പ് ................................................ 715

ലേഖനം .................................................. 723

Prayer Day List ........................................ 736

വാർത്തകൾ ............................................... 737

ആദരാഞ്ജലികൾ ......................................... 777

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................ 784

Bishops' Engagements ................................. 793

## 2019 ആഗസ്റ്റ് 11 ഞായർ

## തടവറ പ്രേഷിത ദിനം

### കെസിബിസി ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ സഭാമക്കളുടെ പങ്കിനെപ്പറ്റി പ്രതിപാദിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1887 മാർച്ച് 17-ന് പാരീസുകാരിയായ മരീ റെഗ്നോൾട്ട് അവളുടെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അവളുടെ കഴുത്ത് മുറിക്കപ്പെട്ടിരുന്നു. വാതിലിനടുത്ത് അവളുടെ വേലക്കാരിയായ അനീറ്റയുടെ മൃതദേഹം കിടന്നിരുന്നു. അവളുടെ കഴുത്തിനും മുറിവുണ്ടായിരുന്നു. അവളുടെ കിടക്കയിൽ വേലക്കാരിയുടെ മകൾ മരീയും മരിച്ചു കിടന്നിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ക്രൂരത കാണിച്ചതെന്ന് ന്യൂയോർക്ക് ടൈംസ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ പോലീസ് കുറ്റവാളിയായ ഫ്രാൻസീനിയെ പിടികൂടി. അയാൾക്ക് മൂന്നു കൊലപാതകക്കുറ്റങ്ങൾക്കുള്ള വധശിക്ഷ വിധിക്കപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ ലിസ്യുവിലെ കൊച്ചുത്രേസ്യയ്ക്ക് പതിനാലു വയസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാലും അതിൽ ഇടപെടാൻ താൻ നിർബന്ധിക്കപ്പെടുന്നതായി അവൾക്കു തോന്നി. "ഒരാത്മാവിന്റെ കഥ" എന്ന ആത്മകഥയിൽ അവൾ ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഫ്രാൻസീനി മനസ്തപിക്കാതെ മരിക്കുമെന്ന് അവൾക്കു തോന്നി. അയാളെ നരകത്തിൽ വീഴാതെ എന്തു വിലകൊടുത്തും രക്ഷിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ഫ്രാൻസീനിയെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കർത്താവിന്റെ അനന്ത യോഗ്യതകൾ അവൾ ദൈവത്തിനു കാഴ്ചവച്ചു. വിശുദ്ധ കുർബാനകൾ കാഴ്ചവച്ചു, പരിത്യാഗങ്ങൾ അനു

ഷ്ഠിച്ചു. 1887 സെപ്റ്റംബർ 1-ാം തീയതി പത്രത്തിൽ ഇങ്ങനെ വായിച്ചു: പ്രാൻസീനിയുടെ തല വധയന്ത്രത്തിൽ വയ്ക്കാൻ തുടങ്ങിയപ്പോൾ അയാൾ തിരിഞ്ഞ് പുരോഹിതൻ നീട്ടിപ്പിടിച്ച ക്രൂശിത രൂപത്തിൽ പിടിച്ച് തിരുമുറിവുകളെ മൂന്നുപ്രാവശ്യം ചുംബിച്ചു. "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും" (ലൂക്കാ 15,7) എന്ന് പ്രഖ്യാപിക്കുന്ന യേശുവിന്റെ കരുണാപൂർവകമായ വചനം കേട്ട് അയാൾ ലോകം വിട്ടു പോയി.

തടവുകാരെ നിത്യനാശത്തിൽനിന്നു സ്വതന്ത്രരാക്കാൻ കത്തോലിക്കരായ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യയ്ക്കെന്നപോലെ വലിയ ഉത്തരവാദിത്വമുണ്ട്. തടവുകാരുടെ ദയനീയ സ്ഥിതിയെപ്പറ്റി നാം ചിന്തിച്ചിട്ടുണ്ടോ? അവരുടെ സഹനം? അപമാനം? പ്രതീക്ഷയില്ലായ്മ? നിസ്സഹായമനോഭാവം? മനുഷ്യത്വത്തിനു യോജിക്കാത്ത അവസ്ഥകൾ? അവരുടെ കുടുംബങ്ങൾ? ഇരകളാക്കപ്പെട്ടവരും അവരുടെ കുടുംബങ്ങളും? മിക്കപ്പോഴും തടവറകൾ തിങ്ങിഞെരുങ്ങിയതും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്തതും അനാരോഗ്യപരവും സാമ്പത്തിക പരിമിതികളാൽ ശോചനീയവുമായി കാണപ്പെടാറുണ്ട്. നാം എന്നെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ: അവർക്ക് ഒരു എഴുത്തയച്ചിട്ടുണ്ടോ? അവരെ സന്ദർശിച്ചിട്ടുണ്ടോ? ഇത് കർത്താവു തന്നെ പറഞ്ഞതാണ്: "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചോ?" സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കസഭ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായ വി. മാക്സ് മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവുകാർക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. യേശുസാഹോദര്യ ശുശ്രൂഷാ ഞായർ എന്നാണ് അത് അറിയപ്പെടുന്നത്.

ക്രിമിനൽ പോളിസി ഇൻസ്റ്റിറ്റൂട്ടിന്റെ (ICPR) റിപ്പോർട്ട് അനുസരിച്ച് 2018 സെപ്റ്റംബർ 30-ന് ലോകത്തിൽ ഒരു കോടി ഏഴുലക്ഷത്തിനാല്പത്തിമൂവായിരത്തി അറുനൂറ്റി പത്തൊമ്പത് തടവുകാരുണ്ട്. ഇന്ത്യയിൽ നാലുലക്ഷത്തി പത്തൊമ്പതിനായിരത്തി അറുനൂറ്റി ഇരുപത്തിമൂന്ന് സഹോദരങ്ങൾ തടവറകളിലുണ്ട്. അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ സന്ദർശിക്കാനും അവരുടെ മോചനത്തിനുവേണ്ടിയുള്ള നിയമാനുസൃതമായ പ്രക്രിയയിൽ സഹായിക്കാനും അവരുടെ ജീവിത നവീകരണം, പുനരധിവാസം, അവരുടെ കുടുംബങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കാനും നമുക്ക് കടമയുണ്ട്; എന്തെന്നാൽ തടവറക്കാർ നമ്മുടെ സഹോദരങ്ങളാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ (ഉത്പ.1:27). കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് നമ്മിൽ ഭൂരിഭാഗം ആളുകളും. അതു കുറെയൊക്കെ സാധൂകരിക്കാവുന്നതുമാണ്. കുറ്റങ്ങൾ കുറയ്ക്കാൻ അത് സഹായകരമാണെന്നു പൊതുവേ കരുതപ്പെടുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുവാൻ ഇടയാക്കുന്നു എന്ന് സമ്മതിക്കണം. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണമെന്ന് തിരുസഭ സഭാമക്കളെ ഓർമ്മിപ്പിക്കുന്ന ദിനമാണിന്ന്.

യേശു പ്രത്യേകമായ വിധത്തിൽ തടവറക്കാരെയും വേശ്യകളെയും ചുങ്കം പിരിക്കുന്നവരെയും കുറ്റവാളികളെയും സ്നേഹിക്കുകയും അവരെ രക്ഷിക്കാൻ തന്റെ രക്തം ചിന്തുകയും ചെയ്തു. അവിടുന്നു പറഞ്ഞു: “ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കുമുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശി

ക്കുക" (മത്തായി 21:31). അവിടുന്ന് മത്തായിയുടെ ചുങ്കപ്പിരിവു കേന്ദ്രം സന്ദർശിക്കുകയും അദ്ദേഹത്തെ തന്റെ ശിഷ്യനാക്കുകയും ചെയ്തു. പാപികളുടെയും ചുങ്കക്കാരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ യേശു പറഞ്ഞു, താൻ നീതിമാന്മാരെ വിളിക്കാനല്ല പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് വന്നതെന്ന് (ലൂക്കാ 5 :32). നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു "ബന്ധനസ്ഥർക്ക് മോചനം പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" എന്നും (ലൂക്കാ 4:18). താൻ വിശക്കുന്നവരിലും ദാഹിക്കുന്നവരിലും വിജാതീയരിലും ദരിദ്രരിലും രോഗികളിലും ബന്ധനസ്ഥരിലും ജീവിക്കുന്നു എന്നും വെളിപ്പെടുത്തിയിരിക്കുന്നു (മത്തായി 25:31–46).

തടവറ ശുശ്രൂഷാ ഞായറാഴ്ചയുടെ 2019– ലെ പ്രമേയം " ഭിത്തികൾ തടവറകൾ സൃഷ്ടിക്കുന്നില്ല" എന്നതാണ്. റിച്ചാർഡ് പോളിന്റെ 'തടവറയിൽനിന്ന് അൾത്താരയിലേക്ക്' (From prison to the Altar) എന്നു പേരുള്ള കവിതയിൽ നിന്നാണ് ഈ ആപ്തവാക്യം എടുത്തിട്ടുള്ളത്. വെസ്റ്റ് മിനിസ്റ്റർ ആബിയുടെ അടുത്തുള്ള ഗെയ്റ്റ് ഹൗസ് പ്രിസൺ എന്ന ജയിലിൽ തടങ്കൽ വാസമനുഭവിക്കുമ്പോഴാണ് ഈ കവിത അദ്ദേഹം എഴുതിയത്. കരിങ്കൽ ഭിത്തികളും ഇരുമ്പഴികളും സ്വതന്ത്രമായ ശാരീരിക ചലനത്തിൽ നിന്ന് വ്യക്തികളെ തടയുന്നു. പക്ഷേ, ഇനിയും സ്വതന്ത്രമായി സ്നേഹിക്കാൻ കഴിയുമെങ്കിൽ അവരുടെ ചിന്തകൾ സ്വതന്ത്രമായി പറക്കുന്നു. അപ്പോൾ അവർ ഹൃദയത്തിലും മനസ്സിലും ആത്മാവിലും സ്വതന്ത്രരാണ്. ജയിൽവാസം ഒരുവന്റെ ചിന്തകളെയും ഭാവനയെയും സ്വപ്നങ്ങളെയും കാഴ്ചകളെയും, ഉൾക്കാഴ്ചകളെയും പദ്ധതികളെയും തടയുന്നില്ല. നിങ്ങൾക്ക് മനസ്സിന്റെ ശരിയായ ചട്ടക്കൂടുണ്ടെങ്കിൽ, നിങ്ങളുടെ മനസ്സ് നിഷ്കളങ്കവും പ്രശാന്തവുമാണെങ്കിൽ മറ്റുള്ളവർ തടവറയായി കാണുന്നതിനെ അഭയകേന്ദ്രമായി, ആശ്രയമായി കാണാനാവും. അവിടെ പരിഷ്കാരങ്ങളും ജീവിതനവീകരണങ്ങളുമുണ്ടാകും.

എന്തെന്നാൽ, ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1:37).

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2019 ജനുവരി 25-ന് പനാമയിലെ ലാസ് ഗർസാസ് ദെ പക്കോറാ എന്ന സ്ഥലത്ത് പ്രായപൂർത്തിയാവാത്തവരെ തടവിൽ പാർപ്പിക്കുന്ന കേന്ദ്രത്തിൽ നടത്തിയ അനുതാപ ലിറ്റർജിയിൽ പാപികളെയും കുറ്റക്കാരെയും അകറ്റിനിർത്താൻവേണ്ടി സമൂഹം അദൃശ്യഭിത്തികൾ നിർമ്മിക്കുന്നതിനെ അപലപിച്ചു. അദ്ദേഹം പ്രഭാഷണത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു: “തിന്മയെ നന്മ കൊണ്ടും ദ്രോഹത്തെ ക്ഷമകൊണ്ടും കീഴടക്കാനും എല്ലാവരോടും സമാധാനത്തിൽ ജീവിക്കാനും വേണ്ടി ഭിത്തികൾ നിർമിക്കാതെ പാലങ്ങൾ നിർമ്മിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.” ലോകത്തിലെല്ലാം വധശിക്ഷ ഇല്ലാതാക്കാൻ ഫ്രാൻസിസ് പാപ്പാ പരിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തോട് ചേർന്നു നിൽക്കാം. കാരണം, വധശിക്ഷ മനുഷ്യത്വത്തെ ആക്രമിക്കലാണ്. ഇത്തരുണത്തിൽ ഭാരതത്തിൽ ഈ അടുത്തിടെ പാസ്സാക്കിയ വധശിക്ഷാനിയമം - കുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിക്കുന്നവർക്കുള്ള വധശിക്ഷാനിയമം - ഏറെ വേദനയോടെയാണ് കാണുന്നത്. കുഞ്ഞുങ്ങൾക്കും വെല്ലുവിളികൾ നേരിടുന്നവർക്കും എതിരേ നടക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾ തീർത്തും അപലനീയവും ഗൗരവമായ കുറ്റവും ആണ്. എന്നാൽ അതിന്റെ പേരിൽ കുറ്റക്കാരെ വധിക്കുന്ന നിയമം വീണ്ടും അപകടകരവും മനുഷ്യത്വഹീനവുമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുകതന്നെ വേണം.

യേശുസാഹോദര്യകൂട്ടായ്മയുടെ അഥവാ തടവറ പ്രേഷിത കൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 33 വർഷങ്ങളായി കേരളത്തിലെ 55-ഓളം വരുന്ന ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക്

ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസിലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ല ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുകയും ചെയ്യുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ജയിൽ മോചിതരായ വരെയും അവരുടെ മക്കളെയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 33 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങ ളാണ്.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽത്തന്നെ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. 2550-ൽ പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 -ൽ

ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസി പ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യു ന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 33 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46ഓളം യൂണിറ്റുകളിലായി 1000 -ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോ ക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവക യിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റി യുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകു ന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീ സിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥി ക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ്സ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**

വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**

വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

---

N:B: 2019 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3208/K-5/KCBC/OL/DS 20.7.2019

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2019

## ആഗസ്റ്റ് 18, ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച നീതിഞായർ (ജസ്റ്റീസ് സൺഡേ) ആയി ആചരിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ തുല്യനീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവരോടുള്ള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം നവീകരിക്കുന്ന ദിവസമാണിത്. ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടും ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉദാരമായി പങ്കുചേർന്നുകൊണ്ടും ഈ ദിനം കൂടുതൽ ഫലവത്താക്കാൻ നമുക്ക് പരിശ്രമിക്കാം.

തന്റെ നാമത്തെപ്രതി പീഡിപ്പിക്കപ്പെടുകയോ തരംതാഴ്ത്തപ്പെടുകയോ ചെയ്യുന്നവരോട് യേശു പറഞ്ഞത് 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്നാണ്. ഈ വസ്തുത ഫ്രാൻസിസ് പാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലികാഹ്വാനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു (നമ്പർ 1). നമ്മുടെ വിശ്വാസത്തെ പ്രതി ഈ ലോകത്തിൽ നമുക്കു നേരിടേണ്ടിവരുന്ന പ്രതികൂല അനുഭവങ്ങളുടെ മധ്യേ നമുക്കുണ്ടാകേണ്ട മനോഭാവം എന്തെന്ന് യേശുവിന്റെ ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ലോകത്തുള്ള മറ്റെന്തിനെക്കാളും ഉപരിയായി ദൈവസ്നേഹത്തെ നാം വിലമതിക്കുകയാണെങ്കിൽ വിശുദ്ധ പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും പറയാൻ കഴിയും: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും?" (റോമ 8:35-39). സഹനങ്ങളുടെ മധ്യേയും

യേശുവിന്റെ സ്നേഹം അനുഭവിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറുവാൻ നമുക്കു കഴിയും. യേശു അരുൾചെയ്തതു പോലെ 'ശത്രുക്കളെ സ്നേഹിക്കുകയും ദ്രോഹിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുകയും, ചെയ്താൽ നമുക്കു സ്വർഗസ്ഥ നായ പിതാവിന്റെ മക്കളായിത്തീരാം (മത്താ 5:4348).

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവേചനത്തിനിര യായി വേദനയനുഭവിക്കുന്ന സഹോദരങ്ങളുടെ നേരെ കണ്ണു കളടയ്ക്കുവാൻ ഒരു ക്രിസ്തുവിശ്വാസിക്ക് കഴിയുകയില്ല. അവ രുടെ സഹനങ്ങളിൽ പങ്കുചേരുകയും അവരുടെ ഉന്നമനത്തി നാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യാൻ നമു ക്കേവർക്കും കഴിയണം. പ്രത്യേകിച്ച്, അവരുടെ സഹനത്തി ന്റെയും കഠിനാധ്വാനത്തിന്റെയും നല്ല ഫലങ്ങളനുഭവിക്കുന്ന വർ അവരുടെ ക്ഷേമത്തിനായി സ്വയം ത്യാഗം ചെയ്യാനും അവ രുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും തയ്യാറാകണം.

സഭയ്ക്കുള്ളിൽ ജാതിവിവേചനത്തിന്റേതായ എല്ലാ സമീപനങ്ങളും പൂർണമായി ഒഴിവാക്കാനും സഭയിൽ പ്രത്യേക പരിഗണന നല്കി ദലിത് സഹോദരങ്ങളുടെ പ്രശ്നങ്ങൾ പരി ഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ദലിത് ശക്തീകരണനയം പ്രസിദ്ധീക രിച്ചിട്ടുണ്ട്. ഇത് പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഭാസമൂഹം ഒന്നിച്ച് പരിശ്രമിക്കണം. കേരള കത്തോലിക്കാ മെത്രാൻ സമിതി, ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) എന്ന പ്രസ്ഥാനത്തിലൂടെയാണ് ദലിത് സഹോദരങ്ങളുടെ സമഗ്രവികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെല്ലാം ദലിത് ക്രൈസ്തവരുടെ പങ്കാളിത്തം വർധിക്കേണ്ടതുണ്ട്. ഭവന നിർമ്മാണം, വിദ്യാഭ്യാസപ്രോത്സാഹനം, നേതൃത്വ പരിശീല നം, കരിയർ ഗൈഡൻസ്, സർക്കാരുമായുള്ള ബന്ധപ്പെടൽ തുടങ്ങിയ മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബഹുമാ നപ്പെട്ട മുഖ്യമന്ത്രിയെ നേരിൽക്കണ്ട് ദലിത് ക്രൈസ്തവ വിഷ യങ്ങൾ ചർച്ച ചെയ്യുകയും നിവേദനങ്ങൾ സമർപ്പിക്കുകയും

ചെയ്തിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷനുമായി തുടർചർച്ചകൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിവിധ സന്ന്യസ്തസഭകളുടെയും ഭക്തസംഘടനകളുടെയും രൂപതകളുടെയും സഹായസഹ കരണത്തോടെ ഭവനരഹിതരായ 300 ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5,25,00,000 (അഞ്ചു കോടി ഇരുപത്തഞ്ചു ലക്ഷം) രൂപയും വിദ്യാഭ്യാസ സ്കോളർഷിപ്പായി കഴിഞ്ഞവർഷം 3,52,000 (മൂന്നു ലക്ഷത്തി അൻപത്തിരണ്ടായിരം) രൂപയും ധനസഹായം നല്കിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ഭവനനിർമ്മാണം, വിദ്യാഭ്യാസ സ്കോളർഷിപ്പ് കൂടാതെ Talent and Skill Development Programme ഉം കലാവൈഭവമുള്ളവർക്ക് പ്രത്യേക പരിശീ ലനപരിപാടികളും ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾക്ക് വലിയ സാമ്പത്തിക സഹായം ആവശ്യമാണ്. ആഗസ്റ്റ് 18-ാംതീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച പൂർണമായും കെസി ബിസി SC/ST/BC കമ്മീഷന് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**

ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

---

N.B: 2019 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാ ലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# Transfer and Appointment
# June - July 2019

| Name | Office (Appointed/Relieved) | w.e.from |
|---|---|---|
| Fr. Jacob Pezhathunkal | Study, MBA, Christ University, Bangalore | 08.06.2019 |
| Fr. Joseph Kariappuram | Relieved Chaplain, SCJG Convent, Ezhumamthuruth | 10.06.2019 |
| Fr. Sebastian Mundumoozhikara | Appointed Chaplain, SCJG Convent, Ezhumamthuruth | 10.06.2019 |
| Fr. Mathew Chennattu | Appointed Consultant Clinical Psychologist, Mar Sleeva Medicity Palai, Cherpunkal (additional) | 10.06.2019 |
| Fr. Joseph Vattappillil | Appointed Secretary to H.E. Mar Jacob Muricken, Auxiliary Bishop and H.E. Mar Joseph Pallikaprampil, Bishop Emeritus (additional) | 24.06.2019 |
| Fr. Berchmans Kunnumpuram | Appointed Vicar, Koothattukulam (additional) | 24.06.2019 |
| Fr. Scaria Vekathanam | Appointed Pastoral Assistant, St. Joseph's Church, Paika (additional) | 25.06.2019 |
| Fr. Emmanuel Periappuram | Appointed Spiritual Director, St. Alphonsa Shrine Church and the Pilgrim Centre, Bharananganam | 20.07.2019 |
| Fr. John Mattam | Appointed Vicar, Valavoor | 20.07.2019 |
| Fr. Thomas Mannoor | Appointed Spiritual Director, Mar Aprem Seminary, Pala | 25.07.2019 |
| Fr. Joseph Karikulam | Relieved Spiritual Director, Mar Aprem Seminary, Pala | 25.07.2019 |

# പാലാ രൂപത
# പാസ്റ്ററൽ – പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സംയുക്ത സമ്മേളനം

പ്രിയ ബഹു. അച്ചാ / സിസ്റ്റർ / സാർ / സുഹൃത്തേ,

നമ്മുടെ രൂപത സ്ഥാപിതമായത് 1950 ജൂലൈ 25 – ാം തീയതിയാണല്ലോ. ഇപ്പോൾ എഴുപതാം വർഷത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. രൂപതയുടെ സപ്തതിയോടനുബന്ധിച്ച് പാസ്റ്ററൽ, പ്രസ്ബിറ്ററൽ കൗൺസിലുകളുടെ ഒരു സംയുക്തസമ്മേളനം **ആഗസ്റ്റ് മാസം 05–ാം തീയതി തിങ്കളാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ പാലാ കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച്** നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സമ്മേളനം ചങ്ങനാശ്ശേരി അതിരൂപത അദ്ധ്യക്ഷൻ **മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ** ഉദ്ഘാടനം ചെയ്യുന്നതും പാലാ രൂപതാദ്ധ്യക്ഷൻ **മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്** അദ്ധ്യക്ഷത വഹിക്കുന്നതുമാണ്.

പ്രസ്തുത സമ്മേളനത്തിലേയ്ക്ക് പാസ്റ്ററൽ കൗൺസിൽ, പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളെല്ലാവരേയും പ്രത്യേകം ക്ഷണിക്കുകയും അതിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് ഞാറക്കുന്നേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

**സിജു സെബാസ്റ്റ്യൻ കൈമനാൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

**2019 ആഗസ്റ്റ് 05 തിങ്കൾ**
**പാരീഷ് ഹാൾ, പാലാ കത്തീഡ്രൽ**
**രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ**

## ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

## *വിശുദ്ധ കുർബാന എഴുന്നള്ളിച്ചു കൊടുക്കുവാൻ ബഹു. സിസ്റ്റേഴ്സിന് പ്രത്യേക പരിശീലനം*

നമ്മുടെ ഇടവകകളിലെ പ്രത്യേക സാഹചര്യവും അജപാലന ആവശ്യങ്ങളും പരിഗണിച്ച് നമ്മുടെ രുപതയിൽ ഇടവകദൈവാലയത്തിൽ വിശ്വാസികൾക്ക് വി. കുർബാന എഴുന്നള്ളിച്ചു കൊടുക്കുവാൻ പരിശീലനം ലഭിച്ച ബഹു. സിസ്റ്റേഴ്സിന് 2011 നവംബർമാസം മുതൽ അനുവാദം നല്കിവരികയായിരുന്നല്ലോ. അതിനുവേണ്ടി 2011, 2013, 2016 എന്നീ വർഷങ്ങളിൽ രൂപതാകേന്ദ്രം, ബഹു. സിസ്റ്റേഴ്സിന് പ്രത്യേക പരിശീലനക്ലാസ്സുകളും, അതേതുടർന്ന് അഭിവന്ദ്യ പിതാവിന്റെ അനുമതിപത്രവും (സർട്ടിഫിക്കറ്റ്) നല്കിയിരുന്നു.

പുതുതായി ഈ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്നവർക്കുവേണ്ടി മാത്രമായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ബിഷപ്സ് ഹൗസിൽവച്ച് 2019 ആഗസ്റ്റ് മാസം 10-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ വൈകുന്നേരം നാലുമണിവരെ നടത്തപ്പെടുന്നു. ഇതിനോടകം രൂപതാകേന്ദ്രത്തിൽനിന്ന് അത്യാവശ്യ സാഹചര്യത്തിൽ താൽക്കാലിക അനുവാദം ലഭിച്ചിട്ടുള്ളവരും പുതിയതായി അനുമതി പത്രം (സർട്ടിഫിക്കറ്റ്) ആവശ്യമുള്ളവരും ഈ പരിശീലന ക്ലാസ്സുകളിൽ നിർബന്ധമായും പൂർണ്ണ മായും പങ്കെടുക്കേണ്ടതാണ്.

ബഹു. സിസ്റ്റേഴ്സിന്റെ ശുശ്രൂഷ ഇക്കാര്യത്തിൽ ആവശ്യമുള്ള ഇടവകകളിലെ ബഹു. വികാരിയച്ചന്മാർ പ്രത്യേക ശുശ്രൂഷകരാകുവാൻ നിയോഗിക്കപ്പെടാവുന്ന നിത്യവ്രതവാഗ്ദാനം നടത്തിയ സിസ്റ്റേഴ്സിന്റെ (ബഹു. മദർ സുപ്പീരിയർ ഉൾപ്പെടെ രണ്ടോ മൂന്നോ പേരുടെ - ഓരോ

ഇടവകയുടെയും ആവശ്യം അനുസരിച്ച്) പേരുവിവരങ്ങൾ രൂപതാകേന്ദ്രത്തിൽ 2019 ആഗസ്റ്റ് മാസം 05-ാം തീയതിക്ക് മുമ്പായി ബഹു. വികാരിയച്ചന്റെ രേഖാമൂലമുള്ള ശുപാർശയോടെ രൂപതാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

**അനുമതി പുതുക്കൽ:**

2011, 2013, 2016 എന്നീ വർഷങ്ങളിൽ കോഴ്സ് കൂടി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർ ടി. അനുവാദം തുടർന്നും ലഭിക്കാനായി ബഹു. വികാരിയച്ചന്റെ രേഖാമൂലമുള്ള ശൂപാർശയും സർട്ടിഫിക്കിറ്റും ഹാജരാക്കേണ്ടതാണ്. 2019 ജൂലൈ മാസം 29, 30, 31 (തിങ്കൾ, ചൊവ്വാ, ബുധൻ) എന്നീ തീയതികളിൽ രൂപതാ കേന്ദ്രത്തിൽ എത്തി അനുവാദം പുതുക്കുവാനുള്ള അവസരം ഉണ്ടായിരിക്കും.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jacob Murikkan

മെത്രാസനമന്ദിരം
പാലാ, 29.07.2019

**ബിഷപ്പ് ജേക്കബ് മുരിക്കൻ**
പാലാ രൂപതയുടെ സഹായമെത്രാൻ

## പാലാ രൂപത
## പാസ്റ്ററൽ - പ്രസ്ബിറ്ററൽ കൗൺസിലുകളുടെ
## സംയുക്ത സമ്മേളനം

**2019 ആഗസ്റ്റ് 05 തിങ്കൾ**

**രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ**

**പാരീഷ് ഹാൾ, പാലാ കത്തീഡ്രൽ**

## രൂപതാ ഡിറക്ടറി 2019–2020

രൂപതാ ഡിറക്ടറി തയ്യാറായിരിക്കുന്നു. 225 രൂപാ നിരക്കിൽ രൂപതാകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

## അറിയിപ്പുകൾ

### ഇടവക സഹായഫണ്ട്

നമ്മുടെ രൂപതയിലെ ഇടവക സഹായഫണ്ടിൽനിന്നു സഹായം പ്രതീക്ഷിക്കുന്ന ഇടവകകൾ ആഗസ്റ്റ് 20-ാം തീയതിക്കകം കൺവീനർ എൻ.സി.എഫ്. കമ്മറ്റി ബിഷപ്പ്സ് ഹൗസ് പാലാ - 686 575 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ആഗസ്റ്റ് 11-ാം തീയതി തടവറ പ്രേഷിതദിനത്തോടനുബന്ധിച്ചും ആഗസ്റ്റ് 25-ാം തീയതി ജസ്റ്റീസ് സൺഡേയോടനുബന്ധിച്ചും മുൻകൂട്ടി അറിയിച്ച് ആ ദിവസങ്ങളിൽ വി. കുർബാന മദ്ധ്യേ പ്രത്യേക പിരിവ് എടുക്കുകയും പിരിഞ്ഞുകിട്ടുന്ന തുക സെപ്തംബർ 15-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി
## പാലാ രൂപത
## അറിയിപ്പ്

പാലാ കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള സ്കൂളുകളിൽ നിലവിലുള്ള തയ്യൽ അധ്യാപക തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രായപരിധി 01-01-2019 ന് 36 വയസ്സിൽ കവിയാൻ പാടില്ല.

**യോഗ്യതകൾ**

താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒരു യോഗ്യത നേടിയിരിക്കണം.

1. Group Certificate in Needle work and Dress making (KGTE Higher of MGTE Higher.)
2. Group Certificate in Tailoring. (KGTE Higher or MGTE Higher)
3. National Trade certificate in cutting and tailoring
4. Bachelor of Fashion Technology (BET) (M.G. University)
5. BSC Fashion and Apparal Design Technology (FADT) (Kannur University).
6. BSC Costume and Fashion Designing (Kozhikode University)
7. Diploma in Tailoring and Garment making issued by Director of Industries and Commerce.

കെ. ടെറ്റ് വിഭാഗം പാസായവർക്ക് മുൻഗണന ലഭിക്കുന്നതായിരിക്കും.

അപേക്ഷകർ വെള്ളകടലാസ്സിൽ തയ്യാറാക്കിയ അപേക്ഷ യോഗ്യതകൾ ജനനത്തീയതി എന്നിവ തെളിയിക്കുന്ന രേഖകളുടെ ശരിപകർപ്പ്, ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവ സഹിതം 12-08-2019 ന് വൈകിട്ട് 4ന് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

കോർപ്പറേറ്റ് മാനേജർ

ബൈ പവർ ഓഫ് അറ്റോർണി

## ചിങ്ങം ഒന്നിന് (ആഗസ്റ്റ് 17)
## കർഷക കണ്ണീർ ദിനമായി
## കർഷകർ പ്രതിഷേധിക്കുക. : ഇൻഫാം.

കാർഷിക മേഖലയുടെ തകർച്ചയിൽ മുഖം തിരിഞ്ഞു നിൽക്കുന്ന കേന്ദ്രസംസ്ഥാന സർക്കാരുകളുടെ കർഷക വിരുദ്ധ നിലപാടുകളിൽ എതിർപ്പുമായി ചിങ്ങം ഒന്നിന് 'കർഷക കണ്ണീർദിന'മായി കർഷകർ പ്രതിഷേധിക്കാൻ ഇൻഫാം നേതൃത്വം നൽകും.

കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയും കടക്കെണിയും കർഷക ആത്മഹത്യകളും അടിക്കടിയുള്ള വിലക്കയറ്റവും പെരുകുമ്പോൾ ഖജനാവിലെ കോടികൾ ചെലവഴിച്ചുള്ള ധൂർത്തും കർഷകരിൽനിന്ന് നിർബന്ധിത പിരിവു നടത്തിയും സർക്കാർ വക കർഷക ദിനാചരണം പ്രഹസനമാണെന്നും കർഷകർ നിലനിൽപില്ലാതെ സ്വയംജീവൻ വെടിയുമ്പോൾ കർഷകദിനാചരണം നടത്തി സർക്കാരും കൃഷിവകുപ്പും കർഷകരെ അപമാനിക്കരുതെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇൻഫാം പ്രതിഷേധിക്കുന്നു.

ആഗസ്റ്റ് 17-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കുന്ന സമ്മേളനത്തിലേക്ക് എല്ലാ ഇടവകയിൽ നിന്നും കുറഞ്ഞത് നാല് കർഷക പ്രതിനിധികളെ പറഞ്ഞയയ്ക്കുവാൻ ബഹു. വികാരി അച്ചന്മാർ താല്പര്യപ്പെടുന്ന അഭ്യർത്ഥിക്കുന്നു.

എല്ലാ ഇടവകയിലും ഇൻഫാം യൂണിറ്റ് സ്ഥാപിച്ചും കർഷകബാങ്കിനേയും അതിനോടനുബന്ധിച്ചുള്ള കർഷകദളങ്ങളെയും പ്രോത്സാഹിപ്പിച്ച് യുവജനങ്ങളെ കർഷക അവബോധമുള്ളവരാക്കിതീർക്കുവാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം. കർഷകർ ഇല്ലെങ്കിൽ കൃഷി ഇല്ല കൃഷി ഇല്ലെങ്കിൽ ഭക്ഷണമില്ല. ഭക്ഷണം ഇല്ലെങ്കിൽ മനുഷ്യൻ ജീവിക്കില്ല, കർഷകർക്കായി നമുക്കു കൈകോർക്കാം. കർഷക കണ്ണീർദിനത്തിന്റെ വിജയത്തിനു സഹകരണം ആവശ്യപ്പെട്ടുകൊണ്ട്,

**ഫാ. ജോസ് തറപ്പേൽ**

ഡയറക്ടർ, ഇൻഫാം.

# പാലാ ഹോം പ്രോജക്ട്

**പാലാ ഹോം പ്രോജക്ടിലേക്ക് സ്ഥലം നൽകിയവർ**

1. സാബു പറയൻകുഴിയിൽ - ഇടമറുക് - 10 സെന്റ്

**പാലാ ഹോം പ്രോജക്ടിലേക്ക് സംഭാവന നൽകിയവർ**

1. അർനോൾഡ് മാത്യു പെരുവാച്ചിറ - ഇടമറ്റം - 75000

**പാലാ ഹോം പദ്ധതിയിൽ**
**ഈ മാസം പണി പൂർത്തികരിച്ച വീടുകൾ**

1. വി.ഒ. സെബാസ്റ്റ്യൻ വലിയകട്ടയിൽ - മുളക്കുളം
2. ജെസ്സി മുള്ളൂർ - പാലാ കത്തീഡ്രൽ

**പാലാ ഹോം പ്രോജക്ടിൽ നിന്നും ഈ മാസം സാമ്പത്തിക സഹായം ലഭിച്ചവർ**

1. സിറിയക് ഒറ്റപ്ലാക്കൽ - വെള്ളിയാമറ്റം - 20000
2. മേരി ജോസഫ് വടയാറ്റുകുന്നേൽ
 - ലൂർദ്ദ് മൗണ്ട് - 20000
3. ജോസ് മാനുവൽ ഉരുളേൽ
 - വാരിയാനിക്കാട് - 60000

**ഫാ. തോമസ് വാലുമ്മേൽ**
ഡയറക്ടർ

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
കോർഡിനേറ്റർ

# പാറേമ്മാക്കൽ ഗോവർണ്ണദോർ
# ഉപന്യാസ മത്സരം

മലയാളത്തിലെ ആദ്യ ഗദ്യസാഹിത്യഗ്രന്ഥമായ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വർത്തമാനപുസ്തകത്തെ ആസ്പദമാക്കി ഉപന്യാസ മത്സരം നടത്തുന്നു. ഉപന്യാസങ്ങൾ 10 പേജിൽ (DTP 5 പേജ്) കവിയാതെ എഴുതി വികാരി സെന്റ് അഗസ്റ്റിൻസ് ഫൊറോനാ പള്ളി കടനാട് പി.ഒ. കോട്ടയം, പി.ൻ. 686653 എന്ന വിലാസത്തിൽ നേരിട്ടോ തപാൽമാർഗ്ഗമോ 30-09-2019 നു മുൻപായി ലഭിക്കേണ്ടതാണ്.

*വിഷയം:*

**വർത്തമാനപ്പുസ്തകവും**

**പാറേമ്മാക്കൽ തോമാക്കത്തനാരുടെ സഭാ ദർശനങ്ങളും**

*സമ്മാനങ്ങൾ*

**1-ാം സമ്മാനം 10000 രൂപ**

**2-ാം സമ്മാനം 5000 രൂപ**

**3-ാം സമ്മാനം 3000 രൂപ**

(കൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന 100 പേർക്ക് ഗോവർണ്ണദോരുടെ 220-ാം ചരമവാർഷിക സ്മരണയ്ക്കായി 220 രൂപ പ്രോത്സാഹന സമ്മാനമായി നൽകുന്നു.)

കടനാട് ഫൊറോനാപള്ളിയുടെയും പാറേമ്മാക്കൽ കുടുംബയോഗത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഉപന്യാസ മത്സരത്തിൽ താല്പര്യമുള്ള ഏവർക്കും പങ്കെടുക്കാവുന്നതാണ്.

എന്ന്,

**റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ**

(വികാരി)

ലേഖനം

# ദേശീയ വിദ്യാഭ്യാസനയം 2019 ഇന്ത്യൻ സെക്കുലറിസത്തിന്റേയും ബഹുസ്വരതയുടേയും അഭാവം

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

കേന്ദ്രധനമന്ത്രി ശ്രീമതി നിർമല സീതാരാമൻ ജൂലൈ 5-ന് ഇൻഡ്യൻ പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റിൽ ഗവൺമെന്റ് പുതിയ ദേശീയവിദ്യാഭ്യാസനയം കൊണ്ടു വരുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. സ്കൂൾ, ഉപരിപഠന മേഖലകളിൽ കാതലായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതാണ് പുതിയ നയം. 400 കോടി രൂപ ഇതിനായി നീക്കി വച്ചിരിക്കുന്നു. കസ്തുരി രംഗൻ അദ്ധ്യക്ഷനായുള്ള 484 പുറങ്ങളുള്ള സാമാന്യം വലിയ ഒരു ശാസ്ത്രീയ പഠനമാണ് ദേശീയ വിദ്യാഭ്യാസ നയം (NEP) 2019. ഭാരതത്തിലെ വിദ്യാഭ്യാസ മേഖലയിലെ ഒരു സമൂലം അഴിച്ചുപണിയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. അറ്റകുറ്റ പണിതീർന്ന ഒരു ആഡംബരകപ്പൽ കടലിൽ ഇറക്കി ഇട്ടിരിക്കുന്നതുപോലെയാണ്. രാജീവ് ഗാന്ധി അവതരിപ്പിച്ച ദേശീയ വിദ്യാഭ്യാസ നയത്തിനുശേഷം ഇപ്പോഴാണ് ഒരു സമഗ്രവിദ്യാഭ്യാസ നയം പുറത്തിറങ്ങുന്നത്. വളരെ വിപുലമായ ഒരു പഠനമാകയാൽ അതിന്റെ വിശദാംശങ്ങളിലേക്ക് എല്ലാം ഇറങ്ങാൻ എളുപ്പമല്ല. പ്രത്യക്ഷത്തിൽ ഏറെ ആനുകൂല്യങ്ങൾ കുട്ടികൾക്കും വലിയ പ്രോത്സാഹനം അധ്യാപകർക്കും ലഭിക്കുന്നതുപോലെ തോന്നാം. അനേകം വിദഗ്ദ്ധ അദ്ധ്വാനഫലമായിട്ടാണ് ഈ നയരേഖ പുറപ്പെടുവിച്ചത് എന്നതിൽ സംശയമില്ല. ഇതിലെ വിവിധ ഭാഗങ്ങൾ തമ്മിൽ നല്ലബന്ധമുണ്ട്. ഇതെല്ലാം പറയുമ്പോൾ ഇതിലെ അടിസ്ഥാന പരമായ ഏതാനും ന്യൂനതകൾ കൂടി എടുത്തു കാണിക്കുവാൻ ശ്രമിക്കുകയാണ്.

**ഭാരതത്തിന്റെ സെക്കുലർ മാനം പാടെ അവഗണിച്ചിരിക്കുന്നു.**

സെക്കുലറിസവും ബഹുസ്വരതയും ഭാരതത്തിന്റെ രണ്ട് ശ്വാസകോശങ്ങളാണ്. ഈ നയരേഖയിൽ സെക്കുലർ എന്ന പദം ഒരിക്കൽ പോലും ഉപയോഗിച്ചിട്ടില്ല. ഭാരതത്തിന്റെ സെക്കുലറിസം കോൺസ്റ്റിട്യൂഷണലാണ്. അതിശ്രേഷ്ഠമായ ഒരു രാഷ്ട്ര ക്രമീകരണമാണ്. സമ്പന്നമായ ഒരു ദാർശനികത യാണ്. എല്ലാ മത-ഭാഷ-വർഗ്ഗ-വർണ്ണ വിഭാഗങ്ങളോടുമുള്ള തുല്യസമീപനമാണ്. മതനിരാസ്സമോ മതവിദ്വേഷമോ അല്ല. പാശ്ചാത്യ സെക്കുലറിസത്തിൽ നിന്ന് ഏറെ വ്യത്യസ്തവു മാണ്. സെക്കുലർ മാനം അവഗണിച്ചപ്പോൾ അവശേഷിക്കു ന്നത് പാർട്ടി പൊളിറ്റിക്സ് ആണ്. പാർട്ടി പൊളിറ്റിക്സ് വിദ്യാ ഭ്യാസ മേഖലയിലെ ഏറ്റം വലിയ ശാപമാണ്. ഇന്ത്യയുടെ സെക്കുലർ മാനം മറന്നുകൊണ്ട് ഒരു സമഗ്രവിദ്യാഭ്യാസ നയ ത്തിന് രൂപം കൊടുക്കാനാവില്ല.

**അവഗണിക്കപ്പെട്ട സെക്കുലറിസത്തിൽ നിന്ന് ഇടുങ്ങിയ ദേശീയതയിലേക്ക്**

ദേശീയത എല്ലാവരും പറയുന്ന ഒരു വാക്കാണ്. ഭരണ ഘടനയുടെ സെക്കുലർ മുഖം തള്ളിക്കളഞ്ഞിട്ട് പിന്നെ പറ യുന്നതെല്ലാം ഇടുങ്ങിയ ദേശീയതയാണ്. ഇന്ന് പറയപ്പെടു ന്നതെല്ലാം ഇടുങ്ങിയ വർഗ്ഗീയ ഹൈന്ദവ ദേശീയതയാണ്. ഇത്തരം സമീപനത്തിൽനിന്ന് കൊണ്ട് വിദ്യാഭ്യാസ മേഖല യിൽ എന്ത് ആനുകൂല്യങ്ങൾ നൽകിയാലും ആത്യന്തികമായി രാജ്യവിരോധികളേയും, രാഷ്ട്രീയ വിദ്യാർത്ഥികളെയും, ബൗദ്ധിക ക്രിമിനൽസ്സിനേയും മാത്രമേ രൂപപ്പെടുത്താൻ പറ്റൂ. കൂലിനത്വമുള്ള ദേശീയത ജീവിക്കുന്ന ഒരു തത്വശാസ്ത്രമാ ണ്. ദേശീയ ബോധമാണ് ഒരുവന്റെ സ്വത്വം. സ്വന്തം രാജ്യത്തെ ഓർത്തു അഭിമാനം കൊള്ളുക എന്നതാണ് അതിന്റെ കാതൽ.

**ജനാധിപത്യ ചിന്തകൾ മാനിക്കപ്പെടുന്നില്ല.**

ഭാരതത്തിന്റെ സെക്കുലറും ദേശീയവുമായ ഘടനയെ മങ്ങലേല്പിക്കുമ്പോൾ അത് സ്വാഭാവികമായും ചെന്നെത്തു

ന്നത് ജനാധിപത്യ വികലതയിലാണ്. ലോകത്തിലെ ഏറ്റം വലിയ ജനാധിപത്യ രാജ്യമായി നമ്മൾ നില്ക്കുമ്പോൾ ലോക രാഷ്ട്രങ്ങൾക്കു തന്നെ നമ്മൾ ക്ലാസ്സുമുറി ആകേണ്ടതാണ്. ഭാരതമെന്ന ക്ലാസ്സ്മുറിയിൽ ഇരുന്നു പഠിക്കാൻ ആഗ്രഹിക്കുന്ന മറ്റനേകം രാജ്യക്കാരുണ്ട്. വിദേശരാജ്യങ്ങളിലെ കുട്ടികളെ ഇന്ത്യയിൽ കൊണ്ടുവന്നു ഗവേഷണം നടത്തണം എന്ന് നയ രേഖ പറയുന്നു. അതിനായി സ്റ്റഡി ഇൻ ഇൻഡ്യ എന്ന പരി പാടിയും ബജറ്റിൽ പ്രഖ്യാപിച്ചു. എന്നാൽ ഇവിടുത്തെ നമ്മുടെ അവസ്ഥ എന്താണ് എന്ന് നമ്മൾ നിരന്തരം പഠിച്ചുകൊണ്ടിരി ക്കണം. അടിസ്ഥാന ദാർശനികതയിൽ നിന്ന് നമ്മൾ മാറിപ്പോ യാൽ പിന്നെ നമ്മൾ ഒന്നും പഠിപ്പിക്കാൻ ഇല്ലാത്തവരെപോ ലെയാകും. ഡെമോക്രാറ്റിക് മൂല്യങ്ങളിൽ നമ്മൾ ഏറെ വള രേണ്ടതും ആഴപ്പെടേണ്ടതുമാണ്. ഡെമോക്രസ്സിയിൽ വളരുക എന്നത് ഒരു തുടർപരിശീലനമാണ്.

**ന്യൂനപക്ഷാവകാശങ്ങളെ അവഗണിച്ചിരിക്കുന്നു.**

ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന ഏറ്റം ശ്രദ്ധേയ മായ കാര്യമാണ് മൈനോരിറ്റി റൈറ്റ്സ് – ന്യൂനപക്ഷാവകാ ശങ്ങൾ, ഭാരതത്തിന്റെ മത-ഭാഷ-ബഹുസ്വരത ഈ നയരേഖ പരിഗണിച്ചിട്ടില്ല. ഭാരതത്തിലെ ക്രൈസ്തവ – മുസ്ലീം മത വിഭാ ഗത്തിന്റെ വിദ്യാഭ്യാസ സംഭാവനകളെ പാടേ മറന്നിരിക്കുക യാണ്. ഇവരെ മാറ്റി നിർത്തിക്കൊണ്ടുള്ള ഭാരതത്തിലെ വിദ്യാ ഭ്യാസം നമുക്ക് ചിന്തിക്കാൻ പോലും പറ്റുന്നതല്ല. ഭാരതത്തിലെ ബഹുസ്വരതയെ (diversity) പരിഗണിക്കാതെയുള്ള വിദ്യാ ഭ്യാസം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. സെക്കുലർ മാനത്തെ അവഗണിച്ചുകൊണ്ട് ഭാരതത്തിന്റെ ബഹുസ്വരതയെക്കുറിച്ച് പറയാനാവില്ല. ബഹുസ്വരത പ്രത്യേ കിച്ച് മത-ഭാഷാ മേഖലകളിൽ ഇല്ലാതാക്കുമ്പോൾ ഇന്ത്യ എന്ന മഹത്തായ പാരമ്പര്യമാണ് നഷ്ടപ്പെടുന്നത്.

**മതന്യൂനപക്ഷങ്ങളെ അവഗണിച്ചുകൊണ്ടു മൂല്യപട്ടികനിരത്തുന്നതിൽ അർത്ഥമില്ല.**

കുട്ടികൾ പഠിക്കേണ്ട മൂല്യങ്ങളുടെ ഒരു നീണ്ട പട്ടിക നിരത്തിയിട്ടുണ്ട്. അവ മിക്കവയും സാങ്കല്പികമായുള്ളതും ഹൈന്ദവ പാരമ്പര്യങ്ങളോടു മാത്രം ബന്ധപ്പെട്ടവയുമാണ്. എന്തുകൊണ്ടാണ് ഭാരതത്തിന്റെ പൊതുവായ ഒരു വിദ്യാഭ്യാസ നയരേഖയിൽ ക്രൈസ്തവ-ഇസ്ലാമിക- മതമൂല്യങ്ങളെക്കുറിച്ചു പറയാൻ ഭയപ്പെടുന്നത്. ഈ രാജ്യത്തെ മൂല്യബോധത്തോടുകൂടി ജീവിക്കാൻ പഠിപ്പിക്കുന്നതിൽ മത ന്യൂനപക്ഷക്കാർ വഹിക്കുന്ന പങ്ക് ആർക്കാണ് അറിയാൻ പാടില്ലാത്തത്. പുതിയ നയരേഖപറയുന്ന വിധത്തിലുള്ള ക്ലാസ്മുറികളിൽ ഇരിക്കുന്ന ക്രൈസ്തവ - മുസ്ലീം കുട്ടികളുടെ അവസ്ഥ എന്തായിരിക്കും. അതിമഹത്തായ ഒരു രാജ്യത്തെ ചെറിയ സ്ഥാപനങ്ങളെ വലിയ സ്ഥാപനങ്ങളിൽ ലയിപ്പിച്ച് കാമ്പസുകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം ഈ വിദ്യാഭ്യാസ നയത്തിൽ എടുത്തുപറയുമ്പോൾ ന്യൂനപക്ഷ മാനേജ്മെന്റുകൾക്ക് സ്ഥാപനങ്ങൾ നടത്തുവാനുള്ള ഭരണഘടനാപരമായ അവകാശം ഇല്ലാതാക്കുന്നത് ആശങ്കജനകമാണ്. ഏകപക്ഷിയമായി കണ്ടു കൊണ്ട് മൂല്യാധിഷ്ഠിത വിദ്യാഭ്യാസമോ, ഹ്യൂമനിസ്സമോ, പോലും വളർത്താനാവില്ല. ബഹുസ്വരത നഷ്ടപ്പെടുന്ന ഭാരതത്തെ വിദേശികൾ പോലും ഇഷ്ടപ്പെടുകയില്ല. മാതൃക വായനക്കായി നിശ്ചയിച്ചുകൊടുത്തിരിക്കുന്ന മേഖലയിലും ഈ പോരായ്മകളുണ്ട്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ കവർന്നെടുക്കുന്നത് അപകടകരമാണ്. ഭൂരിപക്ഷവും ഏകപക്ഷീയമായ രീതിയിൽ കൂടി വഴിമാറി ഓടി നാശത്തിൽപ്പെടരുത്.

**വിദ്യാഭ്യാസം ഒരു പാർട്ടിയുടെ പ്രത്യയശാസ്ത്രത്തിനു വേണ്ടി മാത്രം ആവരുത്**

പ്രത്യയശാസ്ത്രങ്ങളുടെ അതിപ്രസരം ഇന്നു കലാലയങ്ങളിൽ ഏറെയുണ്ട്. ഒരു വശത്തുകൂടി ഒരുതരം അക്കാദ

മിക് അത്തെയ്സം (നിരീശ്വരത്വം) കടന്നുകൂടുന്നു. മറുവശത്തു കൂടി മതവർഗ്ഗീയത സ്ഥാനം പിടിക്കുന്നു. ഇതിനിടയിൽ കിടന്നു കുട്ടികൾ വിഷമിക്കുകയാണ്. അവരുടെ പ്രാദേശിക ഭാഷകളും, പാരമ്പര്യങ്ങളും, മതമൂല്യങ്ങളും എല്ലാം നഷ്ട പ്പെടുന്നു. ഒരു യാഥാർത്ഥ ഇന്ത്യാക്കാരനായി ഇന്ത്യയിലെ ഏതു കുട്ടിയ്ക്കും ക്ലാസ്സിൽ ഇരിക്കാനുള്ള അവസരമുണ്ടാ കണം. അതിനു സെക്കുലർ, ഡെമോക്രാറ്റിക്, നാഷണൽ, പ്ലൂറൽ (ബഹുസ്വരത) ഇന്ത്യയ്ക്കുമാത്രമേ കഴിയൂ. ഭൂരിപക്ഷാ വകാശങ്ങൾ, ന്യൂനപക്ഷാവകാശങ്ങൾ, സമുദായങ്ങൾ, പാര മ്പര്യങ്ങൾ, പ്രാദേശികത്വം എല്ലാം കുട്ടികൾ പഠിക്കട്ടെ; ഇന്ത്യാ ക്കാരാകട്ടെ. കുട്ടികളെ രാഷ്ട്രീയ വിദ്യാർത്ഥികളോ വർഗ്ഗീയ വിദ്യാർത്ഥികളോ ആക്കാതെ ഭാരതത്തിന്റെ ബഹുസ്വരതയുടെ അപ്പസ്തോലന്മാരാക്കാനുള്ള നയം കൊണ്ടുവരണം. സൗമ്യ തയും മാന്യതയും കൈമുതലായുള്ള യുവതലമുറയെയാണ് നമുക്ക് ആവശ്യം. മറിച്ചുള്ള സമീപനങ്ങളെല്ലാം കുട്ടികളിൽ ഒരുതരം ശൂന്യത ജനിപ്പിക്കും. ഇന്ത്യയിലെ ഒരു കലാലയ ത്തിലും ഏതു മതവിഭാഗത്തിൽപെട്ടവർക്കും ഒരു അനാഥത്വം തോന്നരുത്. മാതൃരാജ്യത്ത് ഒരു കുട്ടിപോലും അവഗണിക്ക പ്പെടരുത്. ഭാരതത്തിന്റെ അതിസമ്പമായ വിദ്യാഭ്യാസ പൈതൃ കത്തെ ആഗോളവത്ക്കരണത്തിന്റെ ഉപകരണമായും തെറ്റായ ദേശീയതയുടെ ക്ലാസ്സുമുറികളായിട്ടും രൂപാന്തരപ്പെടുത്തരുത്. ഒരു ഈടുറ്റ കേന്ദ്രീകൃത കോർപ്പറേറ്റ് പോലെയാണ് നയ രേഖ നീളുന്നത്. ഇന്ത്യയുടെ ആത്മാവ് ഇന്ത്യയുടെ ബഹു സ്വരതയാണ്. ഈ വൈവിധ്യം നഷ്ടപ്പെടുമ്പോൾ പാശ്ചാത്യ വത്ക്കരണത്തിലേയ്ക്കും ആഗോളവത്ക്കരണത്തിലേയ്ക്കും നമ്മളും ചെന്ന് വീഴുന്നു.

**നയരേഖക്ക് ഉള്ളിലേയ്ക്ക്**

മുകളിൽ പറഞ്ഞ ലെൻസിലൂടെ നാം ഈ നയരേഖയെ വായിക്കുമ്പോൾ നമുക്ക് തൃപ്തികരമല്ലാത്ത പല നയ സമീ പനങ്ങളും ഇതിൽ ഉണ്ടാകാം. ഓരോ കുട്ടിയുടെയും ആദ്യ

കാല വിദ്യാഭ്യാസ (ECCE - Early Childhood Care and Education ) ത്തെക്കുറിച്ച് വലിയ കരുതൽ കാണിക്കുന്നുണ്ട്. മൂന്നു വയസ്സിൽ താഴെയുള്ള കുട്ടികളേയും പരിഗണനയിൽ എടുത്തിട്ടുണ്ട് (Pre - School). ഭാരതത്തിലെ എല്ലാ കുട്ടികൾക്കും 3-18 വരെ വിദ്യാഭ്യാസാവകാശം (RTE - Right to Education)പറഞ്ഞിരിക്കുന്നത് നല്ല കാര്യമാണ്. നിലവിൽ ഉള്ള തിന്മേലുള്ള വളർച്ചയുമാണ്. പക്ഷേ മൂന്നുവർഷം മാത്രമുള്ള കുട്ടികളെ വളരെ ഏകപക്ഷീയമായ ഒരു തീവ്രമതരാഷ്ട്രീയ ദേശീയതയിൽ വേരൂന്നിയ വിദ്യാഭ്യാസ ക്രമത്തിലേക്ക് കൊണ്ടുവരുന്നത് അത്ര അഭിലഷണീയമായിരിക്കുകയില്ല. അതുപോലെതന്നെ സ്കൂളുകളെയെല്ലാം വലിയ സ്കൂൾ കോർപ്പറേറ്റും കാമ്പസും ആക്കിമാറ്റാനുള്ള ശ്രമം വിദ്യാഭ്യാസമേഖലയെ ഒരു തരം കോർപ്പറേറ്റ് വത്ക്കരണത്തിലേയ്ക്ക് നയിക്കും. രാജ്യത്തെ വിദ്യാഭ്യാസത്തെ അതിന്റെ സാധാരണമാനത്തിൽനിന്നും പ്രാദേശിക തനിമയിൽ നിന്നുമെല്ലാം പറിച്ചു നടുന്നത് പൊതു സമൂഹത്തിനു വലിയ നഷ്ടമാണ്. ഘടനാപരമായ പുനഃക്രമീകരണത്തിനുള്ള പ്രയത്നം ഒരു പരിധി വരെ നല്ലതാണ്. പാഠ്യപദ്ധതിയും ഉപപാഠ്യപദ്ധതികളും പാഠ്യേതര പദ്ധതികളും തമ്മിലുള്ള അകലം കുറച്ച് ഇഴയടുപ്പം സ്ഥാപിക്കാനുള്ള പരിശ്രമം തരക്കേടില്ലാത്തതാണ്. അദ്ധ്യാപക പരിശീലനത്തിനും ഗുണമേന്മ നിലവാരത്തിനും വേണ്ടി ഏറെ വാദിക്കുന്നുണ്ട്. എൻജിനീയറിങ്ങ്, മെഡിക്കൽ വിഭാഗത്തിലും വലിയ അഴിച്ചുപണികൾ ഉദ്ദേശിക്കുന്നുണ്ട്. അടിസ്ഥാനപരമായിട്ട് ചിന്തിച്ചാൽ ഇവിടെ എല്ലാം ഒരു കോർത്തിണക്കൽ ഫിലോസഫിയുടെ കുറവുണ്ട്. പഴയ വീഞ്ഞ് പുതിയ തോൽകുടങ്ങളിൽ ഒഴിക്കുക മാത്രമാണ് ചെയ്തിരിക്കുന്നതെന്നും മൗലികചിന്തകൾ ഇവയിൽ ഏറെ ഇല്ലെന്നുമുള്ള വിമർശനങ്ങൾ ഏറെ ഉയർന്നു വരുന്നുണ്ട്.

വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ച് യൂണിവേഴ്സിറ്റികളിൽ ഗവേഷണത്തിന് ഏറെ പ്രധാന്യമുണ്ട്. ഗവേഷണത്തി

നുള്ള മുൻഗണനയും അതിനുള്ള പുനഃക്രമീകരണവും ഈ നയരേഖയിൽ കാണാം. ഇതിലേയ്ക്കായി ഒരു Apex Body പുതിയതായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ദേശീയ ഗവേഷണ ഫൗണ്ടേഷൻ ( NRF - National Research Foundation). സമസ്തമേഖലകളിലും ഗവേഷണം പ്രധാനപ്പെട്ടതാണ്. പക്ഷേ നമ്മുടെ നിലവിലുള്ള പല സർവ്വകലാശാലകളിലും ഗവേഷണ നിലവാരം കുറഞ്ഞു. തനിമയും ആഴവുമുള്ള വിഷയങ്ങളിന്മേൽ ഗവേഷണം നടക്കുന്നില്ല. വാസ്തവത്തിൽ ദേശീയ അന്തർദ്ദേശീയ വിഷയങ്ങളിൽ മാത്രം പോരാ എല്ലാ രംഗങ്ങളിലും ഗവേഷണം നടത്തേണ്ടതാണ്. ചിലപ്പോൾ നമുക്ക് ഒരു പ്രാദേശിക വിഷയത്തിൽ നിന്നാകാം വലിയ കണ്ടുപിടുത്തങ്ങളിലേക്ക് നീങ്ങാനാവുന്നത്. ഗവേഷണം grass root തലത്തിൽ ആരംഭിക്കണം. ഗവേഷണത്തിനായി മാറ്റിവച്ചിരിക്കുന്നത് ദേശീയ വരുമാനത്തിന്റെ വെറും 2.7 ശതമാനമണ്. സംസ്ഥാനങ്ങളിൽ സ്വകാര്യ കല്പിത സർവ്വകലാശാലകൾക്ക് അനുമതിയും സ്വാതന്ത്ര്യവും നൽകുകയാണ് വേണ്ടത്.

കൂടാതെ എല്ലാ വിദ്യാഭ്യാസ മേഖലകളെയും കൂട്ടിയോജിപ്പിക്കുന്ന ഒരു റെഗുലേറ്റർ ബോഡിയെ നിർദ്ദേശിച്ചിരിക്കുന്നു; രാഷ്ട്രീയ ശിക്ഷാ അയോഗ് (Rashtriya Skisha Ayog). ഇത് സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധം സ്ഥാപിക്കുവാനും പുതിയ ഉൾക്കാഴ്ചകൾ വിദ്യാഭ്യാസ രംഗത്തു നൽകുവാനുമായിട്ടാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. വാസ്തവത്തിൽ നിലവിൽ വിദ്യാഭ്യാസരംഗത്ത് ഒരു പിടി വിജിലൻസ് സംവിധാനങ്ങൾ, അധികാരം കൂടിയതും കുറഞ്ഞതും, നിലവിൽ ഉണ്ട്. UGC, MCI, AICTE, NCERT, NCFTE, CBSE, HRD തുടങ്ങിയവ. ഇവയെ കാര്യക്ഷമമായി പ്രവർത്തിക്കാൻ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് വേണ്ടത്. ഇവ ഒന്നും തന്നെ കാര്യക്ഷമമായി പ്രവർത്തിക്കാതിരിക്കുമ്പോൾ പുതുതായി കൊണ്ടുവരുന്ന പ്രസ്ഥാനങ്ങളെല്ലാം വിജയിക്കും എന്നു കരുതാനാവില്ല. വിജയിക്കാൻ പാടില്ലെന്നില്ല. ഈ പുതിയ

bodies അസാധാരണമായ കേന്ദ്രവൽക്കരണത്തിന്റെയും കോർപ്പറേറ്റ് വൽക്കരണത്തിന്റെയും ഭാഗമായിട്ടുമാത്രമാണ് കാണാൻ കഴിയുക. എല്ലാവരെയും ഏതോ ഒന്നിന്റെ കീഴിൽ കൊണ്ടുവരിക എന്ന രാഷ്ട്രീയ തന്ത്രമാണ് ഇതിന്റെ പിന്നിൽ.

നിലവിലുള്ള സർവ്വകലാശാലകളെയും അതിനെ നയിക്കുന്ന സംവിധാനങ്ങളെയും ശക്തിപെടുത്തുകയാണ് ഉത്തമമായ മാർഗ്ഗം. അവയെ എല്ലാം ശീതികരിച്ചും അവഗണിച്ചും നമുക്കു മുന്നേറാൻ കഴിയും എന്നുകരുതുന്നത് ഏറെ അപകടകരമാണ്. എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഒരുപോലെ ശേഖരിക്കാൻ വേണ്ടിയുള്ള On- Line സംവിധാനത്തിന്റെയും പ്രസക്തിയും പ്രായോഗികതയും ആലോചിക്കേണ്ടതാണ്.

ഉദാരകലകൾക്കും സുകുമാരകലകൾക്കും നൽകുന്ന പ്രാധാന്യം നല്ലതാണ്. ഇവിടെയും സെക്കുലർ ഇന്ത്യയുടെ സമ്പന്നമായ കലാമുഖം അവതരിപ്പിക്കപ്പെടണം. സാങ്കേതിക വിദ്യയിലുള്ള മികവിനോട് ചേർന്ന് കുട്ടികളുടെ കലാപരമായ കഴിവുകളും വളർത്തുന്നത് ശ്ലാഘനീയമത്രേ.

---

NB: ഈ ലേഖനം 2019 ജൂലൈ 9-ാം തീയതി ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതാണ്.

ലേഖനം

# അൽഫോൻസാമ്മ സുവിശേഷത്തിലെ ഇടുങ്ങിയ വാതിൽ

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

സുവിശേഷത്തിലെ തിരുവചനാധിഷ്ഠിത ജീവിതത്തിലൂടെ മോക്ഷത്തിൽ എത്തിയ അൽഫോൻസാമ്മ സഭയുടെ വിശ്വാസപാത്രവും പാഠപുസ്തകവുമാണ്. വിശ്വാസികളുടെ സ്വർഗ്ഗോന്മുഖമായ യാത്രയിൽ ദൈവിക നന്മകളുടെ നിധി വഹിക്കുന്ന കപ്പലാണ് അൽഫോൻസാമ്മ. 1946 ജൂലൈ 28 നു മരണമടഞ്ഞ അൽഫോൻസാ 1953 ൽ ദൈവദാസിയും, 1984 ൽ ധന്യയും, 1986 ൽ വാഴ്ത്തപ്പെട്ടവളും, 2008 ഒക്ടോബർ 12 ന് വിശുദ്ധയുമായി. ശ്ലീഹാക്കാലം ചൊവ്വാഴ്ചയിലെ റംശാ പ്രാർത്ഥനയിൽ നാം അപേക്ഷിക്കുന്നു:

സഹനം നമ്മെ നയിച്ചീടും
അഴിവിയലാത്തൊരു രാജ്യത്തിൽ.

അൽഫോൻസാമ്മ തുരുമ്പും കീടവും പ്രവേശിക്കാത്ത സ്വർഗ്ഗത്തിലാണ്. തിരുവചന മനനത്തിലൂടെ വിശ്വാസത്തിന്റെ മാസ്റ്റർ പീസായവളാണ് അൽഫോൻസാമ്മ. ദൈവവചനം നമുക്ക് നൽകപ്പെട്ടിരിക്കുന്നത് നാം അത് പുസ്തക രൂപത്തിൽ സൂക്ഷിക്കുന്നതിനുവേണ്ടിയല്ല, മറിച്ച് ഹൃദയത്തിൽ കൊത്തി സൂക്ഷിക്കുന്നതിനാണ്. എന്റെ ചിത്തം ദൈവത്തിൽ ആനന്ദിക്കുന്നു എന്നു പറഞ്ഞ മറിയത്തിന്റെ ഹൃദയത്തിൽ ദൈവവചനമാകുന്ന വാളായിരുന്നു. വാൾ മുറിപ്പെടുത്തും. നമ്മെ നിരന്തരം വെട്ടി ഒരുക്കുകയും ചെയ്യും. അൽഫോൻസാമ്മയുടെ ചിത്തവും ഹൃദയവും പരി. അമ്മയുടേതുപോലെയായിരുന്നു. വ്യക്തിപരമായിട്ട് ഒന്നും സൂക്ഷിച്ചുവയ്ക്കാതെ ഏത് പ്രതിസന്ധിയിലും ഈശോയുടെ സഹനത്തിൽ പങ്കുചേരുകയാണ് സ്വർഗ്ഗപ്രവേശനത്തിന് യോഗ്യമായ മാർഗ്ഗം എന്നു ജീവിതത്തിലൂടെ അൽഫോൻസാമ്മ മനസ്സിലാക്കി. സുവിശേഷത്തിലെ പോർത്താ ആൻഗുസ്താ - ഇടുങ്ങിയ വാതിൽ ഇതാ

ണ്. ഇടുങ്ങിയ വാതിലൂടെ യാത്ര ചെയ്ത് ഏറ്റം വിശാലമായ വാതിലിൽ - പോർത്താ ആവ്ഗുസ്താ - സ്വർഗ്ഗത്തിന്റെ വാതിൽ പടിയിൽ എത്തി ചേർന്നു. സ്വർഗ്ഗത്തിൽ എത്തിയാൽ പിന്നെ High Way മാത്രമേ ഉള്ളൂ. ഈശോയോടു കൂടെ ആയിരിക്കുക എന്ന ഒരു ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളു. "അത്തി വൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും, ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും, വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും, ആട്ടിൻ കൂട്ടം ആലയിൽ അറ്റു പോയാലും ഞാൻ കർത്താവിൽ ആനന്ദിക്കും" (ഹബക്കുക്ക് 3:17). അൽഫോൻസാമ്മയെ നയിച്ച ആത്മീയചൈതന്യം ഇതായിരുന്നു. "കർത്താവു നിനക്കു കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽ നിന്നു മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും" (ഏശയ്യാ 30:20). ഈ ദർശനമാണ് ഒരു വ്യക്തിയെ വിശുദ്ധ പദവിയിലേക്ക് എത്തിക്കുന്നത്. പരി. എമരിറ്റസ് പാപ്പ പറയുന്നു. വചനം കേൾക്കാവുന്നതു മാത്രമല്ല; അതിന് ശബ്ദം മാത്രമല്ല ഉള്ളത്. വചനത്തിന് ഒരു മുഖമുണ്ട്. നസ്രത്തിലെ ഈശോ. തിരുവചന ധ്യാനത്തെക്കുറിച്ചുള്ള അൽഫോൻസാമ്മയുടെ മനോഭാവവും ഇതായിരുന്നു. എന്നെ നോക്കിക്കൊണ്ടിരിക്കുന്നവനെ ഞാനും നോക്കുന്നു. സ്വർഗ്ഗത്തിനുവേണ്ടി അദ്ധ്വാനിച്ചവർക്കു മാത്രമേ സ്വർഗ്ഗം ലഭിക്കൂ. അല്ലാത്തവർ അടഞ്ഞ വാതിലിനു പുറത്തു നില്ക്കേണ്ടി വരും. പുറത്തു നില്ക്കുന്നവർക്ക് സ്വർഗ്ഗം ലഭിക്കുന്നില്ല; അവർക്ക് ലഭിക്കുന്നത് ഭൂമിയാണ് അല്ലെങ്കിൽ ശിക്ഷാവിധിയാണ്. സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ബാൽത്തസാർ – ന്റെ വാക്കുകൾ അൽഫോൻസാമ്മയുടെ ജീവിതത്തിൽ നിറവേറി; "നീ എന്തായിരിക്കുന്നുവോ അത് ദൈവം നിനക്കു നൽകുന്ന സമ്മാനമാണ്. എന്നാൽ നീ എന്തായിത്തിരുന്നുവോ അത് നീ ദൈവത്തിന് കൊടുക്കുന്ന സമ്മാനമാണ്". ഇടുങ്ങിയ വാതിലിലൂടെ കടന്നു, അതായത് ദൈവിക കല്പനകൾക്കും വിശുദ്ധ കൂദാശകൾക്കും അനുസൃതമായ ഒരു ജീവിതം നയിച്ചു തനി തങ്കമായി തീർന്ന ഒരു

ആത്മാവിനെയാണ് അൽഫോൻസാമ്മ ദൈവത്തിന് തിരിച്ചു നൽകിയത്, "അങ്ങയുടെ മുഖം എന്നിൽ നിന്ന് മറച്ചു വയ്ക്കരുതേ" (സങ്കീ. 27 : 9) എന്ന തിരുവചനമായിരുന്നു അൽഫോൻസാമ്മയെ നയിച്ചിരുന്നത്.

വിശുദ്ധ ജീവിതം നയിച്ചവരുടെ ആത്മീയ ചിന്തകളുമായുള്ള കൂട്ടുകൂടൽ ക്രിസ്തീയതയുടെ അടിത്തറയാണ്. ക്രിസ്താനുകരണത്തിന്റെ അടിസ്ഥാനപ്രമാണമായിട്ടുകരുതിയിരുന്നത് വിശുദ്ധരുടെ ജീവിതാനുകരണമായിരുന്നു. ആധുനിക ലോകത്തിൻ വിശുദ്ധരുടെ ശബ്ദം വേണ്ടതുപോലെ കേൾക്കുന്നില്ല, കേൾപ്പിക്കുന്നില്ല. വിശുദ്ധരുടെ ശബ്ദം ഈശോയുടെ ശബ്ദം തന്നെയാണ്. ഈ ശബ്ദകേൾവിയിലാണ് ഉണർവും ഉന്മേഷവും ഉണ്ടാകുന്നത്. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ നാം ആഘോഷിക്കുമ്പോൾ സുവിശേഷത്തിന്റെ ശബ്ദമാണ് നാം കേൾപ്പിക്കുന്നത്. ഭൗതിക നേട്ടങ്ങളിലും ലോകത്തിന്റെ വശീകരണങ്ങളിലും പെട്ട് ഒരു പിടി ജീവിതങ്ങൾ വ്യർത്ഥമായി പോകുന്നുണ്ട്. തോമസ് മെർട്ടന്റെ വാക്കുകൾ ശ്രദ്ധേയമത്രേ: "മനുഷ്യന്റെ ഏറ്റവും വലിയ പ്രലോഭനം തീർത്തും നിസ്സാരമായതിനുവേണ്ടി ജീവിതം നഷ്ടപ്പെടുത്തുന്നു എന്നതാണ്". സഭാവൃക്ഷത്തിൽ പൊട്ടിമുളയ്ക്കുന്ന ഒരു പുതിയ ശാഖയാണ് ഒരു വിശുദ്ധൻ. ഓരോ തിരുനാളും ആ ശാഖയിൽ ഒരു പുത്തൻ ഇല ജനിക്കുന്നതുപോലെയാണ്. പച്ചിലകൾ ഇല്ലാത്ത വൃക്ഷം ഉണങ്ങിപ്പോകും. അത്തരം വൃക്ഷത്തിനു ഫലം തരാനും പറ്റില്ല. വൃക്ഷങ്ങളിലെ ഇലകളാണ് നമ്മുടെ ശ്വാസോച്ഛ്വാസത്തിന് ആവശ്യമായ ഓക്സിജൻ തരുന്നത്. വിശുദ്ധരുടെ തിരുനാളുകൾ ഭക്തിനിർഭരമാകുമ്പോൾ അത് സഭയ്ക്ക് ആകമാനം എളുപ്പത്തിൽ ശ്വസിക്കുന്നതിനുള്ള അവസരമാണ്. എല്ലാ വിശ്വാസികളും സഭാത്മകമായ ആത്മീയതയിലേയ്ക്ക് ഇറങ്ങി ചെല്ലുക എന്നാണർത്ഥം. ഓരോ വിശ്വാസിയും അവനിലേക്ക് തിരിയുവാനുള്ള സുവർണ്ണാവസരമാണ് അൽഫോൻസാ തിരുനാൾ. വി. ആഗസ്തിനോസ്സിന്റെ സുന്ദരമായ ചിന്തയാണ് - In te ipsum redi - നീ നിന്നി

ലേക്കു തിരിയുക. ദൈവത്തെ അനുഭവിച്ചറിയേണ്ടത് ഒരുവന്റെ ഉൾതടത്തിലാണ്. ആന്തരമനുഷ്യനിലാണ് ദൈവം കുടികൊള്ളു ന്നത്. ആന്തരീകതയും ആത്മീയതയും ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടമാണിത്. ലൗകീകമായതിലേക്കുള്ള ചായ്‌വ് കൂടിവരുക യാണ്. മനുഷ്യന് ഒരിക്കലും തൃപ്തി വരുന്നില്ല. കാരണം ദൈവ ത്തെ കൊണ്ട് നിറയ്ക്കേണ്ട ഹൃദയഭാഗം ശൂന്യമായി കിടക്കുക യാണ്. സഭാ പ്രസംഗകൻ 1:8 "സകലവും മനുഷ്യന് ക്ലേശഭൂയി ഷ്ഠം. അതു വിവരിക്കുക മനുഷ്യന് അസാധ്യം. കണ്ടിട്ടു കണ്ണിനോ കേട്ടിട്ടു ചെവിക്കോ മതി വരുന്നില്ല". മിക്കമേഖലകളിലും അച്ചടക്കം നഷ്ടപ്പെടുന്നുണ്ട്. കുടുംബഭദ്രത ഇല്ലാതാകുന്നു. ഒരു പ്രത്യേക തരത്തിലുള്ള 'അവനവനിസം' വളർന്നു വരുന്നത് സമൂഹത്തിന്റെ സന്തു ലനാവസ്ഥയെ തന്നെ ബാധിക്കും.

ഇതിനുള്ള പരിഹാരമാർഗ്ഗമാണ് അൽഫോൻസിയൻ ആത്മീയത. ഈശോയുടെ നിരന്തരസാന്നിദ്ധ്യത്തിൽ ജീവിക്കുക എന്ന കാഴ്ചപ്പാടാണത്. കർത്താവ് ഒരിക്കലും അകലെയല്ല. ഈശോയ്ക്കുവേണ്ടി ജീവിക്കുന്നതിനാൽ അല്പം പോലും സമയം നഷ്ടപ്പെടുത്താനില്ല എന്ന ചിന്തയായിരുന്നു അൽഫോൻസാമ്മയു ടെത്. ദൈവാത്മാവ് നിറഞ്ഞ വ്യക്തിയായിരുന്നു. ബ്രസ്സീലിയൻ നോവലിസ്റ്റായ പൗലോ കൊയ്‌ലോയുടെ കഥാപാത്രമായ ആൽക്ക മിസ്റ്റ് പറയുന്നതുപോലെ സ്വന്തം ഉത്തരവാദിത്വം മറന്ന് അപരന്റെ കാര്യങ്ങളിൽ ഇടപെട്ട് അസ്വസ്ഥത ഉണ്ടാക്കി നഷ്ടപ്പെടുത്തുവാൻ നമുക്കു സമയമില്ല. ഒരു വിളിപ്പാടകലെ മരണം നിൽപുണ്ട്. നമ്മുടെ ജീവിതത്തിന്റെ പടിവാതിലിൽ മരണദൂതൻ എത്തിക്കഴിഞ്ഞു. ദൈവാനുഭവത്തിലേക്കുള്ള യാത്രയ്ക്ക് ധൃതിയിൽ ഒരുങ്ങാം. ഈശോ തന്നെയാണ് ഒരു സമർപ്പിതയുടെ ലക്ഷ്യവും പ്രതിഫലവും എന്ന് അൽഫോൻസാമ്മ തിരിച്ചറിഞ്ഞിരുന്നു. മുറിവേറ്റവനിൽ അഭി മാനം കൊണ്ട തോമ്മായെപ്പോലെയായിരുന്നു അൽഫോൻസാമ്മ യും. സഹനമാണ് സ്വർഗ്ഗത്തിലേയ്ക്കുള്ള ഗോവണിപ്പടി എന്ന് അൽഫോൻസാമ്മ നമ്മെ നിരന്തരം പഠിപ്പിക്കുന്നു.

വി. പൗലോസ് പഠിപ്പിക്കുന്നതുപോലെ "നിങ്ങൾ സഹിക്കുന്ന പീഡകളിലും യാതനകളിലും നിങ്ങൾ പ്രദർശിപ്പിക്കുന്ന വിശ്വാസം" (2 തെസ.1:5) പ്രധാനപ്പെട്ടതാണെന്നാണ് അൽഫോൻസാമ്മയും പഠിപ്പിക്കുന്നത്. വിജയിക്കുവാൻ തോല്ക്കണമെന്നും ലഭിക്കുവാൻ നഷ്ടപ്പെടണമെന്നും ജീവിക്കാൻ മരിക്കണമെന്നും അൽഫാൻസാമ്മ പഠിപ്പിച്ചു. അദ്ധ്വാനമില്ലാത്ത പുണ്യം സ്വീകരിക്കപ്പെടുന്നില്ല.

---

NB: ഈ ലേഖനം 2019 ജൂലൈ 28-ാം തീയതി ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ചതാണ്.

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Pendanam Sebastian | August 8 |
| Pezhumkattil Abraham | 9 |
| Pinakkattu Mathew | 10 |
| Polachirakunnumpuram George | 11 |
| Polakattu Kurian | 12 |
| Ponnamvarickayil George | 13 |
| Poovathinkal Joseph | 14 |
| Poovathumkal Jose | 15 |
| Porunnolil James | 16 |
| Potheettel John | 17 |
| Pottakulam Jacob | 18 |
| Pulavelil Joseph | 19 |
| Pulickaparambil Mathew | 20 |
| Pulinthanathu Kuriakose | 21 |
| Puliurumbil James | 22 |
| Pullattu Thomas | 23 |
| Pulleettu Johnson | 24 |
| Pullukalayil George | 25 |
| Pullukalayil Mathew | 26 |
| Punnathanathu Thomas | 27 |
| Punnathanathukunnel Mathew | 28 |
| Purayidathil Joseph | 29 |
| Purayidom Thomas | 30 |
| Puthenpura Joseph | 31 |
| Puthenpurackal Mathew | September 1 |
| Puthettu Cyriac | 2 |
| Puthiyamattam John | 3 |
| Puthiyaparampil George | 4 |
| Puthiyaparampil Jacob | 5 |
| Puthiyidath Joseph | 6 |
| Puthiyidath Mathew | 7 |
| Puthoor Sebastian | 8 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**അൽഫോൻസാമ്മയുടെ തിരുനാൾ**

അൽഫോൻസാമ്മയുടെ തിരുനാളിന്റെ ഒരുക്കങ്ങൾ ഉദ്യോഗസ്ഥ തലത്തിൽ വിലയിരുത്തി.

ജൂലൈ 19 മുതൽ 28 വരെ നടക്കുന്ന വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെ ക്രമീകരണങ്ങളുടെ ഭാഗമായി പാലാ ആർ. ഡി. ഒ. വിളിച്ചുചേർത്ത ഉദ്യോഗസ്ഥതല സമ്മേളനത്തിൽ തിരുനാളിന്റെ ഒരുക്കങ്ങൾ വിലയിരുത്തി. പോലീസ്, എക്സൈസ്, ആർ.റ്റി.ഒ., ഫയർ ആന്റ് സേഫ്റ്റി, കെ.ഡബ്ലു.എ, പി. ഡബ്ല്യു.ഡി, ഫയർ ഫോഴ്സ്, താലൂക്ക്, സപ്ലേ ഓഫീസ്, ഫുഡ് ആന്റ് സേഫ്റ്റി, ഹെൽത്ത്, വില്ലേജ്, പഞ്ചായത്ത് എന്നീ ഡിപ്പാർട്ടുമെന്റുകളിൽനിന്ന് ഉദ്യോഗസ്ഥർ പങ്കെടുത്തു.

**വോളന്റിയേഴ്സ് മീറ്റിംഗ്**

തിരുനാളിനൊരുക്കമായി തീർഥാടനകേന്ദ്രത്തിലെ വോളന്റിയേഴ്സിന്റെ മീറ്റിങ്ങ് നടത്തി.

**പത്രസമ്മേളനം**

അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായി പ്രസ്സ് ക്ലബിന്റെ മീറ്റിങ്ങ് തീർത്ഥാടനകേന്ദ്രത്തിൽ വച്ച് നടത്തി.

**വി. അൽഫോൻസാമ്മയുടെ തിരുനാൾ കൊടിയേറ്റ്**

പത്തു ദിവസം നീണ്ടുനിൽക്കുന്ന തിരുനാൾ ആഘോഷങ്ങൾക്ക് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് തുടക്കം കുറിച്ചു.

കൊടിയേറ്റ് ശുശ്രൂഷയിൽ രൂപതാസഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, വികാരിജനറാൾ മോൺ.ജോസഫ് കുഴിഞ്ഞാലിൽ, തീർത്ഥാടനകേന്ദ്രം

റെക്ടർ ഫാ. ജോസ് വള്ളോംപുരയിടത്തിൽ ഭരണങ്ങാനം പള്ളി വികാരി ഫാ. അഗസ്റ്റിൻ കൊഴുപ്പൻകുറ്റി തുടങ്ങി നിരവധി വൈദികരും പങ്കുചേർന്നു.

ജൂലൈ 19 മുതൽ 28 വരെ അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. എല്ലാദിവസവും 6 വി.കുർബാനകളും തിരുനാൾ ലദീഞ്ഞ്, നൊവേന എന്നിവയും ജപമാലമെഴുകുതിരിപ്രദക്ഷിണവും നടന്നു.

**തിരുനാൾ കുർബാനകൾ**

മാർ ജോസഫ് കല്ലറങ്ങാട്ട് ജൂലൈ 28-ന് തിരുനാൾ റാസയർപ്പിച്ച് സന്ദേശം നൽകി.

മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോസഫ് കരിയിൽ, മാർ ജയിംസ് അത്തിക്കളം, മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മാർ ജോർജ് മഠത്തികണ്ടത്തിൽ, മാർ മാത്യു വാണിയകിഴക്കേൽ, മാർ ജോസ് പുളിക്കൽ, സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, മാർ റാഫേൽ തട്ടിൽ എന്നീ പിതാക്കന്മാർ തിരുനാൾ ദിവസങ്ങളിൽ വി. കുർബാനയർപ്പിച്ചു.

**അൽഫോൻസാ തീർത്ഥാടനങ്ങൾ**

1. മാതൃവേദി, പിതൃവേദി പാലാ രൂപത

റവ.ഡോ. ഷീൻ പാലയ്ക്കതടത്തിലിന്റെ നേതൃത്വത്തിൽ പാലാ രൂപതയിലെ മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 12 ന് അൽഫോൻസാ തീർത്ഥാടനം നടത്തി.

2. ഫ്രാൻസിസ്ക്കൻ അൽമായസഭയുടെ നേതൃത്വത്തിൽ വി. അൽഫോൻസാമ്മയുടെ കബറിടത്തിലേയ്ക്ക് ജൂലൈ 20 ന് തീർത്ഥാടനം നടത്തി. ഫാ. ആന്റണി വെച്ചൂർ OFM Cap. വി. കുർബാനയർപ്പിച്ചു.

3. കടനാട് ഫൊറോനാ വികാരി. ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിലിന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങൾ തീർത്ഥാടനം നടത്തി.

4. കാഞ്ഞിരപ്പള്ളി രൂപതയിലെ ചെങ്ങളം ഇടവകാംഗംങ്ങൾ വികാരി ഫാ. വർഗ്ഗീസ് കുളംപള്ളിലിന്റെ നേതൃത്വത്തിൽ ജപമാലറാലി നടത്തി വി. കുർബാനയർപ്പിച്ചു.

5. ജൂലൈ 26 ന് പൂഞ്ഞാർ ഫൊറോനയിൽനിന്നും ഭക്തജനങ്ങൾ അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേയ്ക്ക് തീർത്ഥാടനം നടത്തി. വികാരി ഫാ. അഗസ്റ്റിൻ തെരുവത്ത് വി. കുർബാനയർപ്പിച്ചു.

6. ഫാ. ബിജു മൂലക്കരയുടെ കാർമ്മികത്വത്തിൽ ജൂലൈ 27-ന് ബധിരർക്കായുള്ള പ്രത്യേക കുർബാന നടത്തി

**രാത്രിയാരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ  ജൂലൈ 20ന് രാത്രി ആരാധനടത്തി. ഫാ.ബെന്നി തറപ്പേൽ വചനം പങ്കുവച്ചു.

എഫ്.സി.സി. ഭരണങ്ങാനം പ്രോവിൻസിന്റെ ആഭിമുഖ്യത്തിൻ ജൂലൈ 6 ന് വി. അൽഫോൻസാ കബറിടത്തിങ്കൽ രാത്രി ആരാധന നടന്നു. ഫാ. തോമസ് പാറയ്ക്കൽ വചനം പങ്കുവച്ചു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. പുതിയ മേഖലാ ഡയറക്ടർമാർ**

വിശ്വാസപരിശീലനം, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം എന്നിവയുടെ പുതിയ മേഖലാ ഡയറക്ടർമാരായി താഴെപ്പറയുന്ന ബഹു. വൈദി കരെ അഭിവന്ദ്യ പിതാവ് നിയമിച്ചിരിക്കുന്നു.

ഫാ. ജോർജ് പൈമ്പിള്ളിൽ - അരുവിത്തുറ, ഫാ. ജോസഫ് വാലിമല യിൽ സി.ആർ.എം. - കടുത്തുരുത്തി. പുതിയ മേഖലാ ഡയറക്ടർമാർക്ക് അഭി നന്ദനങ്ങളും പ്രാർത്ഥനകളും.

**2. രൂപതാ രചനാമത്സരം**

ഈ വർഷത്തെ രൂപതാ രചനാമത്സരങ്ങൾ 2019 ഓഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.45 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെടു ന്നു. മേഖലാതല രചനാമത്സരത്തിൽ പങ്കുചേർന്ന് രൂപതാ മത്സരത്തിൽ പങ്കെ ടുക്കാൻ യോഗ്യത നേടിയ എല്ലാ കുട്ടികളും ഓഗസ്റ്റ് 25-ാം തീയതി മാതൃഭവ നിൽ എത്തിച്ചേരേണ്ടതാണ്.

**3. പാലാ രൂപതാ കലോത്സവം**

ഈ വർഷത്തെ പാലാ രൂപതാ കലോത്സവത്തിനുള്ള ഒരുക്കങ്ങൾക്ക് സമയമായിരിക്കുന്നു. 2019 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 8.45 ന് ചേർപ്പുങ്കൽ ഹോളിക്രോസ് എച്ച്.എസ്.എസ്.ൽ വച്ചാണ് കലോത്സവം നടത്തപ്പെടുന്നത്. കലോത്സവ നിബന്ധനകൾ അടങ്ങിയ ബുള്ളറ്റിൻ രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**a) ഇടവകതല മത്സരങ്ങൾ**

ഇടവകതല മത്സരങ്ങൾ നടത്തി വിജയികളുടെ ലിസ്റ്റ് മേഖലാ സ്റ്റിയ റിംഗ് കമ്മിറ്റി തീരുമാനിക്കുന്ന തീയതിക്കു മുമ്പായി വിശ്വാസപരിശീലന കേന്ദ്ര ത്തിന്റെ വെബ്സൈറ്റായ www.ecatpala.com ൽ ലഭ്യമാകുന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് അതാത് ഫൊറോനകളിലേയ്ക്ക് ഇമെയിൽ ചെയ്യേണ്ടതാണ്. ലഭി ക്കുന്ന പ്രിന്റൗട്ടിൽ ഹാജർ ശതമാനം രേഖപ്പെടുത്തി വികാരിയച്ചൻ ഒപ്പിട്ട് അതാത് മേഖലകളിൽ ഏൽപ്പിക്കേണ്ടതാണ്.

**b) മേഖലാതല മത്സരം**

മേഖലാതല മത്സരത്തിന് ഫൊറോനാ വികാരിയച്ചൻ സൺഡേ സ്കൂൾ ഫൊറോനാ ഡയറക്ടർ, ഇടവക ഡയറക്ടർമാരുടെ രണ്ട് പ്രതിനിധി കൾ, ഹെഡ്മാസ്റ്റർമാരുടെ മൂന്നു പ്രതിനിധികൾ, മിഷൻലീഗ് മേഖല പ്രസിഡന്റ്, സെക്രട്ടറി എന്നിവരടങ്ങിയ ഒമ്പത് അംഗങ്ങളുള്ള സ്റ്റിയറിംഗ് കമ്മിറ്റി നേതൃ ത്വവും മേൽനോട്ടവും വഹിക്കണം. ഫൊറോനാ വികാരിയച്ചന്റെ അദ്ധ്യക്ഷത യിൽ മേഖലയിൽ ഉൾപ്പെടുന്ന സൺഡേ സ്കൂൾ - മിഷൻലീഗ് ഡയറക്ടർമാർ, ഹെഡ്മാസ്റ്റർമാർ എന്നിവരുടെ സംയുക്ത സമ്മേളനത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ച് മത്സരത്തിന്റെ തീയതിയും സ്ഥലവും ചെലവുകളും സംബന്ധിച്ച് തീരുമാനിക്കേണ്ടതാണ്. സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ എല്ലാവരും അംഗീകരിക്കേണ്ടതാണ്. മത്സരങ്ങൾ നീതിപൂർവ്വകവും സുതാര്യവുമായി നട

ത്തപ്പെടുന്നു എന്ന് മേഖലാ ഡയറക്ടർ ഉറപ്പു വരുത്തണം. മത്സരങ്ങളുടെ വിധികർത്താക്കൾ മേഖലയ്ക്കു പുറത്തുനിന്നുള്ളവരായിരിക്കണം; അവർ മേഖലയുടെ പരിധിയിൽപെടുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും ആയിരിക്കരുത്. ഇക്കാര്യം സ്റ്റിയറിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേഖലാമത്സരത്തിൽ രൂപതാകേന്ദ്രത്തിൽനിന്നും ചുമതലപ്പെടുത്തുന്ന ഒരു നിരീക്ഷകൻ ഉണ്ടായിരിക്കുന്നതാണ്. രൂപതാ നിബന്ധനകൾ പൂർണമായി പാലിച്ചുകൊണ്ടാണോ മേഖലാമത്സരം നടക്കുന്നതെന്ന് നിരീക്ഷിച്ച് അദ്ദേഹം റിപ്പോർട്ടു തയ്യാറാക്കുന്നതാണ്. പരാതികളും തർക്കങ്ങളും സ്റ്റിയറിംഗ് കമ്മിറ്റിയാണ് പരിഹരിക്കേണ്ടത്. സ്റ്റിയറിംഗ് കമ്മിറ്റിക്ക് പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങളോ പരാതികളോ ഉണ്ടെങ്കിൽ നിരീക്ഷകന്റെ റിപ്പോർട്ട്, അഭിപ്രായം എന്നിവ പരിഗണിച്ച് രൂപതാ ഡയറക്ടർ യുക്തമായ തീരുമാനം എടുക്കുന്നതാണ്. രൂപതാ നിബന്ധനകൾ പൂർണമായും പാലിക്കാതെ ഏതെങ്കിലും മത്സരം നടത്തുവാനിടയായാൽ അതിന്റെ ഫലം രൂപതാ കേന്ദ്രത്തിൽ സ്വീകരിക്കുന്നതല്ല.

**4. സി.റ്റി.പി. കോഴ്സ്**

പാലാ രൂപതയിൽ വിശ്വാസപരിശീലകരായിരിക്കുന്ന എല്ലാവരും നിർബന്ധമായും സംബന്ധിച്ചിരിക്കേണ്ട Catechists' Training Programme 2019 ജൂലൈ 13 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ ആരംഭിച്ചു. ആഗസ്റ്റ് മാസത്തിലെ സി.റ്റി.പി. കോഴ്സുകൾ

ആഗസ്റ്റ് 10 - Indian Church History I
ആഗസ്റ്റ് 23 - Bible II
ആഗസ്റ്റ് 28 - Indian Church History II

**5. രൂപതാ പ്രമോട്ടേഴ്സ് ടീം സമ്മേളനം**

രൂപതാ പ്രമോട്ടേഴ്സ് ടീം സമ്മേളനം 2019 ജൂലൈ 13-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ നിർദ്ദേശങ്ങൾ നൽകി.

**6. വിചിന്തനം ക്യാമ്പ്**

ഈ വർഷത്തെ വിചിന്തനം ക്യാമ്പ് 2019 ഒക്ടോബർ 26 ശനിയാഴ്ച സമാപിക്കുന്നതാണ്.

**7. കസ്റ്റ്യൻ ബോർഡ് മീറ്റിംഗ്**

വിശ്വാസപരിശീലന ഒന്നാം ടേം പരീക്ഷയ്ക്ക് ഒരുക്കമായുള്ള കസ്റ്റ്യൻ ബോർഡ് മീറ്റിംഗ് 2019 ആഗസ്റ്റ് 10-ാം തീയതി ശനിയാഴ്ച 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**8. സ്കൂൾ വിശ്വാസപരിശീലനം**

**a. വാർഷികം**

സ്കൂൾ വിശ്വാസ-ധാർമിക പരിശീലനവാർഷികം 2019 ആഗസ്റ്റ് 15-ന് ഉച്ചകഴിഞ്ഞ് 2.15 ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. അവാർഡുകളും സമ്മാനങ്ങളും രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നൽകുന്നതാണ്. സമ്മാനാർഹരായ എല്ലാ കുട്ടികളും അദ്ധ്യാപകരും അന്നേദിവസം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേ

രണം. സമ്മാനാർഹരുടെ പേരുകൾ അടങ്ങിയ ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ട്രോഫികൾക്ക് അർഹരായ സ്കൂളുകൾ**

**a. മതബോധനം**

എൽ.പി. വിഭാഗം - സെന്റ് മേരീസ് എൽ.പി.എസ്. ളാലം
യു.പി. വിഭാഗം - സെന്റ് ജോസഫ്സ് ജി.എച്ച്.എസ്. മുത്തോലി
എച്ച്.എസ്. വിഭാഗം - ഫാത്തിമ സെൻട്രൽ സ്കൂൾ, പിറവം
എച്ച്.എസ്.എസ്. വിഭാഗം - സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്. രാമപുരം

*ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂൾ*

സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്. രാമപുരം

**b. സന്മാർഗശാസ്ത്ര പഠനം**

എൽ.പി. വിഭാഗം - സെന്റ് ജോസഫ്സ് യു.പി.എസ്. മണിയംകുന്ന്
യു.പി. വിഭാഗം - സെന്റ് മേരീസ് ജി.എച്ച്.എസ്. പാലാ
എച്ച്.എസ്. വിഭാഗം - സെന്റ് മേരീസ് ജി.എച്ച്.എസ്. കുറവിലങ്ങാട്
എച്ച്.എസ്.എസ്. വിഭാഗം - സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്. പാലാ

*ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്കൂൾ*

സെന്റ് മേരീസ് ജി.എച്ച്.എസ്. പാലാ

*കോളേജ് മതബോധനം*

അൽഫോൻസ കോളേജ് പാലാ

*അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക ട്രോഫിക്ക് അർഹരായ സ്കൂൾ*

സെന്റ് മേരീസ് ജി.എച്ച്.എസ്. പാലാ

**b. കഥസ്റ്റ്യൻ ബോർഡ് മീറ്റിംഗ്**

സ്കൂൾ മതബോധന-സന്മാർഗ പരീക്ഷകൾക്ക് ഒരുക്കമായുള്ള കസ്റ്റ്യൻ ബോർഡ് മീറ്റിംഗ് 2019 ജൂലൈ 9-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ നിർദ്ദേശങ്ങൾ നൽകി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

---

# പാലാ മിഷൻ – അദിലാബാദ്

---

**1. സുവിശേഷവൽക്കരണ, നവീകരണ പ്രവർത്തനങ്ങളുമായി മുന്നോട്ട്....**

പാലാ മിഷനിലെ എല്ലാ കേന്ദ്രങ്ങളിലും ബഹു. വൈദികരുടെയും സന്യാസിനീ സമൂഹങ്ങളുടെയും നേതൃത്വത്തിൽ ഇടവകകളിലും ഗ്രാമങ്ങളിലും സുവിശേഷവൽക്കരണ, നവീകരണ പ്രവർത്തനങ്ങൾ നന്നായി പുരോഗമിക്കുന്നു.

**2. പഠനകേന്ദ്രങ്ങളും പുതിയ അദ്ധ്യയന വർഷവും**

നെന്നല മദർ തെരേസ ട്യൂഷൻ സെന്ററിൽ 12 വിദ്യാർത്ഥികൾ പഠനം തുടങ്ങി. ഗൊല്ലപ്പള്ളിയിലും മൈലാരത്തുമായി പതിനഞ്ചോളം കുട്ടികളും

വിദ്യാഭ്യാസം ആരംഭിച്ചു. ബഹു. ആൻറണി ജോർജ് വാഴയിൽ അച്ചന്റെ നേതൃത്യത്തിൽ കമ്പ്യൂട്ടർ ക്ലാസ്സുകളും കുട്ടികൾക്കായി ക്രമീകരിച്ചിരിക്കുന്നു.

3. അഭിവന്ദ്യ മുരിക്കൻ പിതാവിന്റെ സന്ദർശനം

പാലാ മിഷൻ ഇടയനടുത്ത സന്ദർശനത്തിനും മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി പാലാ രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവും അഞ്ച് റീജൻസി ബ്രദേഴ്സും അടങ്ങുന്ന സംഘം ജൂലൈ മാസം പത്താം തീയതി പാലാ മിഷനിൽ എത്തി. പാലാ മിഷൻ കോർഡിനേറ്റർ റവ.ഫാ. കാരാംവേലിയുടെ നേതൃത്വത്തിലുള്ള പാലാ മിഷനിലെ വൈദിക സമൂഹം പിതാവിനെ സ്വീകരിച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിനു ശേഷം അഭിവന്ദ്യ പിതാവും സംഘവും മടങ്ങി. ഈ അവസരത്തിൽ അഭിവന്ദ്യ പിതാവ് പാലാ മിഷനിലെ എല്ലാ സ്റ്റേഷനുകളും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

23-ാം തീയതി ചൊവ്വാഴ്ച അഭിവന്ദ്യ പിതാവും സംഘവും ദൈവാലയ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മന്നഗുഡം സ്റ്റേഷൻ സന്ദർശിക്കുകയും പുരോഗതി നേരിട്ടുകണ്ട് വിലയിരുത്തുകയും ചെയ്തു. ശേഷം കോനംപേട്ട മിഷൻ സ്റ്റേഷൻ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

24-ാം തീയതി ബുധനാഴ്ച അഭിവന്ദ്യ പിതാവും സംഘവും അദിലാബാദ് മിഷനിലെ ഗൊപേട്ടി സ്റ്റേഷൻ സന്ദർശിച്ചു. ഗൊപേട്ടി വികാരി റവ. ഫാ. നെല്ലിക്കാട്ട് പിതാവിനെയും സംഘത്തേയും സ്വീകരിച്ചു. ശേഷം ഉച്ചയോടുകൂടി ഗൈണ്ട വെങ്കിട്ടപുരം സ്റ്റേഷൻ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ പിതാവ്, പാലാ മിഷൻ പുതുതായി പ്രവർത്തനം ആരംഭിക്കുന്ന വേമനപ്പള്ളി സന്ദർശിച്ചു. തുടർന്ന് കൊത്തഗുഡം സ്റ്റേഷൻ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

25-ാം തീയതി വ്യാഴാഴ്ച നെന്നെല മിഷൻ സ്റ്റേഷനിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ പാലാ മിഷനിൽ പ്രവർത്തിക്കുന്ന എല്ലാ വൈദികരുടെയും സന്യസ്തരുടെയും സമ്മേളനം നടത്തി. തദവസരത്തിൽ പാലാ മിഷൻ സമൂഹം പിതാവിന് നാമഹേതുക തിരുന്നാളിന്റെ മംഗളങ്ങൾ നേരുകയും പ്രാർത്ഥനാശംസകൾ അർപ്പിക്കുകയും ചെയ്തു. അന്നേദിവസം തന്നെ അഭിവന്ദ്യ പിതാവ് പാലാ മിഷനിൽ പ്രവർത്തിക്കുന്ന എല്ലാ വൈദികരെയും വ്യക്തിപരമായി കാണുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മുരിക്കൻ പിതാവ് അദിലാബാദ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആന്റണി പ്രിൻസ് പാണേങ്ങാടൻ പിതാവിനെ സന്ദർശിച്ചു. വൈകുന്നേരത്തോടുകൂടി അഭിവന്ദ്യ പിതാവ് ഗൊല്ലപ്പള്ളി മിഷൻ സ്റ്റേഷനും മൈലാരവും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

26-ാം തീയതി വെള്ളിയാഴ്ച തന്റെ മൂന്നു ദിവസത്തെ സന്ദർശനം പൂർത്തിയാക്കി നാട്ടിലേക്കു മടങ്ങി.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. ജൂലൈ 3 ദുക്റാന തിരുനാൾ ആഘോഷിച്ചു**

ലയോള സെന്റ് തോമസ് കുർബാന സെന്ററിൽ ജൂലൈ 3 ദുക്റാന തിരുന്നാൾ പ്രധാനതിരുന്നാൾ ആയിട്ട് ആഘോഷിച്ചു. ഷംഷാബാദ് രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ തിരുന്നാളിന് കൊടി ഉയർത്തി. രൂപതയിൽ ആദ്യമായി ഇടവകയുവജനങ്ങൾ തന്നെ തിരുന്നാൾ ഏറ്റെടുത്ത് നടത്തി. തിരുന്നാൾ ദിനത്തിലെ പ്രദിക്ഷണത്തിലും തുടർന്നു നടന്ന സ്നേഹവിരുന്നിലും റീജിയണിലെ മറ്റു വൈദികരും അല്മായരും വന്നു പങ്കെടുത്തു.

**2. വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു**

ബാപ്പുനഗർ മേരിമാതാ കുർബാന സെന്ററിൽ വി. അൽഫോൻസാമ്മ യുടെ തിരുന്നാൾ 19, 20 ,21 തിയതികളിൽ ആഘോഷിച്ചു. മൂന്നു ദിവസം നീണ്ടുനിന്ന തിരുന്നാളിന് ഷംഷാബാദ് രൂപതാ വികാരി ജനറാൾ മോൺ ജോസഫ് കൊല്ലംപറമ്പിൽ കൊടി ഉയർത്തി തിരുന്നാൾ സന്ദേശം നല്കി. തിരുന്നാളിന്റെ രണ്ടാം ദിവസം നവരംഗപുര സെന്റ് അൽഫോൻസാ കുർബാന സെന്ററിൽ വികാരി ഫാ. മാത്യു വെങ്ങാലൂർ കുർബാന അർപ്പിച്ച് സന്ദേശം നല്കി. തിരുന്നാൾ ദിനത്തിൽ വികാരി ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ആഘോഷമായ തിരുന്നാൾ കുർബാന അർപ്പിച്ച് സന്ദേശം നല്കി. ഫാ. മൈക്കിൽ തോട്ടുങ്കൽ ലദീഞ്ഞ് നടത്തി. പരിശുദ്ധ കുർബാനയിലും, ലദീഞ്ഞിലും, സ്നേഹവിരുന്നിലു മായി അഹമ്മദാബാദ് റീജിയണിലെ വിവിധ ഇടവകകളിൽ നിന്നുമുള്ള അനേകം വിശ്വാസികൾ പങ്കെടുത്തു.

**3. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ തിരുനാൾ കുർബാന അർപ്പിച്ചു**

നവരംഗ, സെന്റ് അൽഫോൻസാ കുർബാന സെന്ററിൽ ജൂലൈ 26,27,28 ദിവസങ്ങളിൽ നടത്തപ്പെട്ട അൽഫോൻസാമ്മയുടെ പ്രധാന ഇടവക തിരുന്നാളിനോനനുബന്ധിച്ച് കോതമംഗലം രൂപതാ അധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പ്രധാനതിരുനാൾ ദിവസം തിരുന്നാൾ കുർബാന അർപ്പിച്ചു സന്ദേശം നല്കി. രൂപതാ വി.സി. മോൺ. ജോസഫ് കൊല്ലംപറമ്പിൽ, നവരംഗ സെന്റ് അൽഫോൻസാ സെന്റർ വികാരി റവ.ഫാ. മാത്യു വെങ്ങാലൂർ തുടങ്ങിയവർ സഹകാർമ്മികരായി. തുടർന്നു നടന്ന പ്രദക്ഷിണത്തിലും ലദീഞ്ഞിലും സ്നേഹവിരുന്നിലും വിവിധ ഇടവകകളിൽ നിന്നുമുള്ള വിശ്വാസികളും വൈദികരും പങ്കുചേർന്നു.

**4. ആഘോഷമായ റാസാ കുർബാനയർപ്പിച്ചു**

മണിനഗർ സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ സീറോ-മലബാർ ദൈവാലയത്തിൽ ജൂലൈ 25,26,27,28 തീയതികളിൽ നടത്തപ്പെട്ട വി.അൽഫോൻസാമ്മയുടെ തിരുന്നാളിനോടനുബന്ധിച്ച് പ്രധാന തിരുന്നാൾ ദിനമായ ജൂലൈ 28 ഞായറായ്ച ആഘോഷമായ തിരുന്നാൾ റാസ നടത്തപ്പെട്ടു. കുർബാന മധ്യേ കോതമംഗലം രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് മഠത്തി ക്കണ്ടത്തിൽ വചന സന്ദേശം നല്കി. റാസയിൽ പള്ളി വികാരി റവ.ഫാ. ജേക്കബ്

വെള്ളമരുതുങ്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. റവ.ഫാ. ജോസ് പാട്ടത്തിൽ, റവ.ഫാ.പോൾ പാറപ്ലാക്കൽ, റവ.ഫാ. ബിനോയ് ആലപ്പാട്ട്, റവ.ഫാ. മൈക്കിൾ തോട്ടുങ്കൽ തുടങ്ങിയവർ സഹകാർമ്മികരായി.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാ വാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

സംഘടനയുടെ രൂപതാ എക്സിക്യൂട്ടീവ് യോഗം 2019 ജൂലൈ 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയരക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ടു അവതരിപ്പിച്ചു.

**അംഗത്വസ്വീകരണം**

വി. തോമ്മാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് രൂപതയിലെ ശാഖകളിൽ ജൂലൈ 7-ാം തീയതി ഞായറാഴ്ച ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച കുട്ടികൾക്ക് അംഗത്വസ്വീകരണം നടത്തുകയും മിഷൻലീഗ് ബാഡ്ജ്, അംഗത്വ സർട്ടിഫിക്കറ്റ് എന്നിവ നൽകുകയും ചെയ്തു.

**ജീവദർശൻ കോഴ്സ്**

ചെറുപുഷ്പ മിഷൻലീഗ് രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജീവദർശൻ കോഴ്സിലെ ആദ്യത്തെ ക്ലാസ് ജൂലൈ 13-ാം തീയതി ശനിയാഴ്ച നടന്നു. ഫാ. തോമസ് പുന്നത്താനത്ത് ക്ലാസ് നയിച്ചു. രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) ചരമവാർഷികവും അനുസ്മരണവും 2019 ആഗസ്റ്റ് 10 ശനിയാഴ്ച രാവിലെ 9.30 ന് ചെമ്മലമറ്റം ശാഖയിൽ വച്ച് സംസ്ഥാന സമിതിയോട് ചേർന്ന് ആചരിക്കുന്നു. വി. കുർബാനയിലും അനുസ്മരണ സമ്മേളനത്തിലും എല്ലാ ശാഖകളിൽനിന്നും സാധിക്കുന്നിടത്തോളം അംഗങ്ങൾ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ശാഖാഭാരവാഹികൾ പരിശ്രമിക്കേണ്ടതാണ്.

**മേഖലാ വാർത്തകൾ**

**അരുവിത്തുറ**

മേഖലയുടെ 2019-20 വർഷത്തെ പ്രവർത്തനോദ്ഘാടനം ജൂലൈ 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് കളത്തുക്കടവ് സെന്റ് ജോൺ വിയാനി പള്ളി പാരിഷ് ഹാളിൽ വച്ച് നടന്നു. കഴിഞ്ഞ വർഷത്തെ മികച്ച ശാഖകൾക്ക് ട്രോഫികൾ സമ്മാനിച്ചു.

മേഖലയിലെ ശാഖകളിൽ ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം. 'ഏയ്ഞ്ചൽ മീറ്റ്' ആഗസ്റ്റ് 11-ാം തീയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30 ന് തിടനാട് സെന്റ് ജോസഫ് പള്ളി പാരിഷ് ഹാളിൽ വച്ച് നടക്കും.

**ഭരണങ്ങാനം**

മേഖലയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂൺ 30-ാം തീയതി ഞായറാഴ്ച ഭരണങ്ങാനത്ത് വച്ച് നടന്നു. ഫാ. അബ്രാഹം തകടിയേൽ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും നിർവ്വഹിച്ചു. സൺഡേ സ്കൂൾ ക്ലാസിൽ 12 വർഷവും 100% ഹാജർ നേടിയ ചൂണ്ടച്ചേരി ശാഖയിലെ ജോസ് പി. ജോബിയെ മേഖലയുടെ ആഭിമുഖ്യത്തിൽ മെമന്റോ നൽകി ആദരിച്ചു.

മേഖലയിലെ ജോയിന്റ് ഡയറക്ടർമാരുടെ സംഗമം ജൂലൈ 5-ാം തീയതി നടത്തി. എക്സിക്യൂട്ടീവ് യോഗം ജൂലൈ 14 ന് ചേർന്നു. മേഖലയിലെ മികച്ച ശാഖകളായി മല്ലികശ്ശേരി, ചൂണ്ടച്ചേരി, പൈക എന്നിവയെ തെരഞ്ഞെടുത്തു.

**ചേർപ്പുങ്കൽ**

മേഖലയിലെ സൺഡേസ്കൂളുകളിലെ അധ്യാപകരുടെ സംഗമം ജൂലൈ 13-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് ചേർപ്പുങ്കൽ വച്ച് നടത്തി. റവ.ഡോ. തോമസ് വടക്കേൽ ക്ലാസ് നയിച്ചു.

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം ആഗസ്റ്റ് 11-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനപള്ളിയിൽ വച്ച് നടക്കും.

**ഇലഞ്ഞി**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും നവമിഷനറി സംഗമവും ജൂലൈ മാസം 7-ാം തീയതി നടന്നു. കൂടാതെ 5-ാം ക്ലാസിലെ കുട്ടികൾക്കു സെമിനാർ നടത്തി.

**കടനാട്**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂൺ 23-ാം തീയതി നടന്നു. മേഖലാ രക്ഷാധികാരി റവ.ഡോ. അഗസ്റ്റിൻ കൂട്ടിയാനി ഉദ്ഘാടനം നിർവ്വഹിച്ചു.

**കടുത്തുരുത്തി**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂലൈ 21-ാം തീയതി നടന്നു. മേഖലാ രക്ഷാധികാരി റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

**കൂട്ടിക്കൽ**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂൺ 30-ാം തീയതി ഞായറാഴ്ച നടന്നു.

**കോതനല്ലൂർ**

പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂലൈ 7-ാം തീയതി ഞായറാഴ്ച നടന്നു. മേഖലയിലെ സൺഡേ സ്കൂളിലെ അധ്യാപകരുടെ സംഗമം ജൂലൈ 14-ാം തീയതി ഞായറാഴ്ച നടത്തി. മേഖലാ രക്ഷാധികാരി റവ.ഡോ. സെബാസ്റ്റ്യൻ തോണിക്കുഴി ഉദ്ഘാടനം നിർവ്വഹിച്ചു.

**കുറവിലങ്ങാട്**

മേഖലാ മാനേജിംഗ് കമ്മിറ്റി ജൂൺ 23-ാം തീയതി നടത്തി. ശാഖകളിലെ ജോ. ഡയറക്ടർമാരുടെയും വൈസ് ഡയറക്ടർമാരുടെയും സംഗമവും അന്നേ ദിവസം ഉണ്ടായിരുന്നു.

പ്രവർത്തനവർഷ ഉദ്ഘാടനവും നവപ്രേഷിതസംഗമവും ജൂലൈ 13-ാം തീയതി നടന്നു. ആർച്ച് പ്രീസ്റ്റ് റവ.ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

മേഖലകളുടെ ആഭിമുഖ്യത്തിൽ റീജിയണൽ സെമിനാർ (മോനിപ്പള്ളി റീജിയൺ) വാക്കാട് ശാഖയിൽ വച്ച് ജൂലൈ 21-ാം തീയതി നടത്തി.

**മുട്ടുചിറ**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും സെമിനാറും ജൂലൈ 21-ാം തീയതി നടന്നു. രൂപത ഓർഗനൈസർ ശ്രീ. ജോബി ആലയ്ക്കാപ്പറമ്പിൽ സെമിനാർ നയിച്ചു.

**പാലാ**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും നവമിഷനറി സംഗമവും ജൂലൈ 7-ാം തീയതി പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്നു. രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും നിർവ്വഹിച്ചു. സി. ഡോണ എഫ്.സി.സി. സെമിനാർ നയിച്ചു.

**പൂഞ്ഞാർ**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂൺ 23-ാം തീയതി ഞായറാഴ്ച നടന്നു.

**മൂലമറ്റം**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂൺ 30-ാം തീയതി ഞായറാഴ്ച നടന്നു.

**പ്രവിത്താനം**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂലൈ 7-ാം തീയതി ഞായറാഴ്ച നടന്നു.

**രാമപുരം**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂലൈ 21-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് രാമപുരത്തു വച്ച് നടന്നു. മേഖലാ രക്ഷാധികാരി റവ.ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു.

**തീക്കോയി**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂലൈ 3-ാം തീയതി നടന്നു. രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

മേഖലയുടെ ആഭിമുഖ്യത്തിൽ ജൂലൈ 13-ാം തീയതി ശനിയാഴ്ച ലീഡേഴ്സ് മീറ്റ് നടത്തി.

**തുടങ്ങനാട്**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാനേജിംഗ് കമ്മിറ്റിയും ജൂൺ 23-ാം തീയതി ഞായറാഴ്ച നടന്നു. ശാഖകളിലെ ജോയിന്റ് ഡയറക്ടേഴ്സിന്റെ സംഗമം ജൂലൈ 7-ാം തീയതി ഞായറാഴ്ച നടത്തി.

**രൂപത രചനാമത്സരം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത രചനാമത്സരങ്ങൾ 2019 ഓഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കും മേഖലാതല രചനാമത്സരങ്ങൾ വിവിധ മേഖലാകേന്ദ്രങ്ങളിൽ ഓഗസ്റ്റ് 4-ാം തീയതി നടക്കും

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**കെ. സി. എസ്. എൽ സ്കൂൾ ലീഡേഴ്സ് സംഗമവും, സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും.**

പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ജൂലൈ 6-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ സ്കൂൾ കുട്ടികൾക്കായുള്ള ലീഡേഴ്സ് ക്യാമ്പ് നടത്തി. ഉദ്ഘാടനസമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ സ്വാഗതം ആശംസിച്ചു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. രൂപത പ്രസിഡന്റ് സാലി കെ. ജെ അദ്ധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് സെക്രട്ടറി വെരി. റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തി. സമ്മേളനശേഷം കുട്ടികൾക്കായി സോണി തോമസ് ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 2019-20 പ്രവർത്തനവർഷത്തെ 12 അംഗ സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു, ചെയർമാനായി ഡാർവിൻ ജെറാഡും, ജനറൽ സെക്രട്ടറിയായി ക്രിസ്റ്റി സണ്ണിയും തിരഞ്ഞെടുക്കപ്പെട്ടു.

**കെ. സി. എസ്. എൽ രൂപത പ്രവർത്തനോദ്ഘാടനം**

ജൂലൈ 12 വെള്ളിയാഴ്ച ചേർപ്പുങ്കൽ ഹോളിക്രോസ് എച്ച്. എസ്. എസിൽ വച്ച് കെ. സി. എസ്. എൽ രൂപതാതല പ്രവർത്തനോദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും നടത്തി. രൂപത ഡയറക്ടർ ഫാ. ജോർജ് വരകുകാലാപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. പാലാ രൂപത സഹായ മെത്രാൻ

മാർ. ജേക്കബ് മുരിക്കൻ ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകി. രൂപത പ്രസിഡന്റ് സാലി കെ. ജെ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് സെക്രട്ടറി വെരി. റവ. ഫാ. ബർക്കുമാൻസ് കുന്നുപുറം മുഖ്യ പ്രഭാഷണം നടത്തി. ഹോളിക്രോസ് ഫൊറോനാ പള്ളി വികാരി വെരി. റവ. ഫാ. ജോസ് അഞ്ചേരിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും, സ്റ്റേറ്റ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ സന്ദേശം നൽകുകയും ചെയ്തു. എച്ച്. എസ്. എസ് പ്രിൻസിപ്പൽ ശ്രീ റെജി. കെ. മാത്യു, ഹെഡ്മാസ്റ്റർ സന്തോഷ് കാവുകാട്ട്, രൂപത ചെയർമാൻ ഡാർവിൻ ജെറാഡ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. കെ. സി. എസ്. എൽ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ആഷ്‌ലി ടെസ് ജോൺ കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

**സംസ്ഥാനതല ലീഡേഴ്സ് ക്യാമ്പ്**

ജൂലൈ 12, 13 തീയതികളിൽ ആലപ്പുഴ അർത്തുങ്കൽ സെന്റ് ഫ്രാൻസീസ് റ്റി. റ്റി. ഐയിൽ വച്ച് നടന്ന സംസ്ഥാനതല ലീഡേഴ്സ് ക്യാമ്പിൽ രൂപതയിൽ നിന്നും എട്ട് കുട്ടികൾ പങ്കെടുത്തു.

**കളരി ഒന്നാം ലക്കം**

ജൂലൈ 29, 30 തീയതികളിൽ കളരി ഒന്നാം ലക്കവും 2019-20 വർഷത്തെ മാർഗരേഖയും സ്കൂളുകളിൽ വിതരണം നടത്തി.

**അൽഫോൻസാ കളറിംഗ്**

എച്ച്. എസ്. എസ്, എച്ച്. എസ്, യുപി, എൽ. പി വിഭാഗങ്ങൾക്കായി അൽഫോൻസാ കളറിംഗ് മത്സരം ജൂലൈ 12,31 തീയതികളിലായി സ്കൂളുകളിൽ നടത്തി. രൂപതാതല മത്സരം ഓഗസ്റ്റ് 16ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതായിരിക്കും.

**ഫാ. ജോർജ് വരകുകാലാപറമ്പിൽ** (ഡയറക്ടർ)

---

# എസ്.എം.വൈ.എം.

---

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂൺ 30 ഞായറാഴ്ച അർദ്ധവാർഷിക സെനറ്റിന് ഒരുക്കമായി Core Executive Meeting 2.30 pm-ന് എസ്.എം.വൈ.എം. രൂപതാ ഓഫീസിൽ കൂടി.

**2. ഡോക്ടേഴ്സ് ഡേ**

ജൂലൈ 1 തിങ്കളാഴ്ച എസ്.എം.വൈ.എം. ലാളം ഓൾഡ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാലാ ജനറൽ ആശുപത്രിയിലെ ഡോക്ടർമാരെ ആദരിച്ചു. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോൺസൺ പാക്കരമ്പേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. തെരുവുനാടകം**

ജൂലൈ 6 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് മുണ്ടാങ്കൽ യു.പി. സ്കൂളിൽ എസ്.എം.വൈ.എം. മുണ്ടാങ്കൽ യൂണിറ്റ് അംഗങ്ങൾ മാതാപിതാക്കൾക്കായി തെരുവുനാടകം അവതരിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, യൂണിറ്റ് ഡയറക്ടർ റവ.ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ എന്നിവർ നേതൃത്വം നൽകി.

**4. കൈത്താങ്ങ്**

ജൂലൈ 7-ന് മണ്ണയ്ക്കനാട് എസ്.എം.വൈ.എം. യൂണിറ്റംഗങ്ങൾ രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിലിന് കൈത്താങ്ങിനുള്ള സഹായം കൈമാറി.

**5. സമാധാന നടത്തവും (Peace Walk) യുവജനദിനവും**

ജൂലൈ 7 ഞായറാഴ്ച ഉച്ചയ്ക്ക് 1 ന് മണ്ണയ്ക്കനാട് യൂണിറ്റിന്റെ നേതൃത്വത്തിൽ Peace Walk ഉം യുവജനദിനവും നടന്നു. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**6. രജതജൂബിലി ആഘോഷവും യുവജനദിനവും**

ജൂലൈ 7 ഞായറാഴ്ച വാരിയാനിക്കാട് യൂണിറ്റിന്റെ എസ്.എം.വൈ.എം. രജതജൂബിലി ആഘോഷം വെരി റവ. ഫാ. ജോസ് നെല്ലിക്കത്തെരുവിൽ ഉദ്ഘാടനം ചെയ്തു. റവ.ഫാ. തോമസ് ഓലായത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എസ്.എം.വൈ.എം. പാലാ ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.റ്റി., പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിൽ എന്നിവർ സന്ദേശം നൽകി.

**7. യുവജനദിനവും യൂണിറ്റ് സ്ഥാപനവും**

ജൂലൈ 7 ഞായറാഴ്ച വൈകിട്ട് 4 ന് കരൂർ ഇടവകയിൽ യുവജനങ്ങൾക്കായി രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ പരി. കുർബാന അർപ്പിച്ചു. തുടർന്ന് ശ്രീ. ജിജോ ചിറ്റടിയിൽ നയിച്ച ഓറിയന്റേഷൻ ക്ലാസും യൂണിറ്റ് തിരഞ്ഞെടുപ്പും നടന്നു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസ് തറപ്പേൽ പരിപാടികൾക്ക് നേതൃത്വം നൽകി.

**8. പാലാ നസ്രാണി യൂത്ത് ഫോറം രൂപീകരിച്ചു.**

ജൂലൈ 13 ശനിയാഴ്ച യൂത്ത് അപ്പോസ്തലേറ്റിന്റെ ഭാഗമായി പാലാ ടൗണുമായി ബന്ധപ്പെട്ട ഇടവകകളിലെ യുവജനങ്ങളുടെ 'പാലാ നസ്രാണി യൂത്ത് ഫോറം' രൂപീകരിച്ചു. 200 അംഗങ്ങൾ ചേർന്നു. മാസംതോറും രണ്ടാം ശനിയാഴ്ചകളിൽ 5.30 pm ന് ഷാലോം പാസ്റ്ററൽ സെന്ററിൽ മാസയോഗം നടത്തുന്നു.

**9. Faith Formation Follow up Programme**

രണ്ടാം ശനിയാഴ്ചകളിൽ 2.30 pm ന് സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ ജനറലേറ്റിലും മൂന്നാം ശനിയാഴ്ചകളിൽ കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിലും Triple F Programme നടന്നുവരുന്നു. മുപ്പത്തിലധികം യുവജനങ്ങൾ പങ്കെടുക്കുന്നു.

**10. YATP ക്യാമ്പ്**

ജൂലൈ 12,13,14 എന്നീ ദിവസങ്ങളിൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് YATP ക്യാമ്പ് നടത്തപ്പെട്ടു. 13-ാം തീയതി റവ.ഫാ. കുര്യൻ ആനിത്താനം സൈക്കോളജി ക്ലാസുകൾ നൽകി. കലാപരിപാടികൾക്ക് എസ്.എം.വൈ.എം. പാലാ മുൻ ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ബെന്നി നേതൃത്വം നൽകി.

**11. ദീപിക സമ്മേളനം**

13-ാം തീയതി പാലാ ബിഷപ്പ്സ് ഹൗസിൽ വച്ചു നടത്തപ്പെട്ട ദീപിക സമ്മേളനത്തിൽ എസ്.എം.വൈ.എം. നെ പ്രതിനിധീകരിച്ച് പ്രസിഡന്റ് സെബാ

സ്റ്റ്യൻ തോട്ടത്തിൽ, സെൻട്രൽ കൗൺസിലർ റിബിൻ അരഞ്ഞാണിയിൽ എന്നിവർ പങ്കെടുത്തു. നൂറോളം യുവജനങ്ങൾ മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

**12. എസ്.എം.വൈ.എം. പാലാ രൂപത അർദ്ധവാർഷികസെനറ്റ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ 2019 പ്രവർത്തനവർഷത്തെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം പാലാ ളാലം പഴയപള്ളിയിൽ വച്ച് നടത്തപ്പെട്ടു. സമ്മേളനത്തിന് എസ്.എം.വൈ.എം. പാലാ രൂപത പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിൽ അധ്യക്ഷത വഹിച്ചു. വിശ്വാസികൾക്ക് ആശയക്കുഴപ്പമുണ്ടാക്കുന്ന വ്യാജപ്രചരണങ്ങളെ തിരിച്ചറിയുവാനും സത്യത്തെ കണ്ടെത്തുവാനും യുവജനങ്ങൾക്ക് സാധിക്കണമെന്ന് എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ യുവജനപ്രതിനിധികളെ ഓർമ്മിപ്പിച്ചു.

എസ്.എം.വൈ.എം. സെക്രട്ടറി സെബാസ്റ്റ്യൻ ജോയി സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. എസ്.എം.വൈ.എം. പാലാ രൂപത വൈസ് പ്രസിഡന്റ് റീത്തു കിഴക്കേവേലിക്കാത്ത് അർദ്ധവാർഷികസെനറ്റ് സമ്മേളനത്തിന്റെ ചെയർ കൈകാര്യം ചെയ്തു. പാലാ, അരുവിത്തുറ, ഇലഞ്ഞി, കടനാട്, കൂട്ടിക്കൽ, കോതനല്ലൂർ, കുറവിലങ്ങാട്, മുട്ടുചിറ, പൂഞ്ഞാർ, രാമപുരം, തുടങ്ങനാട് എന്നീ മേഖലകൾ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും തീക്കോയി, മൂലമറ്റം, ചേർപ്പുങ്കൽ മേഖലകൾ സാന്നിധ്യം അറിയിക്കുകയും ചെയ്തു. പാലാ രൂപത സമിതിയെ പ്രതിനിധീകരിച്ചു എസ്.എം.വൈ.എം. പാലാ രൂപത ജനറൽ സെക്രട്ടറി ശ്രീ. ദേവസ്യാച്ചൻ പുളിക്കൽ രൂപത റിപ്പോർട്ട് അവതരിപ്പിച്ചു.

**13. ജൂണിയർ പ്രീസ്റ്റ്സ് ഗാദറിംഗ്**

ജൂലൈ 17 ബുധനാഴ്ച പാലാ ബിഷപ്പ്സ് ഹൗസിൽ നടന്ന ജൂണിയർ പ്രീസ്റ്റ്സ് ഗാദറിംഗിൽ എസ്.എം.വൈ.എം. സംഘടനയെപ്പറ്റി രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ സംസാരിച്ചു.

**14. വാർഷികം**

ജൂലൈ 21 ഞായറാഴ്ച കുടയത്തൂർ യൂണിറ്റിൽ എസ്.എം.വൈ.എം. വാർഷികം നടത്തപ്പെട്ടു. വൈസ് പ്രസിഡന്റ് റീത്തു കിഴക്കേവേലിക്കാത്ത് പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് ബ്രാഹ്മണവേലിൽ അദ്ധ്യക്ഷത വഹിച്ചു.

**15. കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ്**

ജൂലൈ 26,27,28 എന്നീ ദിവസങ്ങളിൽ തിരുവനന്തപുരത്തുവച്ച് കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ് നടന്നു.

**നടക്കാനിരിക്കുന്നവ**

1. ആഗസ്റ്റ് 28 ബുധനാഴ്ച മാർ സെബാസ്റ്റ്യൻ വയലിൽ ഫുട്ബോൾ ടൂർണമെന്റ് പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ നടത്തപ്പെടുന്നു.
2. സെപ്തംബർ മാസത്തിൽ പാറേമാക്കൽ തോമ്മാ ഗോവർണദോർ ബാഡ്മിന്റൺ ടൂർണമെന്റ് രാമപുരത്തുവച്ചും നിധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് കുറവിലങ്ങാട് വച്ചും നടത്തപ്പെടും.

**ഫാ. സിറിൽ തയ്യിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. ഓറിയന്റേഷൻ പ്രോഗ്രാം – അസംപ്ഷൻ ഹോസ്റ്റൽ**

പാലാ അരുണാപുരം അസംപ്ഷൻ ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കായി ജൂലൈ 3-ന് ഒരു ജീവിതദർശനപ്രോഗ്രാം നടത്തി. ഫാ. കുര്യൻ മറ്റം, നന്ദു ജോൺ, സി. സാലി എന്നിവർ നേതൃത്വം നൽകി.

**2. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ നേതൃത്വത്തിലുള്ള യുവജന രാത്രിആരാധന ജൂലൈ 5 വെള്ളിയാഴ്ച അരുണാപുരം സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ നടന്നു. ഫാ. തോമസ് കരോട്ടുകിഴക്കേൽ വചനപ്രഘോഷണം നടത്തി. ഫാ. കുര്യൻമറ്റം, ഫാ. സിറിൽ തയ്യിൽ, റോയി ജോസഫ് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**3. ഫിലിപ്പ് കോഴ്സ്**

ജീസസ് യൂത്തിന്റെ ഫോർമേഷൻ കോഴ്സുകളിൽ ആദ്യത്തെ പരിശീലന കർമ്മപരിപാടിയായ ഫിലിപ്പ് കോഴ്സ് കടുത്തുരുത്തി എസ്.വി.ഡി. ധ്യാനകേന്ദ്രത്തിൽ ജൂലൈ 5,6,7 തീയതികളിൽ നടത്തപ്പെട്ടു. ഫാ. കുര്യൻമറ്റം, ജിജോ കലൂർ, എം.റ്റി. വർഗീസ് ചങ്ങനാശ്ശേരി, റെജി കുന്നേൽ, ജോസ് മാത്യു എന്നിവർ കോഴ്സിനു നേതൃത്വം നൽകി.

**4. പ്രോ–ലൈഫ് എക്സിബിഷൻ – മുട്ടുചിറ**

ജീസസ് യൂത്തിന്റെ പാരിഷ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ മുട്ടുചിറ ഇടവകയിൽ ജൂലൈ 14–ാം തീയതി ഒരു പ്രോ–ലൈഫ് എക്സിബിഷൻ നടത്തി. എക്സിബിഷനോടൊപ്പം നടന്ന സമ്മേളനത്തിൽ യോഗേഷ് പുളിക്കൽ ക്ലാസുകൾ നയിച്ചു.

**5. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിന്റെ നേതൃത്വത്തിലുള്ള രണ്ടാം ശനിയാഴ്ച കൂട്ടായ്മ പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ ജൂലൈ 13–ന് ചേർന്നു. ഫാ. കുര്യൻ മറ്റം, ജോയിസി തോമസ് എന്നിവർ വചനം പങ്കുവച്ചു. സ്റ്റാനി, മരിയാമോൾ, ക്ലിജോ കണിയാംപടി, സെബാസ്റ്റ്യൻ പൈനികുളം എന്നിവർ ശുശ്രൂഷകൾ നയിച്ചു. ദിവ്യകാരുണ്യ ആരാധനയോടെ കൂട്ടായ്മ സമാപിച്ചു.

**6. കോറസ് – 2019**

ജീസസ് യൂത്തിലെ ഗായകരായ അംഗങ്ങളുടെ സംസ്ഥാനതല ശില്പശാല 'കോറസ്' എന്ന പേരിൽ എറണാകുളം തേവര സേക്രട്ട് ഹാർട്ട് കോളേജിൽ ജൂലൈ 12,13,14 തീയതികളിൽ നടന്നു. 'റെക്സ് ബാൻസ്' സംഘത്തിൽപ്പെട്ടവർ 'വോക്സ് ക്രിസ്റ്റി' ഗ്രൂപ്പ്, ഫാ. ആന്റണി ഉരുളിയാനിക്കൽ, അൽഫോൻസ് ജോസഫ് എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി. പാലാ സോണിനെ പ്രതിനിധീകരിച്ച് ജിയോ മൈക്കിളിന്റെ നേതൃത്വത്തിലുള്ള ഗായകരുടെ സംഘം പങ്കെടുത്തു.

**7. FOG - ഫോഗ് – ദേവമാതാ കുറവിലങ്ങാട്**

കുറവിലങ്ങാട് ദേവമാതാ കോളേജിലെ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 17-ന് FOG (Friends of God) എന്ന പേരിൽ ഒരു പ്രോഗ്രാം വിദ്യാർത്ഥികൾക്കുവേണ്ടി നടത്തി. എറണാകുളത്തുനിന്നുള്ള VOX CHRISTI എന്ന ജീസസ് യൂത്ത് ഗായകസംഘത്തിന്റെ ഭക്തിഗാനമേളയും സാക്ഷ്യങ്ങളും ഒപ്പം അവതരിപ്പിച്ചു.

**8. മദ്ധ്യസ്ഥപ്രാർത്ഥന**

ജീസസ് യൂത്തിന്റെ പാലാ രൂപതയിലെ ശുശ്രൂഷകളുടെ വിജയത്തിനായി ജൂലൈ 15-ന് കടുത്തുരുത്തി എസ്.വി.ഡി. ധ്യാനകേന്ദ്രത്തിൽ മദ്ധ്യസ്ഥപ്രാർത്ഥനാകൂട്ടായ്മ നടത്തി. ഫാ. കുര്യൻ മറ്റം, ബിലാസ്, ജോസ് മാത്യു, ക്ലിജോ കണിയാംപടി, അന്നക്കുട്ടി വർക്കി എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**9. ഫാമിലി കൂട്ടായ്മ**

ജീസസ് യൂത്ത് ദമ്പതികളുടെ കൂട്ടായ്മ ജൂലൈ 20-ന് അരുണാപുരം ഇടവക ദൈവാലയത്തിൽ ചേർന്നു. വചനപ്രഘോഷണം, മദ്ധ്യസ്ഥപ്രാർത്ഥന, പങ്കുവയ്ക്കലുകൾ എന്നിവ നടന്നു. ഫാ. കുര്യൻ മറ്റം, ബിലാസ്, മാത്യു എം. കുര്യാക്കോസ്, രാജൻ പീറ്റർ, ബിജു ഇലഞ്ഞി, ഷൈബു കുരുവിനാൽ എന്നിവർ നേതൃത്വം കൊടുത്തു.

**10. ആനിമേറ്റേഴ്സ് സമ്മേളനം**

ജീസസ് യൂത്തിന്റെ അദ്ധ്യാപകരായ ആനിമേറ്റേഴ്സിന്റെ സമ്മേളനം ജൂലൈ 20-ന് ശാലോം ഓഡിറ്റോറിയത്തിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, മാത്യു എം. കുര്യാക്കോസ് എന്നിവർ ക്ലാസുകൾ നയിച്ചു. സമാന്തരമായി സ്കൂളുകളിൽനിന്നുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ സമ്മേളനവും ജീസസ് യൂത്ത് ഓറിയന്റേഷനും ഷാലോമിൽ നടന്നു.

**11. ഹൗസ് ഹോൾഡ് സമ്മേളനം – അരുവിത്തുറ**

ജീസസ് യൂത്തിന്റെ അരുവിത്തുറ മേഖലാ ഹൗസ് ഹോൾഡ് സമ്മേളനം ജൂലൈ 14 ന് അരുവിത്തുറ മിനി പാരിഷ് ഹാളിൽ നടന്നു. ജെറിൻ മാത്യു, റെജി കുന്നേൽ, ജോസ് മാത്യു എന്നിവർ നേതൃത്വം നൽകി.

**12. വചനപ്രഘോഷണവും കൂട്ടായ്മയും – നേഴ്സിംഗ് കോളേജ് ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ മാർ സ്ലീവാ നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയും പ്രാർത്ഥനയും ജൂലൈ 21-ന് ഹോസ്റ്റലിലെ ചാപ്പലിൽ നടന്നു. ഫാ. കുര്യൻ മറ്റം, നന്ദു ജോൺ എന്നിവർ ശുശ്രൂഷകൾ നയിച്ചു. സി. ബീനാ, ജിയോ മൈക്കിൾ എന്നിവർ നേതൃത്വം നൽകി.

**13. കൗൺസിൽ സമ്മേളനം**

ജീസസ് യൂത്തിന്റെ സോണൽ കൗൺസിൽ യോഗം ജൂലൈ 21-ന് ഷാലോമിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി, ബിലാസ്, ജോസ് മാത്യു, മെറിൻ ചൊവ്വാറ്റുകുന്നേൽ എന്നിവർ പ്രോഗ്രാം നയിച്ചു.

**14. ജീവിതദർശനധ്യാനം**

കുടുംബജീവിതത്തിന്റെ മൂല്യങ്ങളെക്കുറിച്ച് യുവതീയുവാക്കൾക്ക് അവബോധം നല്കാൻ വേണ്ടി ഒരു ജീവിതദർശനധ്യാനം ജൂലൈ 27,28 തീയതികളിൽ പാലാ, ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ നടന്നു. ഫാ. തോമസ് കോഴിമല എം.എസ്.ബി.എസ്., ഫാ. കുര്യൻ മറ്റം എന്നിവർ ധ്യാനശുശ്രൂഷകൾ നയിച്ചു.

**15. വല്യച്ചൻമലയിലെ കുരിശിന്റെ വഴി**

ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ 26-ാം തീയതി വൈകിട്ട് അരുവിത്തുറ വല്യച്ചൻ മലയിൽ കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചു. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡിറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

**1. ബോധവല്ക്കരണക്ലാസ് കിഴപറയാർ ഇടവകയിൽ**

3-7-2019 ബുധനാഴ്ച 11 മണി മുതൽ കിഴപറയാർ ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് അവരുടെ വിളിയേയും ദൗത്യത്തേയും കുറിച്ച് രൂപതാ കോർഡിനേറ്റർ തോമസ് വടക്കേൽ ക്ലാസ്സെടുത്തു.

**2. ദിവ്യകാരുണ്യ ആരാധന**

4-7-19 9.30 മുതൽ 10.30 വരെ ഷാലോം ചാപ്പലിൽ രൂപത കൗൺസിലംഗങ്ങൾ ദിവ്യകാരുണ്യാരാധനയും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ. സി. ജോസ് മേരി എഫ്.സി.സി. എന്നിവർ നേതൃത്വം നൽകി.

**3. രൂപത കൗൺസിൽ**

4-7-2019 വ്യാഴാഴ്ച 10.30 മുതൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മ രൂപത കൗൺസിൽ ഡയറക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. സെക്രട്ടറി ജോണി സിറിയക് വേലംകുന്നേൽ റിപ്പോർട്ട് വായിച്ചു. തുടർന്നു മുൻമാസത്തിലെ പ്രവർത്തനം വിലയിരുത്തലും ഭാവി പ്രവർത്തനങ്ങളുടെ പ്ലാനിംഗും നടന്നു. രൂപത കൗൺസിലംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**4. അറക്കുളം പഴയപള്ളി**

7-7-19 ഞായറാഴ്ച 7 മണിക്ക് ഡയറക്ടർ റവ.ഫാ. വിൻസെന്റച്ചൻ അറക്കുളം പഴയപള്ളിയിൽ വി. കുർബാന അർപ്പിച്ച് കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിച്ചു.

**5. ബോധവല്ക്കരണ ക്ലാസ്**

7-7-19 ഞായറാഴ്ച 4 മണി മുതൽ അറക്കുളം പഴയപള്ളി ഇടവകയിലെ 10 കുടുംബകൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ബോധവല്ക്കരണ ക്ലാസ് നടത്തി.

**6. റിസോഴ്സ് ടീം ട്രെയിനിംഗ്**

11-7-19 വ്യാഴാഴ്ച 9.30 മുതൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുംബകൂട്ടായ്മയുടെ പുതിയ റിസോഴ്സ് ടീമിനുവേണ്ടിയുള്ള പരിശീലനം നടന്നു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ക്ലാസ് നയിച്ചു. കോർഡിനേറ്റർ, സെക്രട്ടറി തുടങ്ങിയവരും പങ്കെടുത്തു.

**7. ചൂണ്ടച്ചേരി ഭാരവാഹികൾക്ക് ക്ലാസ്**

14-7-19 ഞായറാഴ്ച രാവിലെ 7.30 മുതൽ ചൂണ്ടച്ചേരി ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് അവരുടെ വിളിയും ദൗത്യവും വിശദീകരിച്ച് തോമസ് വടക്കേൽ ക്ലാസ്സെടുത്തു. ഇടവക വികാരി റവ.ഫാ. ജയിംസ് പൊരുന്നോലിൽ നേതൃത്വം നൽകി.

**8. വൈദികസമ്മേളനം അരമനയിൽ**

17-7-19 ബുധനാഴ്ച അരമനയിലെ കോൺഫ്രൻസ് ഹാളിൽ വച്ചു നടന്ന വൈദികസമ്മേളനത്തിൽ കുടുംബകൂട്ടായ്മ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കുടുംബകൂട്ടായ്മയെക്കുറിച്ച് കുടുംബകൂട്ടായ്മയുടെ ഭാരവാഹികൾക്കും യൂണിറ്റു തലത്തിലും നടത്തുന്ന ബോധവല്ക്കരണ ക്ലാസുകളെക്കുറിച്ചും വിശദമായി സംസാരിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെയും സാന്നിധ്യത്തിൽ പെരിയ ബഹു. വികാരി ജനറാളച്ചന്മാർ, കഴിഞ്ഞ പത്തു വർഷത്തിനിടയിൽ അഭിഷിക്തരായ വൈദികർ തുടങ്ങിയവർ പങ്കെടുത്തു.

**9. തുടർ പരിശീലനം**

18-7-2019 വ്യാഴാഴ്ച 9.30 മുതൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം നടന്നു. കോർഡിനേറ്റർ തോമസ് വടക്കേൽ പ്രൊഫ. ലിറ്റിൽ ഫ്ളവർ ജോസ്, ഡൊമിനിക് വർഗീസ് തുടങ്ങിയവർ നേതൃത്വം നല്കി.

**10. ഭാരവാഹികൾക്ക് ബോധവല്ക്കരണക്ലാസ് - മൂന്നിലവ്**

21-7-2019 ഞായറാഴ്ച ഉച്ചയ്ക്ക് 2 മുതൽ മൂന്നിലവ് ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് ബോധവല്ക്കരണക്ലാസ് ഇടവക വികാരി റവ. ഫാ. ജോർജ് ചൊള്ളനാലിന്റെ നേതൃത്വത്തിൽ നടന്നു. ഭാരവാഹികളുടെ വിളിയേയും ദൗത്യത്തേയും കുറിച്ച് തോമസ് വടക്കേൽ ക്ലാസ് നയിച്ചു.

**11. റിസോഴ്സ് ടീമിന് തുടർപരിശീലനം**

25-7-2019 രാവിലെ 9.30 മുതൽ പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. തോമസ് വടക്കേൽ ജോണി സിറിയക് വേലംകുന്നേൽ, ലിറ്റിൽ ഫ്ളവർ, ഡൊമിനിക് വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

**12. പാലക്കാട്ടുമല**

28-7-2019 ഞായറാഴ്ച 7 മണിക്ക് കുടുംബകൂട്ടായ്മ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വി. കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു.

**13. യൂണിറ്റുകളിൽ ക്ലാസ്**

28-7-2019 ഞായറാഴ്ച 4.30 മുതൽ പാലക്കാട്ടുമല ഇടവകയിലെ 12 കുടുംബകൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ബോധവല്ക്കരണ ക്ലാസ് നടത്തി.

**14. ബോധവല്ക്കരണ ക്ലാസ്**

കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ഇടവകയിൽ 28-7-2019 ഞായർ ഉച്ചയ്ക്ക് 2 ന് കുടുംബകൂട്ടായ്മ ഭാരവാഹികൾക്കു ബോധവല്ക്കരണക്ലാസ് കുടുംബകൂട്ടായ്മ രൂപതാ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തി. പെരിയ ബഹു. ആർച്ച് പ്രീസ്റ്റ് റവ.ഫാ. ജോസഫ് തടത്തിൽ, സഹവൈദികർ, വിവിധ സോണുകളുടെ ഭാരവാഹികൾ, യുവജനഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

---

# എ.കെ.സി.സി.

---

**1. മാർത്തോമ്മാ മാർഗ്ഗം വിശ്വാസസംഗമം - സഭാദിനാചരണം**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതിയുടെ നേതൃത്വത്തിൽ 'മാർത്തോമാ മാർഗ്ഗം' എന്ന വിശ്വാസസംഗമം 2019 ജൂലൈ 14 ഞായർ 2.30 ന് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. മാർത്തോമ്മാശ്ലീഹായുടെ ഭാരത പ്രേഷിതത്തെ ഉറക്കെ പ്രഖ്യാപിക്കാനും അതിനെതിരെ പറയുന്നവർക്ക് മറുപടി പറയാനുമാണ് വിശ്വാസസംഗമം സംഘടിപ്പിച്ചത്. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. ഭാരത സഭയുടെ അടിസ്ഥാനം മാർത്തോമ്മാ മാർഗ്ഗമാണെന്നും അതിനെ തള്ളിപറയുന്നവർ ട്രാക്ക് തെറ്റി ഓടുന്നവരാണെന്നും ഉദ്ഘാടനപ്രസംഗത്തിൽ അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് പറഞ്ഞു. മാർത്തോമ്മാശ്ലീഹായുടെ ഭാരത പ്രേഷിതത്വം ചരിത്ര വസ്തുതയാണ്. വ്യക്തിനിഷ്ഠരായ താൽപര്യങ്ങൾക്കുവേണ്ടി അതിനെ വളച്ചൊടിക്കരുത്. സഭയിലെ ഐക്യവും ഒത്തൊരുമയും തകർക്കാൻ ശ്രമിക്കുന്നവർക്കുള്ള ഉത്തരമാണ് മാർത്തോമ്മാ മാർഗ്ഗമെന്നും ബിഷപ്പ് പറഞ്ഞു. ആർച്ച് പ്രീസ്റ്റ് റവ.ഡോ. ജോസഫ് തടത്തിൽ സഭാദിന സന്ദേശം നൽകി. രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രസംഗം നടത്തിയ സമ്മേളനത്തിൽ സഭാവക്താവ് സാജു അലക്സ്, ജന. സെക്രട്ടറി ഇമ്മാനുവൽ നിധീരി, ആൻസമ്മ സാബു, ഡോ. നിധീഷ് മാത്യു എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിന് മുന്നോടിയായി നിധീരിക്കൽ മാണിക്കത്തനാരുടെ കബറിടത്തിൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തി.

**ആലഞ്ചേരി പിതാവിന് പിന്തുണയും ഐക്യദാർഢ്യവും**

സീറോ-മലബാർ സഭാതലവനായ ആലഞ്ചേരി പിതാവിന് സഭാദിനാചരണത്തിന്റെ ഭാഗമായി കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതി ശക്തമായ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിച്ചു. കുറവിലങ്ങാട് വച്ച് നടന്ന സംഗമത്തിൽ രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിൽ ആയിരക്കണക്കിന് അത്മായ പ്രതിനിധികൾ ഒത്തുചേർന്ന് ഐക്യദാർഢ്യം പ്രഖ്യാപിച്ചത്. കുപ്രചരണങ്ങളിലൂടെയും വിമതപ്രവർത്തനങ്ങളിലൂടെയും സഭാതലവനെ ഒറ്റപ്പെടുത്തി അക്രമിക്കാൻ ആരെയും അനുവദിക്കില്ല എന്നും വിമത വൈദികർ ഉൾപ്പെടെ നടത്തുന്ന നീക്കങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും സമ്മേളനം ഒന്നടങ്കം ആവശ്യപ്പെട്ടു.

**സമുദായനേതൃസമ്മേളനം എറണാകുളത്ത്**

കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 21 ന് എറണാകുളം പി.ഒ.സി. യിൽ വച്ച് സമുദായനേതൃസമ്മേളനം സംഘടിപ്പിച്ചു. സീറോ മലബാർ സഭയെയും സഭാതലവനെയും തെരുവിൽ അപമാനിക്കാതെ വിമതർക്കെതിരെ അച്ചടക്കനടപടി ആവശ്യപ്പെട്ടാണ് സമുദായ നേതൃസമ്മേളനം നടത്തിയത്. വിമതർ തെരുവിൽ ജാഥ നടത്തിയതും, സഭാതലവന്റെ കോലം കത്തിച്ചതും വ്യാജരേഖ നിർമ്മിച്ചതും സഭാകേന്ദ്രത്തിൽ സത്യാഗ്രഹം നടത്തിയതും എല്ലാ പരിധികളും ലംഘിച്ചുവെന്നും അതീവ ഗുരുതരമായ തെറ്റാണെന്നും യോഗം വിലയിരുത്തി. കടുത്ത നടപടി വേണമെന്ന് സിനഡിനോട് ആവശ്യപ്പെടാൻ യോഗം കേന്ദ്രസമിതിയെ ചുമതലപ്പെടുത്തി. പാലാ രൂപതയിൽനിന്ന് 25 ഭാരവാഹികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**ആലഞ്ചേരി പിതാവിനെ സന്ദർശിച്ചു.**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ ഭാരവാഹികൾ ഉൾപ്പെട്ട സംഘം അഭിവന്ദ്യ കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവിനെ മൗണ്ട് സെന്റ് തോമസിലെത്തി സന്ദർശിച്ചു. സഭയുടെ നന്മയെക്കരുതി സഭാവിരുദ്ധ ശക്തികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ അഭിവന്ദ്യ പിതാവിനോട് ആവശ്യപ്പെട്ടു. എല്ലാ കാര്യങ്ങളിലും മുഴുവൻ അത്മായരുടെയും പൂർണ്ണപിന്തുണ ഉറപ്പു നൽകി. സഭയെയും സഭാതലവനെയും തെരുവിൽ വലിച്ചിഴക്കുവാൻ അനുവദിക്കില്ല എന്ന് പ്രഖ്യാപിച്ചു. എറണാകുളം - അങ്കമാലി അതിരൂപതയിലെ സംഭവവികാസങ്ങൾ അഭിവന്ദ്യ ആലഞ്ചേരി പിതാവ് കത്തോലിക്കാ കോൺഗ്രസിനോട് പങ്കുവച്ചു.

**സാമ്പത്തിക സംവരണം - ചർച്ച, നിവേദനം**

സർക്കാർ സർവ്വീസുകളിലും വിദ്യാഭ്യാസരംഗത്തും മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകുന്ന വിഷയത്തിൽ നിലപാട് വ്യക്തമാക്കി കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതി ഇ.ഡബ്ല്യു.എസ്. കമ്മീഷനും ചെയർമാനും നിവേദനം നൽകി. 103-ാം ഭരണഘടനയുടെ ഭേദഗതിപ്രകാരം ഈ സംവരണം കേരളത്തിൽ നടപ്പിലാക്കുമ്പോൾ

വേണ്ട മാനദണ്ഡങ്ങളിൽ മാറ്റം വേണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടു. ഇപ്പോഴുള്ള മാനദണ്ഡങ്ങൾ കേരളത്തിൽ പര്യാപ്തമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നിവേദനം നൽകിയത്. നേരത്തെ രൂപതാസമിതി അംഗങ്ങളും നിയമവിദഗ്ധരും സാമ്പത്തിക വിദഗ്ധരും ഒത്തുചേർന്ന് രൂപതാ ഓഫീസിൽ യോഗം ചേർന്ന് ചർച്ചകളും പഠനങ്ങളും നടത്തിയ ശേഷമാണ് നയരൂപീകരണം നടത്തിയത്.

**സൈബർ ആക്ഷൻ ഫോറം മീറ്റിംഗ്**

കത്തോലിക്കാ കോൺഗ്രസ് സൈബർ ആക്ഷൻ ഫോറത്തിന്റെ ത്രൈമാസയോഗം രൂപതാ ഓഫീസിൽ വച്ച് നടത്തപ്പെട്ടു. സോഷ്യൽ മീഡിയായിലൂടെയുള്ള ഇടപെടലുകൾ യോഗം വിലയിരുത്തി. കൂടുതൽ ഫൊറോനകളിൽ ഫോറങ്ങൾ രൂപീകരിക്കാൻ യോഗം തീരുമാനിച്ചു. കൂടാതെ ഫോറത്തിന്റെ നേതൃത്വത്തിൽ 'ഇ-ന്യൂസ് പോർട്ടൽ' ആരംഭിക്കുവാൻ തീരുമാനിക്കുകയും അതിനായി 5 അംഗ എഡിറ്റോറിയൽ ബോർഡിനെ നിയമിക്കുകയും ചെയ്തു.

**കാർട്ടൂൺ പുരസ്കാരം പിൻവലിക്കുക**

സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള ലളിതകലാ അക്കാദമി കുരിശിനെ വികലമായി ചിത്രീകരിച്ച കാർട്ടൂണിന് അവാർഡ് നല്കിയത് അപലപനീയമാണെന്നും സർക്കാർ നിലപാട് വ്യക്തമാക്കണമെന്നും അവാർഡ് പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതി അടിയന്തിര നിവേദനം മുഖ്യമന്ത്രിക്കും സാംസ്കാരിക വകുപ്പ് മന്ത്രിക്കും ലളിതകലാ അക്കാദമി ചെയർമാനും നൽകി. അവാർഡ് പിൻവലിപ്പിക്കുംവരെ ശക്തമായ പ്രതികരണങ്ങൾ നടത്തുവാൻ രൂപതാ ഓഫീസിൽ ചേർന്ന നേതൃയോഗം തീരുമാനിക്കുകയുണ്ടായി.

**കർഷക ആത്മഹത്യക്കെതിരെ പ്രതിഷേധം**

കടുത്തുരുത്തിയിൽ ക്ഷീരകർഷകൻ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതി ശക്തമായ പ്രതിഷേധം സംഘടിപ്പിച്ചു. കർഷക ആത്മഹത്യകൾ തുടർച്ചയായി ഉണ്ടായിട്ടും സർക്കാർ അനങ്ങാപ്പാറ നയമാണ് സ്വീകരിക്കുന്നതെന്നും ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. കാർഷിക കടങ്ങൾ എഴുതിത്തള്ളുക, കാർഷിക കടാശ്വാസ കമ്മീഷന്റെ കടുത്ത നിബന്ധനകളിൽ ഭേദഗതി വരുത്തുകയും പ്രവർത്തനങ്ങൾ വേഗത്തിലാക്കുകയും വേണം. കർഷകരുടെ വോട്ടുവാങ്ങി വിജയിച്ച ശേഷം കർഷകരെ മറക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ നയങ്ങൾ തിരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രതിഷേധം സംഘടിപ്പിച്ചത്.

**നേതൃസമ്മേളനം പ്രവിത്താനത്ത്**

കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പ്രവിത്താനം ഫൊറോനാ പള്ളിയിൽ വച്ച് നേതൃസംഗമം നടത്തി. സമീപകാലത്ത് സഭയിൽ സംജാതമായിക്കൊണ്ടിരിക്കുന്ന വിമതപ്രവർത്തനങ്ങളിൽ യോഗം

ഉത്കണ്ഠ രേഖപ്പെടുത്തി. സീറോ മലബാർ സഭാ വക്താവ് സാജു അലക്സ് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് നയവിശദീകരണം നടത്തി. ഫൊറോന വികാരി റവ.ഫാ. സെബാസ്റ്റ്യൻ പടിക്കകുഴുപ്പിൽ മുഖ്യപ്രഭാഷണം നടത്തി.

**അടുക്കളത്തോട്ട മത്സരം**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ അടുക്കളത്തോട്ട മത്സരം സംഘടിപ്പിക്കുന്നു. വിഷരഹിത പച്ചക്കറിയും കുടുംബകൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ കാർഷിക സംസ്ക്കാരത്തിന് യുവജനങ്ങളെ ഒരുക്കുന്നതിനും വേണ്ടിയാണ് അടുക്കളത്തോട്ടമത്സരം നടത്തുന്നത്. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലാണ് രൂപതാ, ഫൊറോനതലങ്ങളിലുള്ള മത്സരങ്ങൾ നടത്തപ്പെടുന്നത്.

**ഇമ്മാനുവൽ നിധീരി** (ജന. സെക്രട്ടറി)

# ഫാമിലി അപ്പോസ്തലേറ്റ്

## A. Counselling Course

**1. ആഗസ്റ്റ് മാസം കോഴ്സ് തീയതികൾ**

ആഗസ്റ്റ് മാസം **ഡിപ്ലോമ കോഴ്സ് 3,4** തീയതികളിലും **സർട്ടിഫിക്കറ്റ് കോഴ്സ് 9,23** തീയതികളിലും നടത്തപ്പെടുന്നതാണ്.

## B. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ജൂലൈ 1-3** തീയതിയിലെ വിവാഹ ഒരുക്ക കോഴ്സിൽ 137 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ആഗസ്റ്റ് 5-7, 19-21** തീയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **സെപ്റ്റംബർ 2-4, 23-25** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂലൈ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 271 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## C. മാതൃ-പിതൃവേദി സംയുക്തപരിപാടികൾ

**1. അൽഫോൻസാ തീർത്ഥാടനം- പാലാ**

ജൂലൈ 12-ന് മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേയ്ക്ക് തീർത്ഥാടനം നടത്തപ്പെട്ടു.

രാവിലെ 10.50 ന് പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. തീർത്ഥാടനകേന്ദ്രം റെക്ടർ റവ. ഫാ. ജോസ് വള്ളോംപുരയിടത്തിൽ വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ നിന്നും പകർന്നു നല്കിയ ദീപം വഹിച്ചുകൊണ്ടുള്ള ജപമാല പ്രദക്ഷിണം വലിയപള്ളിയിൽ എത്തി ചേർന്നപ്പോൾ ഭരണങ്ങാനം ഫൊറോനവികാരി വെരി. റവ. ഫാ.അഗസ്റ്റിൻ കൊഴുപ്പൻകുറ്റി നല്കിയ തിരുശേഷിപ്പിന്റെ ആശീർവാദത്തോടെ ജപമാലപ്രദക്ഷിണം സമാപിച്ചു. രൂപതയുടെ എല്ലാ ഇടവകകളിൽ നിന്നുമുള്ള 1500 ഓളം മാതാക്കൾ തീർത്ഥാടനത്തിൽ പങ്കുചേർന്നു. സ്നേഹവിരുന്നോടു കൂടി തീർത്ഥാടനം അവസാനിച്ചു.

## D. പിതൃവേദി

**1. പുതിയ യൂണിറ്റ് – ചേറ്റുതോട്**

ചേറ്റുതോട് ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു. ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ പരിപാടിയിൽ പങ്കെടുത്തു.

**2. യൂണിറ്റ് സന്ദർശനം – അരുവിത്തുറ**

അരുവിത്തുറ യൂണിറ്റിൽ ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിലും, രൂപതാ ഭാരവാഹികളും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

## E. മാതൃവേദി

**1. ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് – പാലാ**

ജൂലൈ 13ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് നടത്തപ്പെട്ടു. മേഖലകളിലും യൂണിറ്റിലും മാതൃവേദി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാൻ വേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. രൂപതാ ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ, ജോയിന്റ് ഡയറക്ടർ സി. കുസുമം എസ്.എച്ച്, മാതൃവേദി രൂപതാ ഭാരവാഹികൾ തുടങ്ങിയവർ പ്രസ്തുത സമ്മേളനത്തിന് നേതൃത്വം നല്കി.

**2. നവോമി ഫോറം**

എല്ലാ ഫൊറോനകളിലും വിധവകളായ സ്ത്രീകളെ വിളിച്ചു കൂട്ടി നവോമി ഫോറം രൂപീകരിക്കാൻ തീരുമാനിച്ചു.

**3. പാലിയേറ്റീവ് കെയർ – രാമപുരം**

രാമപുരം യൂണിറ്റിൽ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഉദ്ഘാടന കർമ്മം ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ നിർവഹിച്ചു. രോഗികളുടെ ചികിത്സാർത്ഥം 10000 രൂപ സംഭാവന നല്കി.

**4. പ്രീസ്റ്റ് ഹോം സന്ദർശനം – പാലാ**

രാമപുരം യൂണിറ്റിലെ മാതൃവേദി അമ്മമാർ പാലാ പ്രീസ്റ്റ് ഹോം സന്ദർശിച്ചു.

**5. മത്സരങ്ങൾ – പാലാ**

വാർഷികത്തിനു മുന്നോടിയായി പാലാ ഷലോം പാസ്റ്ററലിൽ വച്ചു നടത്തപ്പെടുന്ന മത്സരങ്ങൾ താഴെ കൊടുക്കുന്നു

1. ഭക്തഗാനരചനാമത്സരം- സെപ്റ്റംബർ 20 വെള്ളി 10 am
2. കായികമത്സരങ്ങൾ - സെപ്റ്റംബർ 20 വെള്ളി 11 am
3. ബൈബിൾ ക്വിസ് - സെപ്റ്റംബർ 27 വെള്ളി 10 am
4. പ്രസംഗമത്സരം - ഒക്ടോബർ 4 വെള്ളി 10 am
5. ബൈബിൾ മനനം - ഒക്ടോബർ 4 വെള്ളി 11.30 am
6. മാതൃവേദി ആന്തം - ഒക്ടോബർ 18 വെള്ളി 10 am
7. ലളിതഗാനം - ഒക്ടോബർ 18 വെള്ളി 12 Noon

കൂടാതെ **അഖില കേരള ഫാമിലി ബൈബിൾ ക്വിസ് മത്സരം** ഉണ്ടായിരിക്കും. ഫൊറോനതലം 3-11-2019, രൂപതാതലം 04-01-2020.

**F. ഹോംമിഷൻ**

**1. അടുക്കം**

അടുക്കം ഇടവകയിൽ ജൂലൈ മാസം മുതൽ ഹോംമിഷൻ ആരംഭിച്ചു.

**G. പ്രോലൈഫ്**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂലൈ 7-ാം തീയതി 3 മുതൽ 5 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോലൈഫ് എക്സിക്യൂട്ടീവ് യോഗം ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**H. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ആഗസ്റ്റ് മാസത്തെ മാഗസിനായുള്ള വർക്കുകൾ ചെയ്തുവരുന്നു.

**I. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂലൈ 8 -ാം തീയതി മുതൽ ഹോംസയൻസ് ക്ലാസ്സുകൾ** ആരംഭിച്ചു. കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ- 9496571321

**J. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം ജയ്ഗിരി, കുന്നോന്നി, അയ്യമ്പാറ, തിടനാട്, കാഞ്ഞിരമറ്റം, അന്തീനാട്, പൂവരണി, പൂവത്തോട് ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **40,000** രൂപാ നൽകി.

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. പി.എസ്.ഡബ്ല്യു.എസ്. സോഷ്യൽ വെൽഫെയർ സൊസൈറ്റി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി, കർഷക ബാങ്ക്, ഇൻഫാം എന്നിവയുടെ ഭാരവാഹികളുടെ നേതൃത്വസംഗമം പാലാ ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്നു. അഭിവന്ദ്യ പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ, ഇൻഫാം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചകൾക്ക് രൂപതയിലെ വൈദിക പ്രതിനിധികൾ, ഇൻഫാം, കർഷകബാങ്ക്, ഫാർമേഴ്സ് ക്ലബ് എന്നിവയുടെ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു. കാർഷിക സംരംഭങ്ങൾ, കാർഷിക മൂല്യവർദ്ധിത യൂണിറ്റുകൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനികൾ തുടങ്ങിയ യൂണിറ്റുകൾ രൂപതയിലെ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു.

**2. ഫാർമേഴ്സ് ക്ലബ് ഏകദിന പരിശീലനവും പഠനയാത്രയും**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ നബാർഡിന്റെ സഹകരണത്തോടെ കിഴതടിയൂർ ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് ഏകദിന സംരംഭകത്വ പരിശീലനപരിപാടി നടന്നു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ നടന്ന പരിശീലന പരിപാടി വികാരി ജനറാൾ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു. നബാർഡ് കോട്ടയം ജില്ലാ മാനേജർ കെ.ബി. ദിവ്യ, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രങ്ങൾ ഡോ. എം.എസ്. സജീവ് എന്നിവർ ക്ലാസ് നയിച്ചു. തുടർന്ന് കാഞ്ഞിരമറ്റം ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയിലേക്ക് പഠനയാത്ര നടന്നു.

**3. ആറാമത് കാർഷികമേള**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആറാമത് കാർഷിക വ്യാവസായിക മേള നവംബർ 27,28,29,30, ഡിസംബർ 1 തീയതികളിൽ പാലായിൽ വച്ച് നടക്കും.

**4. കുടുംബോദ്ധാരണ പദ്ധതി**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലേക്ക് പുതിയതായി 20 കുടുംബങ്ങൾക്കുകൂടി അംഗത്വം ലഭിച്ചു.

**5. സാമൂഹ്യ സുരക്ഷാ പദ്ധതി**

വാർഷിക പ്രീമിയം 12 രൂപ അടച്ച് 2 ലക്ഷം രൂപായുടെ അപകട സുരക്ഷ ഉറപ്പുവരുത്തുന്ന പ്രധാനമന്ത്രിയുടെ സുരക്ഷാ ബീമാ യോജന പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനുള്ള ബോധവല്ക്കരണ പ്രവർത്തന സെമിനാറുകൾ സോൺ തലത്തിലും യൂണിറ്റ് തലത്തിലും നടന്നുവരുന്നു.

**6. മഴക്കാല രോഗങ്ങൾ പ്രതിരോധ സെമിനാർ**

കടനാട് സോണിന്റെ ആഭിമുഖ്യത്തിൽ നടന്ന മഴക്കാലരോഗങ്ങളെക്കുറിച്ചുള്ള പ്രതിരോധ സെമിനാറിന് കടനാട് ഹെൽത്ത് ഇൻസ്പെക്ടർ രാജശേഖരൻ എം.എ. നയിച്ചു.

മുട്ടുചിറ സോണിന്റെ ആഭിമുഖ്യത്തിൽ മഴക്കാലരോഗ പ്രതിരോധ മരുന്നുവിതരണം സോൺ ഡയറക്ടർ ഫാ. മുതുപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ ജയ്ഗിരി ഫെഡറേഷൻ ഡയറക്ടർ ഫാ. സിറിയക് തടത്തിൽ ഉദ്ഘാടനം ചെയ്തു.

കുറവിലങ്ങാട് സോണിന്റെ ആഭിമുഖ്യത്തിൽ മഴക്കാലരോഗ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് നടന്ന ബോധവല്ക്കരണ സെമിനാറിന് കുറവിലങ്ങാട് ഗവൺമെന്റ് ഹോമിയോ ഡോ. അനുഷ ഉദ്ഘാടനം ചെയ്തു.

തുടങ്ങനാട് സോണിന്റെ ആഭിമുഖ്യത്തിൽ തുടങ്ങനാട് വച്ചു നടന്ന ആരോഗ്യ സെമിനാറിന് മുട്ടം ഹെൽത്ത് ഇൻസ്പെക്ടർ സാം ഷിബു ക്ലാസ് നയിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഫ്രാൻസീസ് മാട്ടേൽ അധ്യക്ഷത വഹിച്ചു.

**7. പകർച്ചപ്പനി പ്രതിരോധ മരുന്ന് വിതരണം**

പകർച്ചപ്പനിക്കെതിരെ സൗജന്യ പ്രതിരോധ മരുന്ന് വിതരണം ചെമ്മലമറ്റം, പാലാ മലയിഞ്ചിപ്പാറ, അടിവാരം, മുട്ടുചിറ, തീക്കോയി, രാമപുരം, കളത്തൂർ, കുറുഞ്ഞി, മൂലമറ്റം എന്നീ സ്ഥലങ്ങളിൽ വച്ച് നടത്തി.

**8. പച്ചക്കറി തൈ വിതരണം**

മുട്ടുചിറ, പൂഞ്ഞാർ, കുറവിലങ്ങാട്, മൂലമറ്റം, തീക്കോയി എന്നീ സോണുകളുടെ ആഭിമുഖ്യത്തിൽ പച്ചക്കറി തൈ വിതരണം സംഘടിപ്പിച്ചു.

**9. ധനസഹായം**

പി.എസ്.ഡബ്ല്യു.എസ്. ന്റെ വിവിധ സ്വയംസഹായസംഘങ്ങൾ കഴിഞ്ഞമാസം 185000 രൂപായുടെ ധനസഹായം വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്കായി വിതരണം ചെയ്തു.

**10. വാർഷികം**

കൈപ്പള്ളി, മല്ലികശ്ശേരി, വെള്ളികുളം, ഉള്ളനാട്, ഐങ്കൊമ്പ്, മണിയംകുന്ന്, ഫാത്തിമാപുരം എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം നടത്തി.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. യൂത്ത് റിസോഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

2019 ജൂലൈ 12,13,14 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ദളിത് കത്തോലിക്കാ യുവജനങ്ങൾക്കുള്ള ഈ വർഷത്തെ യൂത്ത് റിസോഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ആരംഭിച്ചു. ജൂലൈ 12 വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേകുറ്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ഈ വർഷത്തെ ട്രെയിനിംഗ് പ്രോഗ്രാം പാലാ രൂപത സഹായമെത്രാനും കെ.സി.ബി.സി./എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷൻ ചെയർമാനുമായ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി ശ്രീ. ജോണി പരമല സ്വാഗതവും ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, സി. സോളി എസ്.എസ്.എം. എന്നിവർ ആശംസകളർപ്പിച്ചു. ശ്രീ. സദീപ് കെ.പി കൃതജ്ഞതയർപ്പിക്കുകയും ചെയ്തു. ഫാ. ജോസ് വടക്കേക്കുറ്റ്, ശ്രീ. റോഷൻ കട്ടക്കയം, ശ്രീ. സദീപ് കെ.പി., ശ്രീ. ജോണി പരമല, ശ്രീ. പി.ഒ. പീറ്റർ എന്നിവർ ക്യാമ്പിൽ ക്ലാസ്സെടുത്തു. ശ്രീ. സിബി, കുമാരി അഞ്ജലി ബേബി, ശ്രീമതി ജിൽസി സെബാസ്റ്റ്യൻ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി. അടുത്ത ക്യാമ്പ് ആഗസ്റ്റ് 9,10,11 തീയതികളിൽ നടത്തുന്നതാണ്. എം.ജി. യൂണിവേഴ്സിറ്റി ബി.എ. മലയാളം പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ അമല ജെയിംസ് അനുഭവങ്ങൾ ക്യാമ്പ് അംഗങ്ങളുമായി പങ്കുവച്ചു.

**2. ഡി.സി.എം.എസ്. കമ്മിറ്റി കൗൺസിൽ**

2019 ജൂലൈയിൽ ചങ്ങനാശ്ശേരി അതിരൂപത പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ്. സംസ്ഥാന കമ്മറ്റിയും കൗൺസിലും നടത്തപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കൗൺസിൽ യോഗം കെ.സി.ബി.സി. എസ്.സി/എസ്.റ്റി/ബി.സി കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്തു. ദളിത് കത്തോലിക്ക കുട്ടികൾക്ക് വേണ്ടിയുള്ള സംസ്ഥാന ഡയറക്ടർ ഫാ. ഷാജ്കുമാർ മുഖ്യപ്രഭാഷണം നടത്തി. ഡി.സി.എം.എസ്. പാലാ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, സെക്രട്ടറി ശ്രീ. ജോണി പരമല, ശ്രീ. ബാബു പീറ്റർ, സംസ്ഥാന സെക്രട്ടറി എൻ. റ്റോം ദാസ്, ട്രഷറർ ജോർജ്, ശ്രീ. സിസി കുത്തുകല്ല് എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത് സംസാരിച്ചു.

**3. യൂണിറ്റ് രൂപീകരണം - മലപ്പുറം**

2019 ജൂലൈ 21-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് മലപ്പുറം സെന്റ് തെരേസ ചർച്ച് പാരിഷ് ഹാളിൽ വച്ച് ഫാ. തോമസ് ചില്ലയ്ക്കൽ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ഡി.സി.എം.എസ്. പുതിയ യൂണിറ്റ് രൂപീകരണം നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗം ഉദ്ഘാ

ടനം ചെയ്തു. രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, രൂപത കമ്മിറ്റി മെമ്പർ ശ്രീ. ബിനോയി അമ്പലംകടയിൽ, മേഖല പ്രസിഡന്റ് ശ്രീ. ബി.വി. തോമസ്, സെക്രട്ടറി ശ്രീമതി മേഴ്സി സെബാസ്റ്റ്യൻ, വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ ഡി.സി.എം.എസ്. യൂണിറ്റ് ഭാരവാഹികളെയും കമ്മറ്റിയംഗങ്ങളെയും തിരഞ്ഞെടുത്തു. പുതിയതായി തിരഞ്ഞെടുത്ത ഭാരവാഹികളും കമ്മറ്റിയംഗങ്ങളും വികാരി അച്ചന്റെ സാന്നിധ്യത്തിൽ സത്യപ്രതിജ്ഞ ചെയ്തു ചാർജ്ജെടുത്തു. വാലാച്ചിറ, അൽഫോൻസാപുരം, കടുത്തുരുത്തി ഇടവകകൾ രൂപത-മേഖല ഭാരവാഹികൾ സന്ദർശിച്ചു.

**4. ജസ്റ്റിസ് സൺഡേ ദിനാചരണം**

സി.ബി.സി.ഐ. യുടെ ആഭിമുഖ്യത്തിൽ ജസ്റ്റിസ് സൺഡേ ആചരണം ഈ വർഷം ആഗസ്റ്റ് 18-ാം തീയതിയാണ്. അന്നേദിവസം എല്ലാ ഇടവകകളിലും വിവിധ ഭക്തസംഘടനകളുടെ നേതൃത്വത്തിൽ ദളിത് കത്തോലിക്കരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് നീതി ഞായറായി (ജസ്റ്റിസ് സണ്ഡേ) ആചരിക്കേണ്ടതാണ്. ദളിത് കത്തോലിക്ക ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേ പിരിവ് അന്നേദിവസം നടത്തി ബിഷപ്പ് ഹൗസിൽ ഏൽപിക്കേണ്ടതാണ്.

**5. സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസ്**

5-ാം ക്ലാസ് മുതൽ 9-ാം ക്ലാസ് വരെ പഠിക്കുന്ന ദളിത് കത്തോലിക്കാ കുട്ടികൾക്ക് ഡി.സി.എം.എസ്. സംഘടനയുടെ നേതൃത്വത്തിൽ നടത്തിവരുന്ന സിവിൽ സർവ്വീസ് കോച്ചിംഗിന്റെ ഈ വർഷത്തെ ക്ലാസുകൾ ആഗസ്റ്റ് 23-ാം തീയതി രാവിലെ 9 മണിക്ക് സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് ആരംഭിക്കുന്നു. ക്ലാസിന്റെ തീയതികൾ

| | |
|---|---|
| ആഗസ്റ്റ് - 15,23,28 | സെപ്തംബർ - 9,10,21 |
| ഒക്ടോബർ - 2,12 | നവംബർ - 9 |
| ഡിസംബർ - 21,28 | |

**6. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ സ്പോട് ദ ടാലന്റ് പദ്ധതിക്കായി അപേക്ഷകൾ ക്ഷണിക്കുന്നു.**

നാലാം ക്ലാസിലെ വാർഷിക പരീക്ഷയിൽ എല്ലാ വിഷയത്തിനും എ ഗ്രേഡ് മാർക്ക് കിട്ടിയ ഒ.ബി.സി. വിഭാഗത്തിൽപെട്ട ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കുള്ള 'Spot the tallent' സ്കോളർഷിപ്പിനുള്ള അപേക്ഷ ആഗസ്റ്റ് 14-നകം ഡി.സി.എം.എസ്. രൂപത ഓഫീസിലോ കോർപ്പറേഷന്റെ ഓഫീസിലോ നൽകേണ്ടതാണ്. അപേക്ഷ ഫോറം ഡി.സി.എം.എസ്. രൂപത ഓഫീസിലും കോർപ്പറേഷൻ ഓഫീസിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി ഡി.സി.എം.എസ്. ഓഫീസിൽ ബന്ധപ്പെടുക. 8281961038 (ഓഫീസ്), 9446200345 (പി).

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മരിയഭവൻ ഓൾഡ് ഏജ് ഹോം ശാന്തിഗിരി സന്ദർശിച്ചു.**

ശാന്തിഗിരിയിലുള്ള മരിയഭവൻ ഓൾഡ് ഏജ്ഹോമിലെ അംഗങ്ങളെയും അധികാരികളെയും രൂപതാ ഡയറക്ടർ ഫാ. സ്കറിയ വേകത്താനം സന്ദർശിച്ചു. വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**2. ഫൊറോന കോർഡിനേറ്റർമാരുടെ യോഗം നടത്തി.**

കെയർ ഹോംസിന്റെ ഫൊറോനാ കോർഡിനേറ്റർമാരുടെ യോഗം പാലാ അരമനയിൽ വച്ച് നടത്തി.

**3. ഷാലോം ഡയറക്ടേഴ്സ് മീറ്റ് പാലാ അരമനയിൽ**

ഷാലോമിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഡയറക്ടർമാരുടെ ഒരു യോഗം പാലാ അരമനയിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ, മോൺ. ജോസഫ് കുഴിഞ്ഞാലിൽ, മോൺ സെബാസ്റ്റ്യൻ വേത്താനത്ത് തുടങ്ങിയവർ പ്രസംഗിച്ചു. കെയർഹോംസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ റിപ്പോർട്ടവതരിപ്പിച്ചു.

**4. ജില്ലാ ഓർഫനേജ് അസ്സോസിയേഷൻ മീറ്റിംഗ്**

കോട്ടയം ജില്ലാ ഓർഫനേജ് അസ്സോസിയേഷൻ മീറ്റിംഗ് പാലാ സൺസ്റ്റാർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. സംസ്ഥാന ഓർഫനേജ് ട്രോൾ ബോർഡ് ചെയർമാൻ ഫാ. റോയി മാത്യു വടക്കേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. മാത്യു പാമ്പാടി, സന്തോഷ് മരിയസദനം, ഫാ. സ്കറിയ വേകത്താനം, ജോർജ് കുളങ്ങര, സി. വനജ ചുവപ്പുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു. കഴിഞ്ഞ വർഷത്തെ വരവ്-ചെലവ് കണക്കുകൾ യോഗത്തിൽ പാസ്സാക്കി. എസ്.എസ്. എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയവരെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് മരിയസദനം കലാസമിതിയുടെ നേതൃത്വത്തിൽ മെഗാഷോ പരിപാടി നടത്തി.

**5. സമ്മാനകൂപ്പൺ**

പാലാ രൂപതയിലെ ജീവകാരുണ്യ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് കെയർ ഹോംസ് നടത്തുന്ന കാരുണ്യ പ്രവർത്തനങ്ങളെ ലക്ഷ്യമാക്കി ആഗസ്റ്റ് മാസത്തിൽ 20 രൂപാ നിരക്കിൽ സമ്മാനകൂപ്പൺ പുറത്തിറക്കുന്നു. 51 ആകർഷക സമ്മാനങ്ങൾ കൂപ്പൺ നറുക്കെടുപ്പിന് നല്കുന്നു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. ലേബർ മൂവ്മെന്റ് സെമിനാർ എറണാകുളത്ത്**

ലേബർ കമ്മീഷന്റെ വർക്കേഴ്സ് ഫെഡറേഷന്റെ സഹകരണത്തോടെ സിബിസിഐയുടെ ആഭിമുഖ്യത്തിൽ എറണാകുളം സോഷ്യൽ സർവ്വീസ് സെന്റ

റിൽ വച്ച് ദിദിന സെമിനാർ നടത്തി. ബിഷപ്പ് റവ.ഡോ. അലക്സ് വടക്കുംതല സെമിനാർ ഉദ്ഘാടനം ചെയ്തു. റവ.ഫാ. ജെയിസൺ വടശ്ശേരി മുഖ്യപ്രഭാഷണം നടത്തി. വിവിധ വിഷയങ്ങളെ അധികരിച്ച് ചർച്ചകളും ക്ലാസുകളും നടത്തി. സമാപനസമ്മേളനത്തിൽ സി. റാണി പുന്നശ്ശേരിൽ, ശ്രീ. ജെസി രാജു, എൽ. റോയി കിരൺ ക്രിസ്റ്റോ, എസ്. ആന്റണി, ഷാജു ആന്റണി തുടങ്ങിയവർ പ്രസംഗിച്ചു. പാലാ രൂപത ഡയറക്ടർ ഫാ. സ്കറിയ വേകത്താനം സെമിനാറിൽ പങ്കെടുത്തു.

**2. തൊഴിലാളി ക്ഷേമനിധി സെമിനാർ – ശാന്തിഗിരി**

ശാന്തിഗിരി ഇടവകയിൽ തൊഴിലാളി ക്ഷേമനിധി സെമിനാർ സംഘടിപ്പിച്ചു. വികാരി ഫാ. സെബാസ്റ്റ്യൻ കുമ്പിളുമൂട്ടിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം സെമിനാർ നയിച്ചു.

**3. ഏകദിന സെമിനാർ അടുക്കം**

കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ അടുക്കം ഇടവകയിൽ തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ, ഗവൺമെന്റ് സഹായപദ്ധതികളെക്കുറിച്ച് ഏകദിന സെമിനാർ നടത്തി. വികാരി ഫാ. മാത്യു പിണക്കാട്ട് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം സെമിനാറിന് നേതൃത്വം നൽകി.

**4. മംഗളഗിരി – സെമിനാർ**

മംഗളഗിരി ഇടവകയിൽ തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം ക്ലാസ്സെടുത്തു. വികാരി ഫാ. ജോസഫ് മൈലപ്പറമ്പിൽ സെമിനാറിൽ അധ്യക്ഷത വഹിച്ചു.

**5. ഫൊറോന കോർഡിനേറ്റർമാരുടെ യോഗം**

പാലാ അരമനയിൽ വച്ച് നടന്ന ഫൊറോന കോർഡിനേറ്റർമാരുടെ യോഗത്തിൽ കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**6. പയസ് മൗണ്ട് ഇടവകയിൽ – സെമിനാർ**

കേരള ലേബർ മൂവ്മെന്റ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ യൂണിറ്റിൽ തൊഴിലാളി ഫോറം രൂപീകരണം, ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് സെമിനാർ നടത്തി. വികാരി ഫാ. ജോസഫ് പുതുമന അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. സ്കറിയ വേകത്താനം ക്ലാസ്സെടുത്തു.

**7. വാകക്കാട് ഇടവകയിൽ – തൊഴിലാളി ക്ഷേമനിധി സെമിനാർ**

വാകക്കാട് ഇടവകയിൽ തൊഴിലാളി ക്ഷേമ പെൻഷൻ, ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ ക്ലാസ് നടത്തി. വികാരി ഫാ. ജെയിംസ് കുടിലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. സ്കറിയ വേകത്താനം സെമിനാർ നയിച്ചു.

**8. കളത്തൂക്കടവ് ഇടവകയിൽ സെമിനാർ**

കളത്തുക്കടവ് ഇടവകയിൽ കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ തൊഴിലാളിക്ഷേമ പെൻഷൻ എന്നിവയെക്കുറിച്ച് സെമിനാർ നടത്തി. വികാരി ഫാ. ജോസഫ് പരവുമ്മേൽ അധ്യക്ഷത വഗിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം സെമിനാർ നയിച്ചു.

**9. ഇടമറുക് ഇടവകയിൽ സെമിനാർ**

ഇടമറുക് ഇടവകയിൽ കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. വികാരി ഫാ. ജോസഫ് കൊച്ചുമുറിയിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

**10. ഡയറക്ടേഴ്സ് മീറ്റ് പാലാ അരമനയിൽ**

പാലാ അരമനയിൽ വച്ച് നടന്ന ഡയറക്ടേഴ്സ് മീറ്റിൽ കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

**11. തൊഴിലാളി ക്ഷേമനിധി സെമിനാർ**

എല്ലാ ഇടവകകളിലും തൊഴിലാളി ക്ഷേമനിധി പെൻഷൻ, ആനുകൂല്യങ്ങൾ, ഗവൺമെന്റ് സഹായപദ്ധതികൾ എന്നിവയെക്കുറിച്ച് വിശദമായ ക്ലാസ് നടത്തിവരുന്നു. താല്പര്യമുള്ളവർ പാലാ ഷാലോമിലെ കെ.എൽ.എം. ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് 2019**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ പൂർത്തിയാക്കാത്തവർ ആഗസ്റ്റ് 5-ന് മുമ്പായി പൂർത്തിയാക്കി രൂപതാ ഓഫീസിൽ ഏല്പിക്കുക. പരീക്ഷാതീയതി 2019 സെപ്തംബർ 29 ഞായർ ഉച്ചയ്ക്ക് 2 മുതൽ 3.30 വരെ. 2019 സെപ്തംബർ 1 മുതൽ ഹാൾടിക്കറ്റ് ലഭ്യമാണ്.

**2. ലോഗോസ് ഫാമിലി**

ലോഗോസ് ഫാമിലി മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം രജിസ്ട്രേഷൻ സമയത്തുതന്നെ സൂചിപ്പിക്കണം. അല്ലാതുള്ളവ പരിഗണിക്കുന്നതല്ല.

ലോഗോസ് ഫാമിലി ഫൊറോനാ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹരായവരുടെ പേരുവിവരം ലോഗോസ് ഫലപ്രഖ്യാപനത്തിനുശേഷം 5 ദിവസത്തിനകം നിർദ്ദിഷ്ടഫോമിൽ (വെബ്സൈറ്റിൽ ലഭ്യമാണ്) രൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**3. ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തോലേറ്റ് സംഘടിപ്പിക്കുന്ന ഏകവർഷ/ദ്വിവർഷ കോഴ്സുകൾ ജൂലൈ മാസം 13-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്നു. ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരിൽ, ഫാ. മാത്യു തുരുത്തിപ്പള്ളി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. അടുത്ത ക്ലാസ് ആഗസ്റ്റ് 10-ന് നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന**

ജൂലൈ മാസം 5,12,19,26 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ.ഫാ. ജോർജ് പാറേക്കുന്നേൽ, ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ, ഫാ. ജോസഫ് മണിയങ്ങാട്ട്, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ റ്റോമി ആട്ടപ്പാട്ട്, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ജൂലൈ മാസം 1,8,15,22,29 തീയതികളിൽ ഷാലോം ഓഫീസിൽ വച്ച് വൈകുന്നേരം 4.30 മുതൽ 6 മണി വരെ സെൽപ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്സിന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥന ഷാലോമിൽ**

ജൂലൈ മാസം 1,2,3,4,8,9,10,11,15,16,17,18,22,23,24,25,29,30,31 തീയതികളിൽ ഷാലോമിൽ വച്ച് രാവിലെ 10 മണി മുതൽ 3 വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും സഭയ്ക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ബ്രദർ ജോസഫ് കുന്നപ്പള്ളി, ജോസ്കുട്ടി മാങ്കാലായിൽ, മേരി പാറയിൽ, ചാക്കോ ചെട്ടിമാട്ടേൽ, സാലി വേത്താനത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 17-ാം തീയതി രാവിലെ 9.30 മുതൽ 12.30 വരെ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി, കഴിഞ്ഞമാസം മൂലമറ്റം അസ്സീസി ഭവനത്തിനു വേണ്ടി പ്രവർത്തിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും, അടുത്ത മാസം ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. കഴിഞ്ഞമാസം മൂലമറ്റത്തുപോയ 40 പേർക്കും അച്ചൻ നന്ദി പറയുകകയും ചെയ്തു. ബ്രദർ പ്രവീൺ ജോസ് വചനം പങ്കുവയ്ക്കുകയും തങ്കച്ചൻ ശ്രാമ്പിക്കൽ, ജോർജ് ഓടയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകുകയും ചെയ്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തിധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ജൂലൈ 4-ാം തീയതി വ്യാഴാഴ്ചയും മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ ജൂലൈ 5-ാം തീയതിയും വചനദീപ്തി തുടർധ്യാനം നടത്തപ്പെട്ടു. പാലാക്കാട് ദൈവാലയ

ത്തിൽ ബ്രദർ രവി തോമസും മീനച്ചിൽ ദൈവാലയത്തിൽ സി. ആൻ മരിയ എസ്.എച്ചും വചനശുശ്രൂഷയും ആരാധനയും നയിച്ചു.

**2. ഇടവക തലത്തിൽ വചനശുശ്രൂഷയും ആരാധനയും**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ ഇടവകവികാരിമാർ ആവശ്യപ്പെടുന്നതനുസരിച്ച് വചനശുശ്രൂഷയും ആരാധനയും കരിസ്മാറ്റിക് ടീം അംഗങ്ങൾ നേതൃത്വം നൽകുന്നു. ജൂലൈ 12-ാം തീയതി വെള്ളിയാഴ്ച അന്ത്യാളം സെന്റ് മാത്യൂസ് ദൈവാലയത്തിൽ ബ്രദർ ജോൺസൺ തടത്തിൽ രാമപുരവും ജൂലൈ 13-ന് ഇടപ്പാടി സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ബ്രദർ തൊമ്മച്ചൻ ഉലപ്പത്തിനാലും ജിയോവാലി സെന്റ് ജോർജ് ദൈവാലയത്തിൽ ബ്രദർ സജി പാലയും വചനശുശ്രൂഷയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി.

**3. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും തുടർന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രിക്കുടെ കൂട്ടായ്മയും ജൂലൈ 6-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. റവ.ഫാ. ജോസഫ് മൈലപ്പറമ്പിൽ വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കരിസ്മാറ്റിക് നവീകരണപ്രവർത്തനത്തിന് നേതൃത്വം നൽകി. സോണൽ സേവന സമിതി അംഗങ്ങളും പാലാ ബി സബ് സോൺ സേവനസമിതി അംഗങ്ങളും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി പ്രവർത്തിച്ചു.

**4. സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം ജൂലൈ 1-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മുതൽ 1 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**5. വരദാന മദ്ധ്യസ്ഥപ്രാർത്ഥന**

സോണൽ സേവന സമിതി അംഗങ്ങൾ ജൂലൈ 24-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ 3 മണി വരെ ളാലം പുത്തൻ പള്ളിയിൽ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ സമ്മേളിച്ച് വരദാന മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

**6. വരദാന മദ്ധ്യസ്ഥപ്രാർത്ഥന ഫൊറോനാതലത്തിൽ**

വരദാന മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫൊറോനാതല ശുശ്രൂഷകൾ സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ മുട്ടുചിറ, കടുത്തുരുത്തി, കോതനല്ലൂർ, കുറവിലങ്ങാട്, ഇലഞ്ഞി, രാമപുരം, തുടങ്ങനാട്, ഭരണങ്ങാനം, തീക്കോയി, പൂഞ്ഞാർ എന്നീ ഫൊറോനാകൾ കേന്ദ്രീകരിച്ച് നടത്തപ്പെട്ടു. സബ് സോൺ സേവനസമിതി അംഗങ്ങളും ഇടവകതല പ്രാർത്ഥനഗ്രൂപ്പ് അംഗങ്ങളും പങ്കെടുത്തു.

**7. ഹിന്ദി കൂട്ടായ്മ**

സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ നമ്മുടെയിടയിൽ അധിവസിക്കുന്ന അന്യഭാഷ സംസാരിക്കുന്നവർ യേശുവിനെ കൂടുതൽ അറി

യുവാനും മനസ്സിലാക്കുവാനും അതുവഴി വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുവാനുമായി ഒരു കൂട്ടായ്മ ജൂലൈ 14-ാം തീയതി ഞായറാഴ്ച പാലാ സെന്റ് തോമസ് ആഡിറ്റോറിയത്തിൽ വച്ച് ആരംഭം കുറിച്ചു. രാവിലെ 9.30-ന് ആരംഭിച്ച് 1 മണിക്ക് അവസാനിച്ച് എല്ലാവർക്കും ഉച്ചഭക്ഷണവും നൽകി.

14-ാം തീയതി ബ്രദർ സണ്ണി കാട്ടൂക്കാരൻ തൃശ്ശൂരും 21-ാം തീയതി ബ്രദർ രാജു ഇടുക്കിയും 28-ാം തീയതി ബ്രദർ ഗ്രേസ് കൂറ്റനാൽ രാമപുരവും വചനശുശ്രൂഷ ഹിന്ദിയിൽ നടത്തി.

റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. കുര്യൻ മറ്റം എന്നിവർ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി നയിച്ചു. സണ്ണി പള്ളിവാതുക്കൽ, ജോർജുകുട്ടി ഞാവള്ളിൽ, മാത്യുകുട്ടി താന്നിക്കൽ, ടോമി ആട്ടപ്പാട്ട് എന്നിവർ വിവിധ പ്രോഗ്രാമിന് നേതൃത്വം നൽകി. തുടർച്ചയായി എല്ലാ ഞായറാഴ്ചയും ഈ ശുശ്രൂഷ നടത്താനും തീരുമാനിച്ചു. അടുത്തമാസം മുതൽ ഹിന്ദിയിലുള്ള വി. കുർബാനയും കുമ്പസാരിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള ക്രമീകരണവും നടത്തിവരുന്നു. നമ്മുടെ ഇടവകകളിൽ അധിവസിക്കുന്ന അന്യഭാഷ സംസാരിക്കുന്നവരെ ഈ സത്വാർത്ത അറിയിക്കുമല്ലോ.

**8. ജീസസ് എയ്ഞ്ചൽസ് ഹോളി അപ്പ് ഫോർമേഷൻ**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിൽ കൂടുതൽ ആഴപ്പോടുത്തുന്നതിനായി ഇടവകകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഏകദിന വചനശുശ്രൂഷകൾ നടത്തിവരുന്നു. ജൂലൈ മാസത്തിൽ പൂഞ്ഞാർ ഫൊറോനാപള്ളിയിലും അടിവാരം, മണിയംകുന്ന്, ഇല്ലിയാരി, അറക്കുളം, പാലാക്കാട്, കയ്യൂർ, ജിയോവാലി, വേഴങ്ങാനം എന്നീ ഇടവകകളിലും യേശുവിന്റെ സ്നേഹാനുഭവം കുട്ടികൾക്കായി പങ്കുവച്ചു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. അഗസ്റ്റിൻ തെരുവത്ത്, സി. ആൻ മരിയ എസ്.എച്ച്., സി. ദിവ്യ, സി. ഷാലറ്റ് എന്നിവർ ആത്മീയ ശുശ്രൂഷകൾ നയിച്ചു. ജീസസ് എയ്ഞ്ചൽസ് സേവനസമിതി അംഗങ്ങൾ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**9. രാത്രി ആരാധന**

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന ജൂലൈ 19-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. റവ.ഫാ. ബെന്നി തറപ്പേൽ സി.എം.എഫ്. ഡയറക്ടർ മരിയൻ ധ്യാനകേന്ദ്രം, കൊട്ടാരക്കര വചനശുശ്രൂഷയും ആരാധനയും നയിച്ചു. റവ. ഫാ. ജോസ് വള്ളോംപുരയിടം, റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

ജൂൺ ഇരുപത്തൊൻപതാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവ ശുശ്രൂഷ നടത്തപ്പെട്ടു. ജൂലൈ ഏഴാം തീയതി മുതൽ പതിമൂന്നാം തീയതി വരെ നടത്തപ്പെട്ട ധ്യാനത്തിൽ മോൺ. ജോസഫ് മലേപ്പറമ്പിൽ വി. കുർബാനയർപ്പിച്ച് പ്രാരംഭസന്ദേശം നൽകി ആരംഭിച്ച, ദൈവരാജ്യാനുഭവധ്യാനത്തിൽ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap, ഫാ. ജസ്റ്റിൻ മേപ്പുറത്ത് HGN, ഫാ. ജോസഫ് തെരുവിൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ, ഫാ. മാത്യു പിണക്കാട്ട്, ഫാ. ചെറിയാൻ മൂലയിൽ, ഫാ. ജോസഫ് മൈലപ്പറമ്പിൽ, ഫാ. ജോസഫ് അരഞ്ഞാണി പുത്തൻപുര, ഫാ. റിന്റു മണ്ണൂർ OFM Cap, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ, ബിനി കലൂർ, മനോജ് വാഗമൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനങ്ങൾ ഓഗസ്റ്റ് നാല് മുതൽ പത്ത് വരെയും, സെപ്റ്റംബർ ഒൻപത് മുതൽ പതിനഞ്ച് വരെയും. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**അൽഫോൻസാ തീർത്ഥാടനം**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് അല്മായ സഭയുടെ നേതൃത്വത്തിൽ ജപമാല റാലി നടത്തി. ഫാ. ആന്റണി വെച്ചൂർ OFM Cap, ജോ സെബാസ്റ്റ്യൻ മണിക്കൊമ്പേൽ, റ്റോമി കളപ്പുര, സോജൻ മാത്യു, റ്റിസി രാജു കടലംക്കട്ട്, റോസമ്മ വല്ലനാട്ട് തുടങ്ങിയവർ നേതൃത്വം നൽകി. തീർത്ഥാടനകേന്ദ്രത്തിൽ ദിവ്യബലിക്ക് ഫാ. ആന്റണി വെച്ചൂർ OFM Cap, ഫാ. മൈക്കിൾ പറുശ്ശേരിൽ OFM Cap, ഫാ. മാത്യു വട്ടക്കുന്നേൽ OFM Cap, ഫാ. ഇസിദോർ OFM Cap തുടങ്ങിയവർ കാർമ്മികത്വം വഹിച്ചു.

**ഏകദിന സെമിനാർ**

അല്മായ സഭാംഗങ്ങൾക്കായി ഏകദിന സെമിനാർ സംഘടിപ്പിച്ചു. പി.യു. തോമസ് (നവജീവൻ ട്രസ്റ്റ്, കോട്ടയം) ക്ലാസ് നയിച്ചു.

**ജൂബിലി**

ഫാ. ആന്റണി വെച്ചൂരിന്റെ പൗരോഹിത്യത്തിന്റെ രജതജൂബിലി അല്മായ സഭ ലളിതമായി ആഘോഷിച്ചു. ആശ്രമം സുപ്പീരിയർ ഫാ. മാത്യു മുളങ്ങാശ്ശേരി OFM Cap, ഫാ. മൈക്കിൾ പറുശ്ശേരി OFM Cap എന്നിവർ പ്രസംഗിച്ചു.

**അനുശോചിച്ചു**

അല്മായ സഭ പാലാ രൂപത സെക്രട്ടറിയായിരുന്ന സ. ലാലി വർഗീസ് ഇളംതുരുത്തിയിൽ (മൂന്നിലവ്) നിര്യാണത്തിൽ രൂപത കമ്മറ്റി അനുശോചിച്ചു. ഫാ. ആന്റണി വെച്ചൂർ OFM Cap, ഫാ. മാത്യു പരിന്തരിയ്ക്കൽ OFM Cap, ഫാ. പ്രിൻസ് കരോട്ടുചിറയ്ക്കൽ OFM Cap, തുടങ്ങിയവർ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**മേഖലാ തെരഞ്ഞെടുപ്പ്**

അല്മായ സഭ മേഖലാ തിരഞ്ഞെടുപ്പ് നടത്തി. നാഷണൽ പ്രസിഡന്റ് ബ്ര. ഒളിവർ, കൗൺസിലർ ബ്ര. ഫ്രാങ്കോ എം. ജോൺ തുടങ്ങിയവർ നേതൃത്വം നൽകി. മേഖലാ പ്രസിഡന്റുമാരായി സോജൻ മാത്യു കോയിയ്ക്കൽ വാരപ്പറമ്പിൽ-ചേർപ്പുങ്കൽ, (പാലാ മേഖല), റ്റോമി കളപ്പുരയ്ക്കൽ-പൈക, (ഭരണങ്ങാനം മേഖല), ആലീസ് മാത്യു ചെമ്പോത്തിനാൽ-കാക്കൂർ, (കുറവിലങ്ങാട് മേഖല), തോമസ് മാത്യു മടിയ്ക്കാങ്കൽ-കളത്തൂക്കടവ് (അരുവിത്തുറ മേഖല), തോമസ് ജോസഫ് കിഴക്കേപ്പറമ്പിൽ, (തുടങ്ങനാട് മേഖല) എന്നിവരെ തിരഞ്ഞെടുത്തു.

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

---

# ദീപിക ഫ്രണ്ട്സ് ക്ലബ്

---

**1. എക്സിക്യൂട്ടീവ് യോഗം**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ എക്സിക്യൂട്ടീവ് യോഗം പ്രസിഡന്റ് ഡോ. സണ്ണി വി. സക്കറിയായുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. വിവിധ പ്രവർത്തനപദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തു. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറയ്ക്കൽ, ജെയിസ് പനന്താനത്ത് എന്നിവർ നേതൃത്വം നൽകി.

**2. മഴക്കാല രോഗപ്രതിരോധമരുന്നുവിതരണം**

ചെമ്മലമറ്റം ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ തിടനാട് ഹോമിയോ ആശുപത്രിയുടെ സഹകരണത്തോടെ മഴക്കാലരോഗപ്രതിരോധമരുന്നുവിതരണം നടത്തി. വികാരി റവ.ഫാ. സക്കറിയാസ് ആട്ടപ്പാട്ട് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് കൈതോലിൽ, സോജൻ ആലയ്ക്കപള്ളിൽ, ജോസ് മരോട്ടിക്കൽ, ജോസ് വെള്ളൂക്കുന്നേൽ, ആലീസ് പാറയടിയിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**3. ഡി.എഫ്.സി. ഫൊറോനാ കോർഡിനേറ്റർമാരുടെ യോഗം**

ദീപിക ഫ്രണ്ട്സ് ക്ലബ് ഫൊറോനാ കോർഡിനേറ്റർമാരുടെ യോഗം പാലാ അരമനയിൽ വച്ച് നടത്തി. മോൺ. ജോസഫ് കുഴിഞ്ഞാലിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. സ്കറിയ വേകത്താനം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**4. ഇടമറ്റം - മാധ്യമ സെമിനാർ**

ഡി.എഫ്.സി. യുടെ ആഭിമുഖ്യത്തിൽ ഇടമറ്റം പാരിഷ് ഹാളിൽ വച്ച് മാധ്യമസെമിനാർ നടത്തി. പ്രസിഡന്റ് രാജു കൊക്കപ്പുഴ മീറ്റീംഗിൽ അധ്യക്ഷത

വഹിച്ചു. വികാരി ഫാ. ജോർജ് മൂലലേച്ചാലിൽ, ഫാ. സ്കറിയ വേകത്താനം, ഫാ. മാത്യു ചീരാംകുഴി, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**5. പാലയ്ക്കാട്ടുമല – മാധ്യമ സെമിനാർ**

പാലയ്ക്കാട്ടുമല ഇടവകയിൽ മാധ്യമ സെമിനാർ നടത്തി. പ്രസിഡന്റ് ഔസേപ്പച്ചൻ പുതിയാമറ്റം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. തോമസ് മലയിൽ പുത്തൻപുര, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു. പുതിയ യൂണിറ്റ് ഭാരവാഹികളായി പുരുഷ-വനിതാ അംഗങ്ങളെ തെരഞ്ഞെടുത്തു.

**6. അരുണാപുരം – മാധ്യമ സെമിനാർ**

ഡി.എഫ്.സി.യുടെ ആഭിമുഖ്യത്തിൽ മാധ്യമ സെമിനാർ നടത്തി. പ്രൊഫ. മാത്യു ഓലിക്കൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ വികാരി ഫാ. ജോസഫ് മണ്ണനാൽ, ഫാ. ജിനോ പുന്നമറ്റത്തിൽ, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു. പുതിയ യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു.

**7. ഡ്രീംലൈൻ പ്രോജക്ട് ഇടമറ്റം**

ഇടമറ്റം ഇടവകയിൽ ദീപിക പത്രപ്രചാരണ പരിപാടി നടത്തി. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. പരിപാടികൾക്ക് ഡി.എഫ്.സി. ഭാരവാഹികൾ നേതൃത്വം നൽകി.

**8. ഡ്രീംലൈൻ പ്രോജക്ട് പാലയ്ക്കാട്ടുമല**

ദീവിക പത്രപ്രചാരണ പരിപാടി സംഘടിപ്പിച്ചു. ദീപിക കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. ഡി.എഫ്.സി. ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**9. ഡ്രീലൈൻ പ്രോജക്ട് – അരുണാപുരം**

അരുണാപുരം ഇടവകയിൽ ദീപിക പത്രപ്രചാരണം നടത്തി. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ഡി.എഫ്.സി. ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**10. ദീപിക നമ്മുടെ ഭാഷാപദ്ധതി – ചെമ്മലമറ്റം സ്കൂൾ**

ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി നടപ്പിലാക്കി. സ്കൂൾ മാനേജർ റവ.ഫാ. സഖറിയാസ് ആട്ടപ്പാട്ട് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ദീപികപത്രം സ്കൂൾ മാനേജർ റവ.ഫാ. സക്കറിയാസ് ആട്ടപ്പാട്ട് തിടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലീനാ ജോർജിനു നൽകി ഭാഷാപദ്ധതി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഫാ. ജോസഫ് കൈതോലിൽ, ഹെഡ്മാസ്റ്റർ പോൾ തോമസ്, സുജാ ബാബു, സെബാസ്റ്റ്യൻ വിളയാനി, ജിജി ജോസഫ് വെട്ടത്തേൽ തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തിൽ എസ്.എസ്.എൽ.സി. ക്ക് ഫുൾ എ പ്ലസ് കരസ്ഥമാക്കിയവരെ ആദരിച്ചു.

**11. ദീപിക നമ്മുടെ ഭാഷാ പദ്ധതി – പാളയം സ്കൂൾ**

പാളയം സെന്റ് സേവ്യേഴ്സ് യു.പി. സ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതി നടപ്പിലാക്കി. സ്കൂൾ മാനേജർ ഫാ. അബ്രാഹം തലവയലിൽ അധ്യ

ക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. പ്രസിഡന്റ് ടോം ചെമ്മലമറ്റം, ഹെഡ്മിസ്ട്രസ് സോളി നെല്ലിയാനി, പി.റ്റി.എ. പ്രസിഡന്റ് അനിൽകുമാർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**12. ദീപിക നമ്മുടെ ഭാഷാപദ്ധതി -കുടക്കച്ചിറ സ്കൂൾ**

കുടക്കച്ചിറ സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ദീപിക നമ്മുടെ ഭാഷാ പദ്ധതി വലവൂർ സഹകരണ ബാങ്ക് പ്രസിഡന്റ് ഫിലിപ്പ് കുഴികുളം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. മാത്യു കാലായിൽ, ഫാ. സ്കറിയ വേകത്താനം, ഹെഡ്മിസ്ട്രസ് ലൈസമ്മ തോമസ് പുളിങ്കാട്ട്, ബിനോയി മാനുവൽ പുളിച്ചമാക്കൽ, റാണി ജോസ്, സതീഷ് അഗസ്റ്റിൻ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി

കുടക്കച്ചിറ സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിലെ ഭാഷാപദ്ധതി കെ.ജെ. ഫിലിപ്പ് കുഴികുളം ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ആൽഫി തോപ്പിൽ, പി.റ്റി.എ പ്രസിഡന്റ് സജി തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**13. ദീപിക നമ്മുടെ ഭാഷാ പദ്ധതി– മരങ്ങാട്ടുപള്ളി സ്കൂൾ**

മരങ്ങാട്ടുപിള്ളി സെന്റ് തോമസ് എൽ.പി. സ്കൂളിലെ ദീപിക നമ്മുടെ ഭാഷാപദ്ധതി സഹകരണ ബാങ്ക് പ്രസിഡന്റ് എം.എം. തോമസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ജോർജ് വഞ്ചിപ്പുര, ഹെഡ്മാസ്റ്റർ സാജൻ ആന്റണി, അജികുമാർ മറ്റത്തിൽ, ജോൺസൺ പുളിക്കീൽ, ബെൽജി ഇമ്മാനുവേൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**14. ഡ്രീംലൈൻ പ്രോജക്ട് – മൂഴൂർ**

മൂഴൂർ ഇടവകയിൽ ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി.

**15. ദീപിക നമ്മുടെ ഭാഷാപദ്ധതി – കുറവിലങ്ങാട് സ്കൂൾ**

സ്കൂളിലെ ഭാഷാ പദ്ധതി സ്കൂൾ മാനേജർ റവ.ഡോ. ജോസഫ് തടത്തിൽ ഉദ്ഘാടനം ചെയ്തു. ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രൊഫ. പി. ജെ. സിറിയക് പൈനാപ്പള്ളിൽ, പി.ഡി. കുര്യൻ, അരുൺ ജോസഫ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**16. ദീപിക നമ്മുടെ ഭാഷാപദ്ധതി – തോടനാൽ സ്കൂൾ**

സ്കൂളിലെ ഭാഷാ പദ്ധതി കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ബെറ്റി റോയി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. തോമസ് പുന്നത്താനം, ഹെഡ്മിസ്ട്രസ് ഷിജി ഫിലിപ്പ്, പ്രൊഫ. ജോസഫ് കടുകപ്പള്ളിൽ, സജി ഉള്ളിരുപ്പിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**17. ദീപിക നമ്മുടെ ഭാഷാപദ്ധതി – മുണ്ടാങ്കൽ സ്കൂൾ**

സ്കൂളിലെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം കെ.ജെ. ഫിലിപ്പ് കുഴികുളം നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ, ഫാ. സ്കറിയ വേകത്താനം, മാത്തുകുട്ടി മഞ്ഞക്കുന്നേൽ, ഫ്രാൻസിസ് മൈലാടൂർ, ഹെഡ്മിസ്ട്രസ് സി. ലിസ്മി ആൻ, സി.എം.സി. തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**18. ദീപിക നമ്മുടെ ഭാഷാപദ്ധതി – ഉള്ളനാട് സ്കൂൾ**

സ്കൂളിലെ ഭാഷാ പദ്ധതി മാനേജർ ഫാ. ജോസ് കോട്ടയിൽ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, മാത്യു കുര്യൻ മുളക്കുന്നത്ത്, ജോസ് ഉപ്പുമാക്കൽ, മഹേഷ് ബാബു മണർകാട്ട്, ജോസ് വട്ടപ്പലം, ഹെഡ്മിസ്ട്രസ് സി. മേഴ്സി കാവുകാട്ട്, ഡൊമനിക് വേഴപറമ്പിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**19. ദീപിക നമ്മുടെ ഭാഷാ പദ്ധതി – പൈങ്ങളം സ്കൂൾ**

സ്കൂളിലെ ഭാഷാപദ്ധതി കെ.ജെ. ഫിലിപ്പ് കുഴികുളം ഉദ്ഘാടനം ചെയ്തു. മാനേജർ ഫാ. ഷാജി പൂത്തറ, ഫാ. സ്കറിയ വേകത്താനം, ഹെഡ്മാസ്റ്റർ സ്റ്റീഫൻ പി.യു. ടോമി നടയത്ത് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**20. ദീപിക നമ്മുടെ ഭാഷാപദ്ധതി – കൊഴുവനാൽ**

സ്കൂളിലെ ഭാഷാപദ്ധതി കെ.സി.എ. മെമ്പർ ജോസ്മോൻ മുണ്ടയ്ക്കൽ, സ്കൂൾ മാനേജർ റവ.ഫാ. തോമസ് ഓലിക്കലിനു പത്രം നൽകി ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, സ്കൂൾ പ്രിൻസിപ്പൽ കെ.വി. കുര്യാക്കോസ് കൊച്ചുപറമ്പിൽ, ഹെഡ്മാസ്റ്റർ സജി തോമസ് മുളയ്ക്കൽ, ടോമി പുളിക്കൽ, ഷാജു തെക്കേമുറിയിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**21. ദീപിക പ്രതിനിധിസമ്മേളനം**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പാലാ ളാലം പള്ളി ഓഡിറ്റോറിയത്തിൽ വച്ച് ദീപിക പ്രതിനിധി സമ്മേളനം നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ദീപിക എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. മൈക്കിൾ വെട്ടിക്കാട്ട്, മോൺ. ജോസഫ് കുഴിഞ്ഞാലിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ജിനോ പുന്നമറ്റത്തിൽ, ഫാ. സ്കറിയ വേകത്താനം തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ ഇടവകകളിൽനിന്നായി ഏകദേശം 600 ഓളം പേർ മീറ്റിംഗിൽ പങ്കെടുത്തു. ഡി.എഫ്.സി. ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

---

# ഇൻഫാം

---

ഇൻഫാം പി.എസ്.ഡബ്ല്യു.എസ്. എന്നിവയുടെ സംയുക്ത സമ്മേളനം ജൂലൈ 16–ാം തീയതി ബിഷപ്സ് ഹൗസിൽ ചേർന്നു. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കാർഷികമേഖല ഇന്നുനേരിടുന്ന വിലത്തകർച്ചകൾക്ക് പരിഹാരമായി കർഷകർ സംഘടിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുകയും കർഷകന്റെ പ്രൊഡ്യൂസർ കമ്പനികൾ രൂപതയിൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുകയും

ചെയ്യണമെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. രൂപതയിൽ ചില സ്ഥലങ്ങളിൽ നടക്കുന്ന കർഷക ശാക്തീകരണപദ്ധതികളെക്കുറിച്ച് യോഗത്തിൽ വിശദീകരിച്ചു.

ബിഷപ്പ് ജേക്കബ് മുരിക്കൻ, വികാരി ജനറാൾ ഫാ. ജോസഫ് കുഴിഞ്ഞാലിൽ വിവിധ ഇടവകകളിൽ നിന്നും വന്ന ബഹു. അച്ചന്മാർ എന്നിവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ഭാവി പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇൻഫാം രൂപതാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ, ഇൻഫാം അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിറിയക് തയ്യിൽ, ഇൻഫാം രൂപതാ പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പിള്ളിൽ, പി.എസ്.ഡബ്ല്യു.എസ്. പ്രോജക്ട് ഓഫീസർ, പി.വി. ജോർജ്, ഡാന്റീസ് കൂനാനിക്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഇൻഫാം ദേശീയസമ്മേളനം**

പാറത്തോട്, മലനാട് ഡവലപ്മെന്റ് സൊസൈറ്റിയിൽ ചേർന്ന ഇൻഫാം ദേശീയ സമ്മേളനം ഇൻഫാം രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. ഇൻഫാമിന്റെ നയരൂപീകരണവും കർമ്മപരിപാടികളും എന്ന വിഷയം യോഗം വിശദമായി ചർച്ച ചെയ്തു. ഓഗസ്റ്റ് 17 സർക്കാരിന്റെ കർഷക ദിനം. ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ കർഷകരുടെ കണ്ണീർ ദിനമായി ആചരിക്കുന്നതിനും അന്നേദിവസം കേന്ദ്രസംസ്ഥാന ഗവൺമെന്റ് ഓഫീസുകളുടെ മുമ്പിൽ ധർണ നടത്തുന്നതിനും തീരുമാനിച്ചു. സമ്മേളനത്തിൽ പാലാ രൂപതയിൽനിന്നും ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിറിയക് തയ്യിൽ, പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പള്ളിൽ തുടങ്ങിയവർ സംബന്ധിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## സി. സിബിലീന എഫ്.സി.സി

പാലാ രൂപത കൊഴുവനാൽ ഇടവക കൊച്ചുകരോട്ട് കുര്യൻ -ഏലി ദമ്പതികളുടെ ഒൻപത് മക്കളിൽ ആറാമത്തെ സന്താനമായി 1934 നവംബർ 11-ാം തീയതി സി. സിബിലീന ഭൂജാതയായി. മാമ്മോദീസായിൽ ഏലി എന്നപേര് നൽകപ്പെട്ടു. 1955-ൽ കാഞ്ഞിരമറ്റം LFGHS ൽ നിന്ന് SSLC യും 1957 ൽ മുത്തോലി സെന്റ് ജോസഫ്സ് TTI ൽ നിന്ന് TTCയും പാസായ സിബിലീനാമ്മ കല്ലൂർക്കുളം മഠത്തിൽ അർത്ഥിനിയായി ചേർന്നു.1958 ഏപ്രിൽ 8-ാം തീയതി സഭാവസ്ത്രം സ്വീകരിച്ച് സിബിലീനാമ്മ എന്ന നാമം സ്വീകരിച്ചു. 02-05-1960 ൽ ആദ്യവ്രതവാഗ്ദാനവും 22-05-1963 ൽ നിത്യവ്രതവാഗ്ദാനവും ചെയ്തു. മണലുങ്കൽ ഹോളിഫാമിലി എൽ.പി. സ്കൂളിൽ അദ്ധ്യാപികയായി സേവനം ആരംഭിച്ച അമ്മ കൂട്ടിക്കൽ, മലയിഞ്ചിപ്പാറ, അമ്പാറനിരപ്പ് എന്നീ സ്കൂളുകളിൽ തന്റെ അദ്ധ്യാപകജീവിതം തുടർന്നു. അമ്പാരനിരപ്പ് സ്കൂളിൽനിന്ന് ഹെഡ്മിസ്ട്രസ്സ് ആയി തന്റെ ഔദ്യോഗികജീവിതത്തിൽനിന്ന് വിരമിച്ചു.

കല്ലൂർക്കുളം, അൽഫോൻസാ ഹോസ്റ്റൽ, സാന്തോം മുത്തോലി എന്നീ ഭവനങ്ങളിൽ സുപ്പീരിയറായും സെറാഫിക് കോൺവന്റ്, നല്ലതണ്ണി പ്രാർത്ഥനാഭവൻ, കൊഴുവനാൽ, വാലാച്ചിറ എന്നീ ഭവനങ്ങളിൽ ട്രഷറർ, മെസ്മാനേജർ, ഫാം സൂപ്പർ വൈസർ എന്നീനിലകളിലും സ്തുത്യർഹമാംവിധം സേവനം അനുഷ്ഠിച്ചു. അദ്ധ്വാനശീലയായ അമ്മ ഒരിക്കലും സമയം നഷ്ടമാക്കിയിട്ടില്ല. സമൂഹത്തിന്റെ പൊതുജോലികൾ ആരും ശ്രദ്ധിക്കാതെ കിടക്കുന്ന ജോലികൾ ഇവയെല്ലാം ഏറെ സന്തോഷത്തോടെയും നിയോഗത്തോടെയും അമ്മ ചെയ്തിരുന്നു. ഇതിനിടയിലും നിശ്ശബ്ദതയിൽ സഭയ്ക്കും സമൂഹത്തിനും ലോകം മുഴുവനുംവേണ്ടി ത്യാഗപൂർവ്വം പ്രാർത്ഥിച്ച് അമ്മയുടെ കരങ്ങൾ ദൈവസന്നിധിയിലേയ്ക്കുയർത്തിയിരുന്നു. തന്റെ ആരോഗ്യത്തെപ്പറ്റിയോ, അസുഖങ്ങളെക്കുറിച്ചോ ഒരുപരാതി പോലും പറയാതെ ഏൽപ്പിക്കപ്പെടുന്ന ജോലികൾ ആത്മാർത്ഥത

യോടും വിശ്വസ്തതയോടുംകൂടി നിർവ്വഹിക്കുവാൻ സിബിലീനാമ്മ ശ്രദ്ധിച്ചിരുന്നു. സഭാനിയമങ്ങളോടും അധികാരികളോടുമുള്ള തുറവിയും സുതാര്യതയും അമ്മയുടെ പ്രത്യേകഗുണങ്ങളായിരുന്നു. കർത്താവാണ് എന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. എന്ന ആദർശവാക്യത്തിലൂന്നി ഈശോയെ സ്നേഹിക്കുക, സ്നേഹിക്കുന്നതിനുവേണ്ടി ത്യാഗങ്ങൾ സഹിക്കുക എന്ന തന്റെ ജീവിതലക്ഷ്യത്തിലേയ്ക്ക് സധൈര്യം അമ്മ നടന്നുനീങ്ങി. 2019 ജൂൺ 30-ാംതീയതി പെട്ടെന്നുണ്ടായ തലകറക്കത്തെത്തുടർന്ന് അമ്മയെ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. എന്നാൽ അമ്മയുടെ നില വഷളായതിനെതുടർന്ന് വെന്റിലേറ്ററിലേയ്ക്ക് മാറ്റുകയും രോഗീലേപനം നൽകുകയും ചെയ്തു. 13-07-2019 ശനിയാഴ്ച രാവിലെ 10 മണിക്ക് സഭാധികാരികളും സഹോദരങ്ങളും ബന്ധുമിത്രാതികളും അമ്മയ്ക്ക് ചുറ്റും പ്രാർത്ഥനാനിരതരായിരിക്കെ സിബിലീനാമ്മയുടെ പാവനാത്മാവ് ദൈവസന്നിധിയിലേയ്ക്ക് പറന്നുയർന്നു.

15-ാംതീയതി തിങ്കളാഴ്ച രാവിലെ 10.30ന് അമ്മയുടെ സഹോദരപുത്രൻ റവ. ഫാ. തോമസ് കൊച്ചുകരോട്ടിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയോടെ സംസ്ക്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് പാലാരൂപത വികാരി ജനറാൾ ബഹു. ജോസഫ് മലേപ്പറമ്പിലച്ചന്റെ പ്രധാനകാർമ്മികത്വത്തിൽ അമ്മയുടെ മൃതദേഹം കല്ലൂർക്കുളം മഠംവക സെമിത്തേരിയിൽ സംസ്ക്കരിച്ചു.

ദിവ്യനാഥൻ തന്റെ വിശ്വസ്തദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. സീത്താ സി.എം.സി.

പാലാ രൂപത അരുവിത്തുറ ഫൊറോനാപള്ളി ഇടവക കുന്നയ്ക്കാട്ട് കുടുംബത്തിൽ ഔസേപ്പ്-മറിയം ദമ്പതികളുടെ ഏഴ് മക്കളിൽ മൂന്നാമത്തവളായി 1928 ഒക്ടോബർ 1 ന് സി. സീത്താ ജനിച്ചു. ജ്ഞാനസ്നാനനാമം ഏലി എന്നായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മാതാപിതാക്കളുടെ എതിർപ്പുകളെയെല്ലാം അതിജീവിച്ച് 1952 ൽ പ്ലാശനാൽ മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1953 മേയ് 30 ന് ആദ്യവ്രതവാഗ്ദാനവും 1956 മെയ് 30 ന് നിത്യവ്രതവാഗ്ദാനവും നടത്തി.

തയ്യൽപരിശീലനം പൂർത്തിയാക്കിയിരുന്ന സീത്താമ്മ പ്ലാശനാൽ, പ്രവിത്താനം, തുടങ്ങനാട്, മുട്ടുചിറ എന്നീ സ്കൂളുകളിൽ തയ്യൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു. സൂചിയും നൂലുമുപയോഗിച്ച് തുണിയിൽ തയ്ക്കാൻ കുട്ടികളെ പരിശീലിപ്പിച്ച സീത്താമ്മ അതോടൊപ്പം അവരുടെ ഹൃദയങ്ങളിൽ ചെറിയ ചെറിയ സുകൃതജപങ്ങൾകൂടി തുന്നിച്ചേർക്കാൻ അവരെ അഭ്യസിപ്പിച്ചിരുന്നു. 1985 ൽ മുട്ടുചിറ സ്കൂളിൽനിന്നും വിരമിച്ച സീത്താമ്മ 1986 മുതൽ ഇന്നുവരെയുള്ള 33 വർഷക്കാലവും പ്രവിത്താനം മഠത്തിലും ഇടവകയിലുമാണ് സേവനം ചെയ്തിരുന്നത്. പ്രായാധിക്യംമൂലം തീരെ അവശതയിലാകുന്നതുവരെ സീത്താമ്മ ഈ ഇടവകയിലെ ഓരോ കുടുംബങ്ങളും സന്ദർശിച്ച് അവരുമായി നല്ല ബന്ധം

വളർത്തിയെടുക്കാൻ വളരെയധികം യത്നിച്ചിരുന്നു. ദാരിദ്ര്യം അനുഭവിക്കുന്ന വരെയും രോഗങ്ങൾമൂലം ക്ലേശിക്കുന്നവരെയും സഹായിക്കുക എന്നത് സീത്താ മ്മയുടെ ജീവിതവ്രതമായിരുന്നു.

കുട്ടികളെ പ്രഥമ ദിവ്യകാരുണ്യത്തിന് ഒരുക്കുക, പ്രസംഗം, സംഗീതം തുടങ്ങിയ കലകൾ അഭ്യസിപ്പിക്കുക, ബൈബിൾ ഏകാങ്കങ്ങൾ സ്വയം എഴുതി കുട്ടികളെ പരിശീലിപ്പിക്കുക തുടങ്ങിയവയെല്ലാം സീത്താമ്മ വളരെ താത്പര്യ പൂർവ്വം ചെയ്തിരുന്ന കാര്യങ്ങളാണ്. 'ഈശോ' എന്ന തിരുനാമം സീത്താമ്മ യുടെ നാവിലും അധരങ്ങളിലുംനിന്ന് നിരന്തരം ഉതിർന്നുവീണുകൊണ്ടിരുന്നു. അധികാരവിധേയത്വം, എളിയ മനോഭാവം, മധുരശീലം, സഭാസ്നേഹം, നിയമാ നുഷ്ഠാന തല്പരത, ദാരിദ്ര്യചൈതന്യം തുടങ്ങിയവ സീത്താമ്മയുടെ എടുത്തു പറയത്തക്ക ഗുണങ്ങളായിരുന്നു. 2003 ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂ ബിലി ആഘോഷിക്കാനുള്ള ഭാഗ്യവും സീത്താമ്മയ്ക്കു ലഭിച്ചു.

തന്റെ കൂടെയുള്ള സഹോദരിമാരോടും തന്നെ ശുശ്രൂഷിക്കുന്നവരോടും സീത്താമ്മ എപ്പോഴും നന്ദി ഉള്ളവളായിരുന്നു. 66 വർഷം നീണ്ട സഭാശുശ്രൂഷ യിലൂടെ ധാരാളം വൈദികരെയും സമർപ്പിതരെയും തിരുസഭയ്ക്ക് സമ്മാനിക്കാൻ സീത്താമ്മയ്ക്ക് സാധിച്ചു.

2019 ഏപ്രിൽ 21 ന് ഈസ്റ്റർ ദിനത്തിലെ പ്രഭാതത്തിൽ 5 മണിക്കു സീത്താമ്മയ്ക്ക് പെട്ടെന്ന് ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതിനാൽ ബഹു മാനപ്പെട്ട അസിസ്റ്റന്റ് വികാരി ഫാ. തോമസ് പട്ടേരിയിൽനിന്നും രോഗീലേപനം സ്വീകരിച്ചു. സമൂഹാംഗങ്ങളുടെ പ്രാർത്ഥനാമദ്ധ്യേ 5.30 ന് സീത്താമ്മ തന്റെ പാവ നാത്മാവിനെ ശാന്തമായി ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു.

ധാരാളം വൈദികരും സന്യസ്തരും ഇടവകജനങ്ങളും ശിഷ്യരും സീ ത്താമ്മയുടെ മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിച്ചു. 22-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് സീത്താമ്മയുടെ കുടുംബാംഗമായ റവ. ഫാ. ജോബി കുന്ന ക്കാട്ടിന്റെ പ്രധാന കാർമ്മികത്വത്തിൽ 5 വൈദികർ ചേർന്ന് മഠം ചാപ്പലിൽ സമൂ ഹബലി അർപ്പിച്ചു. ദിവ്യബലിമദ്ധ്യേ ഫാ. ജോർജ് പറമ്പിത്തടത്തിൽ ചരമപ്ര സംഗം നടത്തി. പാലാ രൂപത വികാരി ജനറാളും സീത്താമ്മയുടെ അരുമശിഷ്യ നുമായ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചൻ ദൈവാലയത്തിലെ തിരുക്കർമ്മ ങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും അനുസ്മരണ പ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് പ്രവിത്താനം സെന്റ് അഗസ്റ്റ്യൻസ് ഫൊറോനാപള്ളി സെമി ത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.



## സി. സിറിയക് സി.എം.സി.

ഇളങ്ങുളം ഇടവക ഇരുപ്പക്കാട്ടുമറ്റപ്പള്ളിൽ തോമസ് -അന്നമ്മ ദമ്പതികളുടെ 7 മക്കളിൽ ആറാമത്തെ മകളായി, 1934 മാർച്ച് 15 ന് ജനിച്ചു. മാമ്മോദീസായിൽ 'മേരി' എന്ന പേരു ലഭിച്ചു. ചെങ്ങളം സെന്റ് മേരീസ് സ്കൂളിൽനിന്നും

സ്കൂൾ ഫൈനൽ പൂർത്തിയാക്കി. മഠത്തിൽ ചേരുന്നതിനുള്ള ആഗ്രഹത്തോടെ പ്രവിത്താനം മഠത്തിലെത്തി. തുടർന്ന് 1953 ൽ കുറവിലങ്ങാട് മഠത്തിൽ അർത്ഥിനിയായി ചേർന്ന് 1955 മേയ് 19 ന് പ്രഥമവ്രതവാഗ്ദാനത്തിലൂടെ ഈശോയുടെ സ്വന്തമായി.

റ്റി.റ്റി.സി. പഠനത്തിനുശേഷം മുത്തോലിയിൽ അദ്ധ്യാപനശുശ്രൂഷയിൽ പ്രവേശിച്ച് തുടങ്ങനാട്, പ്ലാശനാൽ, നീറന്താനം, പ്രവിത്താനം എന്നീ സ്കൂളുകളിലായി 33 വർഷം സേവനംചെയ്തു. കുഞ്ഞുങ്ങളെ ദൈവസ്നേഹത്തിന്റെ ഊഷ്മളതയിലേക്ക് നയിക്കാനും വൈദികസമർപ്പിതജീവിതങ്ങളിലേക്ക് കൈപിടിച്ചുയർത്താനും അമ്മ ശ്രദ്ധിച്ചിരുന്നു. പ്ലാശനാൽ മഠത്തിൽ മദറായും കരൂർ, വേഴങ്ങാനം മഠങ്ങളിൽ അസിസ്റ്റന്റ് മദറായും സേവനം ചെയ്തിട്ടുണ്ട്. ഉറക്കത്തിലും ഉണർവ്വിലും ഈശോനാമവും ദൈവസ്തുതികളും മാത്രമായിരുന്നു സിറിയക്കമ്മയുടെ അധരത്തിലും ഹൃദയത്തിലുമുണ്ടായിരുന്നത്. സ്നേഹിക്കാൻ മാത്രമേ സിറിയക്കമ്മയ്ക്ക് അറിയാമായിരുന്നുള്ളു. 'ശാന്തത' എന്ന പുണ്യം അനിതരസാധാരണമായ വിധത്തിൽ സിറിയക്കമ്മ അഭ്യസിച്ചിരുന്നു. സംതൃപ്തമായ സന്യാസസമർപ്പണജീവിതത്തിനുടമയായിരുന്ന സിറിയക്കമ്മയിൽ പ്രസന്നതയും സന്തോഷവും സമാധാനവും എപ്പോഴും കളിയാടിയിരുന്നു.

ദൈവത്തോടുള്ള നന്ദിപറയലായിരുന്നു അമ്മയ്ക്ക് പ്രാർത്ഥന. വചനവായന, വചനപഠനം, സമൂഹത്തോടുള്ള ബന്ധവും പ്രതിബദ്ധതയും, സമൂഹാംഗങ്ങളോടുള്ള കരുതലും സ്നേഹവും, അധികാരവിധേയത്വം, നിഷ്കളങ്കത, ദൈവാശ്രയബോധം, ദൈവഹിതം നിറവേറ്റുന്നതിനുള്ള പ്രാർത്ഥന ഇവയെല്ലാം സിറിയക്കമ്മയിൽ തെളിവായി കാണുന്ന പുണ്യങ്ങളായിരുന്നു. ഒന്നും തനിക്കായി കരുതിവയ്ക്കാതെ പാവങ്ങൾക്കായി മാറ്റിവയ്ക്കുന്ന ഹൃദയവിശാലതയും ഔദാര്യവും അനുകരണാർഹം തന്നെ. കുടുംബാംഗങ്ങൾക്കും ഇടവകജനത്തിനും സമൂഹത്തിനും തിരുസഭയുടെ വിവിധ നിയോഗങ്ങൾക്കായും നിരന്തരം ദൈവസന്നിധിയിൽ വിരിച്ച കരങ്ങളോടെ നിലകൊണ്ട സിറിയക്കമ്മ, തന്റെ ത്യാഗങ്ങളും സഹനങ്ങളും സന്തോഷത്തോടെ ഏറ്റെടുത്ത് ഒരു ദഹനബലിയായി ജീവിതത്തെ ആത്മനാഥന് സമർപ്പിച്ചുകൊണ്ടിരുന്നു. ജീവിതവിളക്കിൽ എണ്ണ നിറച്ച് കാത്തിരുന്ന വിവേകവതിയായ കന്യകയായിരുന്നു സിസ്റ്റർ. മരണത്തിന് രണ്ടാഴ്ച മുമ്പ് രോഗത്തിന്റെ അവശതകൾ വർദ്ധിച്ച് കാർമ്മൽ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കപ്പെട്ട് ബഹു. അലക്സാണ്ടർ ഓലിക്കൽ അച്ചനിൽനിന്നും രോഗീലേപനം സ്വീകരിച്ച് ആത്മനാഥന്റെ വിളിക്കായി കാതോർത്തുകിടന്ന സിറിയക്കമ്മ ജൂലൈ 05 ആദ്യവെള്ളിയാഴ്ച രാവിലെ 2.30 ന് നിത്യഭാഗ്യത്തിലേക്ക് വിളിക്കപ്പെട്ടു. പിറ്റേദിവസം 2 മണിക്ക് മഠംചാപ്പലിൽ സംസ്കാരശുശ്രൂഷകൾ ദിവ്യബലിയോടെ ആരംഭിച്ചു. മഠംവക സിമിത്തേരിയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു.



## റവ. സി. എയ്മാർഡ് കല്ലുപുരയ്ക്കകത്ത്

പാലാ രൂപതയിൽ ദൈവവിളികളാൽ സമ്പന്നമായ കല്ലുപുരയ്ക്കകത്ത് ശ്രീ. ഉലഹന്നാൻ-ഏലി ദമ്പതികളുടെ അഞ്ചു മക്കളിൽ ഇളയവളായ എയ്മാർഡമ്മ 19-06-1928 ൽ ജനിച്ചു. 25-06-1928 ൽ മാമ്മോദീസാ സ്വീകരിച്ച് ഏലി എന്ന നാമം നൽകി. 1947 ജൂലൈ 17 ന് വാകക്കാട് സെന്റ് പോൾസ് സ്ക്കൂളിൽ അധ്യാപന ശുശ്രൂഷയിൽ ആയിരിക്കെ 30-06-1950 വാകക്കാട് ലിറ്റിൽ ഫ്ളവർ എഫ്.സി കോൺവെന്റിൽ അർത്ഥിനിയായി ചേർന്നു. അമ്മയുടെ ആദ്യവ്രതവാഗ്ദാനം 03-06-1953 ലും, നിത്യവ്രതവാഗ്ദാനം 28-05 -1956 ലും ആയിരുന്നു.

35 വർഷത്തെ തന്റെ അധ്യാപന പ്രേഷിതവൃത്തിയിൽ ഏറിയനാളും വാകകാട് സെന്റ് പോൾസ് എൽ. പി സ്ക്കൂളിൽ ആയിരുന്നു. കൂടാതെ അമ്മയുടെ അധ്യാപക പ്രേഷിത ദൗത്യം വലിയകുമാരമംഗലം, കോതനല്ലൂർ, കണ്ണാടിയുറുമ്പ് എന്നീ സ്ക്കൂളുകളിലും നിർവഹിച്ചു. ഇക്കാലയളവിൽ തന്നെ മൂന്നിലവ്, രത്നഗിരി, തിടനാട്, ചെമ്മലമറ്റം എന്നീ ഭവനങ്ങളിൽ സുപ്പീരിയറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ചെറിയകാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്ത് ഈശോയ്ക്ക് സമർപ്പിക്കുക എന്ന് Personal Dairy യിൽ കുറിച്ചുവച്ചിരുന്ന Motto അനുസരിച്ച് അമ്മ തന്റെ ജീവിതത്തെ ക്രമീകരിച്ചിരുന്നു. തന്റെ വിശ്രമനാളുകളിൽ ഭവനത്തിലെ പ്രായമായ അമ്മമാരെ ചേർത്ത് ചാപ്പലിൽ പകൽ സമയം മുഴുവൻ തന്നെ ആരാധനയിലും, കുരിശിന്റെ വഴി, കൊന്ത മറ്റ് ഭക്തകൃത്യങ്ങൾ മുതലായവ നടത്തി പ്രാർത്ഥിക്കുന്നതിൽ വലിയ ഉത്സാഹം അമ്മ കാണിച്ചിരുന്നു. കൂടാതെ കപ്പേളയിൽ എത്താൻ സാധിക്കാത്ത അമ്മമാരുടെ അടുക്കൽ പോയി പ്രാർത്ഥിച്ചും വി.ഗ്രന്ഥം മറ്റ് നല്ല പുസ്തകങ്ങൾ എന്നിവ വായിച്ചും അവരെ ആത്മീയതയിൽ ഉണർവുള്ളവരാക്കാൻ എയ്മാർഡമ്മ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു.

11- 02- 2016 ൽ ഉണ്ടായ ഒരുവീഴ്ചയെ തുടർന്ന് അമ്മയ്ക്ക് നടക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. 21-03-2016 ൽ കാലിനു ചെയ്ത ഓപ്പറേഷനെ തുടർന്ന് ശയ്യാവലംബയായി. ക്രൂശിതനോടുള്ള തന്റെ സ്നേഹം പ്രകടമാക്കുന്ന രീതിയിൽ രോഗത്തിന്റെ ബുദ്ധിമുട്ടുകൾ ഒരു പരാതിയോ, അസ്വസ്ഥതയോ കാണിക്കാതെ സ്വീകരിച്ച് രോഗി ശുശ്രൂഷകരോട് ഏറെ നന്ദിയും സ്നേഹവും പ്രകടിപ്പിച്ചിരുന്നു തീർത്തും വയ്യാത്ത അവസ്ഥയിൽ കൂടുതൽ നേഴ്സിംഗ് പരിചരണം ലഭിക്കുന്നതിനായി തിടനാട് കോൾബെ ഹോസ്പിറ്റലിലേയ്ക്ക് മാറ്റി. 8-7 2019 ൽ അമ്മ തീർത്തും അവശയായി കാണപ്പട്ടു. ബഹു. പ്രൊവിൻഷ്യലമ്മയും ടീമംഗങ്ങളും, സഹോദരിമാരും പ്രാർത്ഥനാപൂർവ്വം നോക്കിനിൽക്കെ അമ്മ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

10-07-2019 9 A M ന് ബഹു. ഫാ. മാർട്ടിൻ OFM (cap) ന്റെ കാർമ്മികത്വത്തിൽ മഠം ചാപ്പലിൽ വി. ബലി അർപ്പിച്ചു. ദിവ്യബലി മദ്ധ്യേ അമ്മയെ അനു

സ്മരിച്ച് ബഹു. ഫാ.ജെയിംസ് കുടിലിൽ സംസാരിച്ചു. പാലാരൂപത വികാരി ജനറാൾ മോൺസിഞ്ഞോർ ഡോ. ജോസഫ് മലേപ്പറമ്പിൽ പള്ളിയിലെ ശുശ്രൂഷകൾക്ക് പ്രധാനകാർമ്മികത്വവും അനുസ്മരണ പ്രസംഗവും നടത്തി. ഏകദേശം 11-30 A M ന് ബഹു. എയ്മാർഡമ്മയുടെ മൃതദേഹം വാകക്കാട് സെന്റ് പോൾസ് പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു. സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും പരിമളം പരത്തിയ അമ്മയെ കാരുണ്യവാനായ ദൈവം നിത്യകിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. തെരേസ് മൂലയിൽ എഫ്.സി.സി

പാലാ രൂപതയിൽ തീക്കോയി ഇടവക മൂലയിൽ കുടുംബത്തിൽ ആൻണി -മറിയം ദമ്പതികളുടെ 10 മക്കളിൽ ആറാമത്തെ സന്താനമായി 1934 ഒക്ടോ. 30-ാം തീയതി ഭൂജാതയായി. ജ്ഞാനസ്നാനത്തിൽ ത്രേസ്യാ എന്നപേര് നൽകി.1956-ൽ തീക്കോയി സെന്റ് മേരീസ് ഹൈസ്ക്കൂളിൽനിന്നും എസ്. എസ്. എൽ.സി. പാസായ ശേഷം 1956 ൽ ളാലം മഠത്തിൽ അർത്ഥിനിയായിച്ചേർന്നു. തുടർന്ന് ചെമ്മലമറ്റത്ത് പോസ്റ്റുലൻസിയും കണ്ണാടിയുറുമ്പിൽ നൊവിഷ്യേറ്റും പൂർത്തിയാക്കി 1957 ഏപ്രിൽ 8-ാം തീയതി സഭാവസ്ത്ര സ്വീകരണവും 1958 ഏപ്രിൽ 10-ാം തീയതി ആദ്യവ്രതവാഗ്ദാനവും മെയ് 29-ാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തി.

1964 മാർച്ചിൽ ഏറ്റുമാനൂർ ബി.റ്റി എസിൽനിന്ന് റ്റി.റ്റി.സി. പാസായ സി. തെരേസ് ളാലം, ഭരണങ്ങാനം, അരുവിത്തുറ എന്നീ സ്കൂളുകളിൽ 26 വർഷം അദ്ധ്യാപികയായി സേവനം ചെയ്തു. 31-03-1990ൽ ളാലം സെന്റ് മേരീസ് എൽ. പി.സ്കൂളിൽനിന്ന് വിരമിച്ച ശേഷം ളാലം, സ്ലീവാപുരം, സെന്റ് സേവ്യേഴ്സ്, അൽഫോൻസാ കോൺവന്റ് എന്നിവിടങ്ങളിൽ ഫാം സൂപ്പർവൈസർ, പാർലർ സിസ്റ്റർ എന്നീ നിലകളിൽ ശുശ്രൂഷചെയ്തു. "ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിക്കുക, സാധുക്കളെ കൂടുതൽ സ്നേഹിക്കുക, അവർക്ക് സേവനം ചെയ്യുക" എന്നതായിരുന്നു അമ്മയുടെ ആദർശവാക്യം. സ്വന്തം കുടുംബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ അമ്മ അത്യുത്സാഹിയായിരുന്നു. ഏത് ജോലി ഏൽപിച്ചാലും നോ പറയാതെ അത് ഏറ്റെടുക്കുകയും തന്റെ കഴിവിന്റെ പരമാവധി വിനിയോഗിച്ച് ഏറ്റവും നന്നായി ചെയ്ത് തീർക്കുകയും ചെയ്തിരുന്നു. അദ്ധ്വാനശീലയായ തെരേസാമ്മയുടെ ജീവിതത്തിൽ ആഢംബരങ്ങളൊന്നുമില്ലായിരുന്നു.

2015ൽ കഴുത്തിനുവേദന അസഹ്യമായപ്പോൾ നടത്തിയ പരിശോധനയിൽ രോഗം ക്യാൻസർ ആണെന്ന് മനസ്സിലാക്കുകയും തുടർചികിത്സകൾ നടത്തുകയും ചെയ്തു. തന്റെ രോഗാവസ്ഥയെക്കുറിച്ച് തികഞ്ഞ അവബോധമുണ്ടായിരുന്ന തെരേസാമ്മ കഴിഞ്ഞ നാല് വർഷങ്ങൾ തീവ്രമായി ഒരുങ്ങുകയായിരുന്നു. എത്രവേദനയുണ്ടായാലും ആരോടും പറയില്ലായിരുന്നു. സാധിക്കുമ്പോ

ഴൊക്കെ കുരിശിന്റെ വഴി നടത്തി ഈശോയുടെ പീഡാസഹനത്തോടുചേർത്ത് സന്തോഷത്തോടെ തന്റെ വേദനകൾ സ്വീകരിച്ചു. മരണത്തിന് 5 ദിവസം മുമ്പ് വരെ സമൂഹക്രമങ്ങളിൽ കൃത്യമായി പങ്കെടുത്തു. ഏതുചെറിയ സഹായം ചെയ്തുകൊടുത്താലും നന്ദി പറയുന്ന നല്ല രീതി അമ്മയുടെ പ്രത്യേകതയായിരുന്നു.

2019 ജൂൺ 25-ാം തീയതി ചൊവ്വാഴ്ച ക്ഷീണവും ശ്വാസതടസ്സവും അനുഭവപ്പെട്ടതിനെതുടർന്ന് മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. സ്വസഹോദരൻ ഫാ. തോമസ് മൂലയിൽ രോഗീലേപനം നൽകി. നാല് ദിവസങ്ങൾക്കുശേഷം എല്ലാവരും പ്രാർത്ഥനാനിരതരായി കാത്തിരിക്കെ 2019 ജൂൺ 29-ാം തീയതി രാവിലെ 9 മണിക്ക് തെരേസാമ്മയുടെ ആത്മാവ് ശാന്തമായി ആത്മനാഥന്റെ സന്നിധിയിലേയ്ക്ക് പറന്നുയർന്നു.

പിറ്റേന്ന് 2019 ജൂൺ 30 -ാം തീയതി 1.30ന് ളാലം മഠം ചാപ്പലിൽ സ്വസഹോദരൻ ഫാ. തോമസ് മൂലയിൽകാർമ്മികത്വം വഹിച്ച ദിവ്യബലിയിൽ റവ. ഫാ. സെബാസ്റ്റ്യൻ മാപ്രക്കരോട്ട് അനുശോചന സന്ദേശം നൽകി. ദിവ്യബലിക്കുശേഷം മൃതസംസ്ക്കാര ശുശ്രൂഷകൾ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ മോൺ. ഡോ. ജോസഫ് മലേപ്പറമ്പിൽ സംസ്ക്കാരശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിക്കുകയും അനുശോചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് ളാലം പള്ളിസെമിത്തേരിയിൽ അമ്മയുടെ മൃതദേഹം സംസ്ക്കരിച്ചു.

കാരുണ്യവാനായ കർത്താവ് തന്റെ വിശ്വസ്തദാസിയെ മഹത്വത്തിന്റെ കിരീടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## JULY 2019

| | | |
|---|---|---|
| 1 | 2.00 pm | ഭരണങ്ങാനത്ത് വച്ച് നടന്ന ഡി.എസ്.റ്റി. കോൺഗ്രിഗേഷന്റെ ജൂബിലി കുർബാനയിലും തുടർന്നുനടന്ന മീറ്റിംഗിലും സംബന്ധിച്ചു. |
| 2 | 10-12 | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | അരമനയിൽ Woodind മീറ്റിംഗിൽ സംബന്ധിച്ചു. |
| | 3.30 pm | സെന്റ് തോമസ് പ്രസ്സിൽ വെഞ്ചിരിപ്പ് നടത്തി. |
| | 4.30 pm | കത്തീഡ്രലിൽ ഹോം പാലാ പ്രോജക്ടിനോടനുബന്ധിച്ച് പണികഴിപ്പിച്ച ഭവനം വെഞ്ചിരിച്ചു. |
| | 5.00 pm | കത്തീഡ്രലിൽ പുതുതായി നിർമ്മിച്ച സ്മാർട്ട് ക്ലാസ് റൂം വെഞ്ചരിച്ചു. |
| 3 | 10.00 am | ദുക്റാന തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ചു. |
| 4 | 02.30 pm | ചേർപ്പുങ്കൽ ആശുപത്രിയിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് വെഞ്ചിരിക്കുകയും പി.ഡി. എം.ഇ.റ്റി മീറ്റിംഗിൽ നേതൃത്വം നൽകി. |
| 5 | 08.00 am | അരമനയിൽ ജീസസ് യൂത്ത് അംഗമായ സാന്ദ്ര അൽഫോൻസാ എന്ന കുട്ടി പുറത്തിറക്കിയ സി.ഡി. യുടെ പ്രകാശനകർമ്മം നിർവ്വഹിച്ചു. |
| | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | കാക്കനാട് പെർമനന്റ് സിനഡിൽ സംബന്ധിച്ചു. |
| 6 | 11.30 am | രാമപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 1.00 pm | മുത്തോലി സി.എം.സി കോൺവെന്റിൽ സി. സിറിയക് ഇരുപ്പക്കാട്ട് മറ്റപ്പള്ളിലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 3.45 pm | കത്തീഡ്രലിൽ വച്ച് നടന്ന ശവസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. |
| | 05.30 pm | മുളക്കുളം ഇടവകയിൽ എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ ഹോം പാലാ പ്രോജക്ടുമായി ബന്ധപ്പെട്ട് പണികഴിപ്പിച്ച ഭവനം വെഞ്ചിരിച്ചു. |
| 7 | 4.00 pm | കീഴൂർ ഇടവകയിൽ പുതുതായി പണികഴിപ്പിച്ച ഗ്രോട്ടോയും ആനവാതിലും വെഞ്ചിരിക്കുകയും തുടർന്ന് വി. കുർബാനയർപ്പിക്കുകയും ഇടവകദിന മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു. |
| 8 | 10.45 am | അരമനയിൽ വച്ചു നടന്ന ഡി.സി.എം.എസ്.മീറ്റിംഗിൽ സംബന്ധിച്ചു. |
| | 12.30 pm | മേലുകാവ് സി.എസ്.ഐ. മഹാഇടവകയിൽ വച്ചു നടന്ന ബിഷപ്പ് ഫ്രാൻസിസിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു. |
| | 4.30 pm | ചേർപ്പുങ്കൽ ആശുപത്രിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 5.00 pm | നെല്ലിയാനി എസ്.എ.ബി.എസ്. കോൺവെന്റിൽ വച്ച് സി. അനിറ്റാ വെള്ളമുണ്ടയിലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 9 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.00 pm | ഇടമറുക് നരിയങ്ങാനം ഇടവകകളിൽ ഹോം പാലാ പ്രോജക്ടിനോടനുബന്ധിച്ച് സന്ദർശനം നടത്തി. |
| | 4.30 pm | വാകക്കാട് എഫ്.സി.സി. കോൺവെന്റിൽ എയ്മാർഡ് സിസ്റ്ററിന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 10 | 10.00 am | മരങ്ങാട്ടുപള്ളിയിൽ പൊന്നംവരിക്കയിൽ ഭവനത്തിൽ ജോർജ് ഫ്രാൻസീസ് സാറിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 11 | 11.30 am | കണ്ണാടിയുറുമ്പിൽ പുഞ്ചക്കുന്നേൽ ഏലിക്കുട്ടിയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 12.15 pm | ചീങ്കല്ലേൽ എസ്.എ.ബി.എസ്. കോൺവെന്റിൽ സിസ്റ്റർ ബേസിൽ നടുത്തുണ്ടത്തിലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 13 | 10-15 am | മുത്തോലപുരം ഇടവകയിൽ ലൈബ്രറിയും സ്മാർട്ട് ക്ലാസ് റൂമും വെഞ്ചിരിക്കുകയും എസ്.എ.ബി.എസ്. കോൺവെന്റിന്റെ ശതാബ്ദിയോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും ചെയ്തു. |
| | 02.30 pm | ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ദീപികയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 09.00 am | നെടിയശാലയിൽ മുഞ്ഞനാട്ട് കുരിയച്ചന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.30 pm | വാക്കാട് ഇടവകയിൽ സന്ദർശനം നടത്തി. |
| 14 | 08.00 am | വാക്കാട് ഇടവകയിൽ ഇടവകസന്ദർശനം നടത്തി. |
| | 03.00 pm | കുറവിലങ്ങാട് വച്ചു നടന്ന എ.കെ.സി.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.30 pm | അരുണാപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 15 | 10.30 am | അരമനയിൽ ഐ.ഡി.സി.എച്ച്. ആർ. ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | അരമനയിൽ വച്ചു നടന്ന ഇൻഫാം പി.എസ്.ഡബ്ല്യു. എസ്. സംയുക്ത മീറ്റിംഗിൽ സംബന്ധിച്ചു. |
| | 09.15 pm | അന്ത്യാളം ഇടവകയിൽ കദളിക്കാട്ടിൽ കുടുംബത്തിൽ കെ.എം. ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 16 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | അരമനയിൽ വച്ചു നടന്ന എപ്പാർക്കിയൽ കൺസൾട്ടേഴ്സ് ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 17 | 9.50 am | അരമനയിൽ വച്ചു നടന്ന ജൂണിയർ വൈദികരുടെ സമ്മേളനത്തിൽ സംബന്ധിച്ചു. |
| 18 | 05.15 pm | കയ്യൂർ ഇടവകയിൽ പുതുതായി പണികഴിപ്പിച്ച സിമിത്തേരി ചാപ്പലിന്റെ വെഞ്ചിരിപ്പു കർമ്മം നിർവ്വഹിച്ചു. |
| 19 | 10.45 am | ഭരണങ്ങാനം തീർത്ഥാടന ദൈവാലയത്തിൽ അൽഫോൻസാമ്മയുടെ തിരുനാളിന് കൊടിയേറ്റി. |
| | 03.00 pm | കാക്കനാട് നടന്ന പെർമനന്റ് സിനഡിൽ സംബന്ധിച്ചു. |
| 20 | 10.00 am | കിഴതടിയൂർ ഇടവകയിൽ വച്ചു സാന്ത്വന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച് സെമിനാർ ഉദ്ഘാടനം ചെയ്തു. |
| | 11.00 am | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി സന്ദർശിച്ചു. |
| | 05.00 pm | മേവട ഇടവകയിൽ സന്ദർശനം നടത്തി. |
| 21 | 08.00 am | മേവട ഇടവകയിൽ ഇടവകസന്ദർശനം നടത്തി. |
| 23 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 06.00 pm | ചേർപ്പുങ്കൽ ആശുപത്രിയിൽ മീറ്റിംഗിൽ നേതൃത്വം നല്കി. |
| 24 | 06.30 pm | കരൂർ ഇടവകയിൽ കൂട്ടപ്ലാക്കൽ റീത്താമ്മയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 25 | 10.30 am | മൂലമറ്റം ഇടവകയിൽ നിര്യാതനായ പുതുപ്പള്ളിൽ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | കളത്തൂക്കടവ് ഡി.എസ്.ടി. കോൺവെന്റിൽ ഒഴാക്കൽ കുട്ടിയമ്മ ടീച്ചറിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 07.00 pm | ളാലം ഡിഗ്രി ഹൗസിൽ ബ്രദേഴ്സിനെ സന്ദർശിച്ചു. |
| 26 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 27 | 11.00 am | കളത്തൂക്കടവ് ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |

| | | |
|---|---|---|
| | 03.00 pm | ചേർപ്പുങ്കൽ ആശുപത്രിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 10.00 am | ഭരണങ്ങാനത്ത് അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് റാസ കുർബാനയർപ്പിച്ചു. |
| 29 | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 30 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 31 | 03.00 pm | അരമനയിൽ വച്ചു നടന്ന എ.ഡി.സി.പി. മീറ്റിംഗിൽ സംബന്ധിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## JULY 2019

| | | |
|---|---|---|
| 1 | 10.00 am | എറണാകുളത്തു വച്ചു നടന്ന ഡി.സി.എം.എസ്. മീറ്റിംഗിൽ സംബന്ധിച്ചു. |
| 2 | 06.15 am | പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വി. കുർബാനയർപ്പിച്ചു. |
| | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.30 pm | സെന്റ് തോമസ് പ്രസിൽ വെഞ്ചിരിപ്പ് കർമ്മത്തിൽ സംബന്ധിച്ചു. |
| 3 | 06.15 am | DST പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു. |
| 4 | 10.30 am | ളാലം പുത്തൻപള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | ഇടമറ്റത്ത് മണക്കുന്നത്ത് ഏലിയാമ്മയുടെ സംസ്കാരശുശ്രൂഷയക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | ചേർപ്പുങ്കൽ ആശുപത്രിയിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് വെഞ്ചിരിക്കുകയും പി.ഡി.എം.ഇ.റ്റി. മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു. |
| 5 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | മൂന്നിലവ് സ്കൂളിൽ മെറിറ്റ് ഡേയിൽ പങ്കെടുത്തു. |
| 6 | 02.30 pm | മുത്തോലപുരത്ത് എസ്.എ.ബി.എസ്. കോൺവെന്റിന്റെ ശത്ബാദിയോടനുബന്ധിച്ച് വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 05.30 pm | മുട്ടുചിറ ആശുപത്രിയിൽ ഒരു ലാബ് വെഞ്ചരിച്ചു. |

| | | |
|---|---|---|
| 07 | 02.30 pm | നരിയങ്ങാനത്ത് ശവസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 08 | 11.00 am | പൊടിമറ്റത്ത് വച്ച് നടന്ന മീറ്റിംഗിൽ സംബന്ധിച്ചു. |
| 9 | 08.15 am | നെല്ലിയാനി എസ്.എ.ബി.എസ്. മഠത്തിൽ സി. അനിറ്റയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.30 pm | മൂന്നാനി സി.എം.സി. മഠത്തിൽ സി. സെലസ്റ്റയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | അരമനയിൽ വച്ചു നടന്ന ട്രാഡാ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | വാകക്കാട് എഫ്.സി.സി. മഠത്തിൽ സി. എയ്മാർഡിന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 07.00 pm | മരങ്ങാട്ടുപിള്ളി പൊന്നംവരിക്കയിൽ കുടുംബത്തിൽ ജോർജ് സാറിന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 10 | 12.00 pm | കത്തീഡ്രലിൽ അംഗമായ ആലീസ് മൂഴയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | രൂപതയുടെ സി വ്യൂ എസ്റ്റേറ്റ് സന്ദർശിച്ചു. |
| | 05.30 pm | മൂന്നാനി സി.എം.സി. മഠത്തിൽ സി. ജെമ്മയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 06.15 pm | ചീങ്കല്ലേൽ എസ്.എ.ബി.എസ്. മഠത്തിൽ സി. ബേസിൽ നടുത്തുണ്ടത്തിലിന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 12 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | ചേർപ്പുങ്കലിൽ വച്ച് നടന്ന കെ.സി.എസ്.എൽ. മീറ്റിംഗിൽ സംബന്ധിച്ചു. |
| 13 | 11.00 am | കിഴതടിയൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | കടുത്തുരുത്തി ഇടവകയിൽ ഇടവക സന്ദർശനം നടത്തി. |

| | | |
|---|---|---|
| 14 | | കടുത്തുരുത്തി ഇടവകയിൽ ഇടവക സന്ദർശനം നടത്തി. |
| 15 | 10.00 am | ഇടപ്പാടിയിൽ കരിയർ ഡ്രീംസ് കോളേജ് വെഞ്ചിരിച്ചു. |
| | 02.00 pm | തീക്കോയി ഇടവകയിൽ പുത്തൻപുരയിൽ ഭവനത്തിൽ അന്നക്കുട്ടിയുടെ സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | അരമനയിൽ വച്ച് നടന്ന ഇൻഫാം പി.എസ്.ഡബ്ല്യു.എസ്. മീറ്റിംഗിൽ സംബന്ധിച്ചു. |
| 16 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | അരമനയിൽ വച്ചു നടന്ന എപ്പാർക്കിയൽ കൺസൾട്ടേഴ്സ് ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.30 pm | അന്ത്യാളം ഇടവകയിൽ കദളിക്കാട്ടിൽ കുടുംബത്തിൽ കെ.എം. ജോസഫിന്റെ സംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 17 | 10.00 am | അരമനയിൽ വച്ചു നടന്ന ജൂണിയർ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. |
| 18 | 06.00 am | അരുവിത്തുറ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ചു. |
| | 11.00 am | പാമ്പാടിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.00 pm | കോട്ടയത്തു വച്ചു നടന്ന ഡി.സി.എം.എസ്. മീറ്റിംഗിൽ പങ്കെടുത്തു. |
| 19 | 10.45 am | ഭരണങ്ങാനം അൽഫോൻസ തിരുനാൾ കൊടിയേറ്റിൽ സംബന്ധിച്ചു. |
| | 11.00 am | ഭരണങ്ങാനം തീർത്ഥാടന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| 20 | 08.00 am | കൂത്താട്ടുകുളം എസ്.എ.ബി.എസ്. മഠത്തിലെ അംഗമായ സി. ജെസിന്തായുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 09.30 am | പാലാ സെന്റ് തോമസ് കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 21 | 02.30 pm | ചെത്തിമറ്റത്ത് കൗൺസലിംഗ് സെന്ററിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.00 pm | ഒ.സി.ഡി. ആശ്രമത്തിൽ വി. കുർബാനയർപ്പിച്ചു. |
| 22-27 | | ആദിലാബാദ് മിഷൻ സന്ദർശിച്ചു. |
| 28 | 03.00 pm | പുതുവേലി എസ്.എ.ബി.എസ്. കോൺവെന്റിൽ ജൂബിലി കുർബാനയർപ്പിച്ചു. |
| 29 | 03.00 pm | കുടയത്തൂർ ഇടവകയിൽ ഒരു ഭവനം വെഞ്ചിരിച്ചു. |
| 30 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | | അരമനയിൽ വച്ച് ഡി.സി.എം.എസ്. മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.30 pm | ഉദയഗിരി ഇടവകയിൽ അരഞ്ഞാണി പുത്തൻപുര ടി. എ. തോമസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 31 | 03.00 pm | അരമനയിൽ വച്ച് നടന്ന എ.ഡി.സി.പി. മീറ്റിംഗിൽ സംബന്ധിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

### AUGUST 2019

| | | | |
|---|---|---|---|
| 1 | Thu | 10.00 am | Choondachery : Meeting |
| | | 02.30 pm | Bishop's House : Meeting |
| 2 | Fri | 10-12 noon | Visiting Time |
| | | 04.00 pm | Bishop's House : Meeting |
| | | | Cherpunkal : Meeting |
| 3 | Sat | 9.15 am | Cathedral : Ordination |
| 4 | Sun | 09.00 am | Chakkikavu : Blessing |
| | | 11.00 am | Aruvithura : Blessing |
| | | 5.30 pm | Moonnilavu : Meeting |
| 5 | Mon | 10.00 am | Cathedral : Pastoral Council and Presbyteral Council |
| 5-9 | | | KCBC Retreat |
| 10 | Sat | 09.15 am | Varianikkadu : Ordination |
| 11 | Sun | 07.00 am | Mundupalam : Qurbana |
| | | 12.15 pm | Pravithanam : Blessing |
| | | 05.15 pm | Mannarappara : Foundation stone |
| 12 | Mon | | Engaged |
| 13 | Tue | 10-12 noon | Visiting Time |
| | | 02.30 pm | Cherpunkal : Blessing |
| | | 04.00 pm | Industrial estate : Meeting |
| 14 | Wed | 10.00 am | Lourdes Mount : Blessing |

| | | | |
|---|---|---|---|
| 15 | Thu | 11.30 am | Cathedral : Blessing |
| | | 02.30 pm | Vadavathoor : Meeting |
| 16 | Fri | 10.00 am | Kuravilangadu : Meeting |
| | | 02.00 pm | Cherpunkal College : Meeting |
| 17 | Sat | 11.15 am | Ullanadu : Qurbana |
| | | 02.30 pm | Civil Service Institute : Foundation Stone |
| | | 03.45 pm | Bishop's House : Meeting |
| | | 06.00 pm | Cherpunkal : Blessing |
| 18 | | | Engaged |
| 19-31 | | | Kakkanad : Synod |
| 25 | | | Cheppukulam : Baptism |
| | | 5.30 pm | Kuravilangadu : Convention inauguration |
| 31 | | 11.00 am | Thuvanisa : Meeting |
| | | 12.00 noon | Ambaranirappel : Jubilee |



# Auxiliary Bishop's Engagements

## Mar Jacob Muricken

### AUGUST 2019

| | | | |
|---|---|---|---|
| 1 | Thu | 02.30 pm | Bishop's House : Meeting |
| 2 | Fri | 06.30 am | Kodumbidy : Qurbana |
| | | 10-12 noon | Visiting Time |
| | | 04.00 pm | Bishop's House : Meeting |
| 3 | Sat | 09.00 am | Vakkadu : Ordination |
| | | 11.00 am | Ambaloor : Betrothal |
| | | 03.00 pm | Cherpunkal : Qurbana |
| 4 | Sun | 06.00 pm | Ramapuram : Meeting |
| 5 | Mon | 10.00 am | Cathedral : Pastoral Council and Presbitral Council |
| 5-9 | | | KCBC Bishop's Retreat |
| 10 | Sat | 11.00 am | Cathedral : Betrothal |
| | | 02.30 pm | Bishop's House : Sisters Meet |
| 11 | Sun | 11.30 am | Bharananganam : Meeting |
| | | 3.30 pm | Kaduthuruthy : Meeting |
| 12 | Mon | 12.00 pm | Ramapuram : Betrothal |
| 13 | Tue | 10-12 noon | Visiting Time |
| | | 4.00 pm | Industrial Estate : Meeting |
| 14 | Wed | 04.00 pm | Mannarapara : Qurbana |
| 15 | Thu | 10.00 am | Neeloor : Betrothal |
| | | 11.00 am | Cathedral : Blessing |

| | | | |
|---|---|---|---|
| | | 12.00 pm | Kaduthuruthy : Betrothal |
| | | 02.15 pm | Pastoral Institute : Meeting |
| | | 04.00 pm | Vayala : Qurbana |
| 16 | Fri | | Engaged |
| 17 | Sat | 11.00 am | Thellakam : Marriage |
| | | 04.00 pm | Cherpunkal |
| | | 06.00 pm | Kurichithanam : Blessing |
| 18 | Sun | 03.00 pm | Alapuzha : Marriage |
| 19-31 | | | Synod |



ജൂണിയർ വൈദികരുടെ സമ്മേളനത്തിൽ അഭിവന്ദ്യ ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട് സംസാരിക്കുന്നു.

## അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവിന്റെ അദിലാബാദ് സന്ദർശനം



SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് കൊടിയേറിയപ്പോൾ



കെ.സി.എസ്.എൽ ആനിമേറ്റേഴ്സ് മീറ്റ് അഭിവന്ദ്യ ബിഷപ് ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു



സാന്ത്വന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് & ഗൈഡൻസ് സംഘടിപ്പിച്ച കുട്ടികളുടെ
പഠനവൈകല്യ സെമിനാർ അഭിവന്ദ്യ ബിഷപ് ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു

Printed at St. Thomas Press, Palai and Published by Fr. John Edettu